# പഞ്ചായത്ത് രാജ്

പുസ്തകം 56 ◆ ലക്കം 8
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
നവംബർ 2016

## കേരളം ചരിത്ര നേട്ടത്തിലേക്ക്

വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിച്ചു



'മാറ്റം സൃഷ്ടിക്കണം'



'എല്ലാവർക്കും പാർപ്പിടം'

## വികസന ചരിത്രമാകാൻ

# നവകേരള മിഷൻ












# 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

# പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

## നമ്മുടെ ലക്ഷ്യം
## മാലിന്യമുക്ത കേരളം



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# പഞ്ചായത്ത് രാജ്

നവംബർ 2016

## ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 വികസന ചരിത്രമാകാൻ നവകേരളമിഷന് തുടക്കം





8 മാറ്റം സൃഷ്ടിക്കണം
പിണറായി വിജയൻ

10 എല്ലാവർക്കും പാർപ്പിടം സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)
ഡോ. കെ.ടി. ജലീൽ

12 ആധുനിക വികസിത കേരളമാണ് ലക്ഷ്യം
വി.കെ രാമചന്ദ്രൻ

14 കേരളം ശുചിത്വത്തിന്റെ നിറവിലേക്ക്





17 കേരളം ചരിത്ര നേട്ടത്തിലേക്ക്

20 പങ്കാളിത്ത പ്രാദേശിക ബജറ്റിംഗ് ബ്രിക്സ് കോൺഫറൻസ്






22 ജലദൗർലഭ്യം; മാറ്റം അനിവാര്യം
വിനു എ.





27 ജൈവ വൈവിധ്യം: വികസനത്തിനും ദാരിദ്ര്യ നിർമ്മാർജനത്തിനും
അജിത്ത് വെണ്ണിയൂർ

29 രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിൻ

35 വക്കം ഗ്രാമ പഞ്ചായത്തിൽ ഇ-പേയ്മെന്റ് സംവിധാനം

36 കേരളപ്പിറവിയുടെ വജ്രജൂബിലി ആഘോഷങ്ങൾ





38 നമുക്ക് ഗ്രാമചന്തയിലേക്ക് മടങ്ങാം
മുരളീധരൻ തഴക്കര





41 കിലയ്ക്ക് യൂണിസെഫ് പുരസ്കാരം



*അന്താരാഷ്ട്ര വ്യാപാരമേളയിലെ പഞ്ചായത്തു വകുപ്പിന്റെ പവലിയൻ മുഖ്യമന്ത്രി പിണറായി വിജയൻ സന്ദർശിക്കുന്നു*

# അന്താരാഷ്ട്ര വ്യാപാരമേളക്ക് തുടക്കമായി

36th India International Trade Fair

Digital India
Power To Empower

iitf 2016

e-Panchayat
digital swaraj

ഭാരത അന്താരാഷ്ട്ര വ്യാപാരമേളയുടെ 36-ാം പതിപ്പിന് ന്യൂദില്ലി പ്രഗതി മൈതാനിയിൽ തുടക്കമായി. ഇക്കഴിഞ്ഞ നവംബർ 14 ന് രാഷ്ട്രപതി പ്രണബ് മുഖർജി മേള ഉദ്ഘാടനം ചെയ്തു. കേരളത്തിന്റെ പവലിയൻ അന്നേദിവസം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു.

'ഡിജിറ്റൽ ഇന്ത്യ' എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് വ്യാപാര മേള ഇപ്രാവശ്യം സംഘടിപ്പിച്ചിട്ടുള്ളത്. പഞ്ചായത്ത് വകുപ്പ് ഇക്കുറിയും മേളയിൽ പങ്കെടുക്കുന്നു. 'ഇ-പഞ്ചായത്ത് - ഡിജിറ്റൽ സ്വരാജ്' എന്ന പ്രമേയത്തെ ആസ്പദമാക്കിയാണ് സ്റ്റാളുകൾ സജ്ജീകരിച്ചിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കമ്മിറ്റി നടത്തിപ്പും മിനിട്സ് റിക്കാർഡിംഗും ഓൺലൈനായി നിർവ്വഹിക്കുന്ന സകർമ്മ സോഫ്റ്റ്‌വെയറിന്റെ പ്രദർശനവും ഗ്രാമപഞ്ചായത്തുകൾ പൊതുജനങ്ങൾക്കു നൽകുന്ന സേവനങ്ങളും ഇൻഫർമേഷൻ കേരളമിഷൻ പൊതുജനസേവനാർത്ഥം തയ്യാറാക്കിയ വിവിധ സോഫ്റ്റ്‌വെയറുകളുടെ പ്രദർശനവും ഒരുക്കിയിട്ടുണ്ട്.

*(പഞ്ചായത്ത് ന്യൂസ് സർവ്വീസ്)*



# പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2016 | പുസ്തകം 56 | ലക്കം 8 | വാർഷിക വരിസംഖ്യ: ₹120

www.lsgkerala.gov.in



**ഉപദേശക സമിതി**

ചെയർമാൻ

**ഡോ. കെ.ടി. ജലീൽ**

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

അംഗങ്ങൾ

**ടി.കെ. ജോസ്,** ഐ.എ.എസ്.

പ്രിൻസിപ്പൽ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ്

**ഡോ. കെ. അമ്പാടി** ഐ.ഐ.എസ്.

ഡയറക്ടർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**കെ. തുളസിഭായ് പത്മനാഭൻ**

പ്രസിഡന്റ്

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**കെ.ആർ. അജയൻ**

സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം

**ജി. ഹരികൃഷ്ണൻ**

പബ്ലിസിറ്റി ഓഫീസർ

പഞ്ചായത്ത് വകുപ്പ്

കൺവീനർ

**പി. ബാല കിരൺ ഐ.എ.എസ്.**

പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

**പി. ബാല കിരൺ ഐ.എ.എസ്.**

email: directorofpanchayat@gmail.com

Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

**ജി. ഹരികൃഷ്ണൻ**

email: prmdp2015@gmail.com

Ph: 0471-2321280

Mob: 9496047036

കവർ ഡിസൈൻ & ലേ ഔട്ട്

mayasanthoshm@gmail.com

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**

എഡിറ്റർ

പഞ്ചായത്ത് രാജ് മാസിക

പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.

തിരുവനന്തപുരം - 695033.


# എഡിറ്റോറിയൽ

## കേരളപിറവിയുടെ അറുപത് വർഷവും നവകേരള സൃഷ്ടിയും

കേരള സംസ്ഥാനം രൂപം കൊണ്ടിട്ട് അറുപത് വർഷം തികയുന്ന ധന്യമുഹൂർത്തമാണ് കഴിഞ്ഞ നവംബർ ഒന്നിന് കടന്നുപോയത്.

ഒരു വർഷം നീണ്ടു നിൽക്കുന്ന അറുപതാം പിറന്നാളാഘോഷത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിയമസഭാ സമുച്ചയത്തിൽ നിർവ്വഹിച്ചു. 1956ലെ ഇന്ത്യൻ സംസ്ഥാന പുനസംഘടനാ നിയമത്തിന്റെ അടിസ്ഥാനത്തിൽ കേരളം രൂപം കൊണ്ടപ്പോൾ സന്തോഷിച്ച മലയാളിയുടെ മനസ്സ് അറുപത് വർഷങ്ങൾക്കിപ്പുറം നമുക്ക് ഊഹിക്കാൻ കഴിയും. ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തെക്കാളും ജാതി മത സമഭാവനയും സാമൂഹിക നീതിബോധവും കൂടുതലാണ് നമ്മുടെ കൊച്ചു കേരളത്തിൽ. കഴിഞ്ഞ 60 വർഷത്തിനിടയിൽ കേരളം കൈവരിച്ച നേട്ടങ്ങൾക്ക് പിന്നിൽ അതിനുമുമ്പുണ്ടായിരുന്ന രാജവാഴ്ച്ചയുടെയും ബ്രിട്ടീഷ് അധിനിവേശ ഭരണത്തിന്റെയും സ്വാധീനം ഓർക്കാതെ വയ്യ. അവയിലെ തെറ്റുകളും അസമത്വങ്ങളും തിരുത്തുന്നതിൽ ജനാധിപത്യ ഭരണകൂടങ്ങൾ വിജയിക്കുകയും ചെയ്തു.

ഭാഷയെയും സംസ്കാരത്തെയും നാനാത്വത്തിലെ ഏകത്വത്തെയും സംരക്ഷിച്ചു കൊണ്ട് ഐക്യകേരളം സൃഷ്ടിച്ചതിന് പിന്നിൽ എത്രയോ പേരുടെ മഹത്തായ ത്യാഗവും അർപ്പണബോധത്തോടു കൂടിയ പ്രവർത്തനങ്ങളും ഉണ്ട്. ആധുനിക കേരളം സൃഷ്ടിക്കപ്പെട്ടതിന് പിന്നിൽ നവോത്ഥാന പ്രസ്ഥാനങ്ങളുടെ പങ്കും വിസ്മരിക്കാൻ കഴിയില്ല. പുതുതായി ആരംഭിച്ച നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങളും അയ്യങ്കാളി, ശ്രീനാരായണഗുരു പ്രസ്ഥാനങ്ങളിലൂടെ കേരളത്തിലെ എല്ലാ സാമൂഹിക വിഭാഗത്തിലും ആഞ്ഞടിച്ച നവോത്ഥാന പ്രകിയയുമാണ് ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിൽ കേരളീയ സമൂഹത്തെ മാറ്റി മറിച്ചത്.

തദ്ദേശസ്വയംഭരണ സംവിധാനത്തിൽ വൻ മുന്നേറ്റമാണ് സംസ്ഥാനരൂപീകരണാനന്തരം ഉണ്ടായത്. ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി മാറിയ സാക്ഷരതയും ജനകീയാസൂത്രണവും ഗ്രാമസഭാ ശാക്തീകരണ പ്രവർത്തനങ്ങളും ലോകത്തിന് തന്നെ പാഠപുസ്തകമായി. വികേന്ദ്രീകൃതാസൂത്രണം വ്യവസ്ഥാപിതമായി. ഇപ്പോഴിതാ കേരളം വെളിയിട വിസർജ്ജനവിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഇന്ന് നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ പൊതുജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്നതിൽ കാര്യമായ പുരോഗതി കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

പക്ഷെ നേട്ടങ്ങളോടൊപ്പം കോട്ടങ്ങളും വിലയിരുത്തേണ്ടതാണ്. ഭക്ഷ്യ വസ്തുക്കളുടെ സ്വയംപര്യാപ്തതയിൽ നാം ഇന്ന് പിറകിലാണ്. കുടിവെള്ളം, ആരോഗ്യം,പാർപ്പിടം, തൊഴിൽ, മാലിന്യസംസ്ക്കരണം, ഉദ്പാദനമേഖല തുടങ്ങിയ രംഗങ്ങളിലെ വെല്ലുവിളികൾ ഏറെയാണ്. അവ സധൈര്യം ഏറ്റെടുത്ത് പരിഹരിക്കുന്നതിനാണ് നവകേരള മിഷന് സർക്കാർ തുടക്കം കുറിച്ചിരിക്കുന്നത്. പൂർണ്ണ ജനപങ്കാളിത്തത്തോടെ മിഷൻ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയുമെന്നുള്ളത് മുൻകാല അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. സർക്കാരും ജനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും ഒരു മനസ്സോടെ ഒത്തൊരുമിച്ച് പ്രവർത്തിച്ച് നവകേരളം എന്ന സ്വപ്നം നമുക്ക് യാഥാർത്ഥ്യമാക്കാം.

**പി. ബാല കിരൺ ഐ.എ.എസ്.**

പഞ്ചായത്ത് ഡയറക്ടർ

# വികസന ചരിത്രമാകാൻ നവകേരളമിഷന്

### ഹരിതകേരളം

മാലിന്യം സംസ്കരിക്കാൻ, കൃഷി വികസിപ്പിക്കാൻ, ജലവിഭവം സംരക്ഷിക്കാൻ ഹരിത കേരളം പദ്ധതി

### ആർദ്രം

മികച്ച ചികിത്സാ സൗകര്യങ്ങൾ മിതമായ നിരക്കിൽ ലഭ്യമാക്കാൻ ജനസൗഹൃദ സർക്കാർ ആശുപത്രികൾ

### ലൈഫ്

ഉയർന്ന ജീവിത സൗകര്യവും ജീവനോപാധിയും ഉറപ്പാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതി

വജ്രജൂബിലി വർഷത്തിൽ കേരളത്തിന്റെ വികസനത്തിന് പുതു അധ്യായമായി നവകേരള മിഷന് തുടക്കമായി. മിഷന്റെ സംസ്ഥാനതല ഉദ്ഘാടനവും സെമിനാറും തിരുവനന്തപുരത്ത് നാലാഞ്ചിറ ഗിരിദീപം കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം ഉദ്ഘാടനം ചെയ്തു. കേരളമാകെയുള്ള തദ്ദേശസ്ഥാപന പ്രതിനിധികളും ഉദ്യോഗസ്ഥ പ്രമുഖരും അണിനിരന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ അധ്യക്ഷത വഹിച്ചു. കേരളത്തിൽ പൂർണ്ണതോതിലുള്ള ആദ്യ മിഷനാണ് നവകേരള മിഷനിലൂടെ നടപ്പാവുന്നത്. ചടങ്ങിൽ തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ സ്വാഗതം പറഞ്ഞു. ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ് നവകേരളമിഷൻ അവതരണം നടത്തി. മന്ത്രിമാരായ ഇ. ചന്ദ്രശേഖരൻ, മാത്യു ടി. തോമസ്, രാമചന്ദ്രൻ കടന്നപ്പള്ളി, ജി. സുധാകരൻ, ഡോ. ടി.എം. തോമസ് ഐസക്, പ്രൊഫ. സി. രവീന്ദ്രനാഥ്, ജെ. മേഴ്സിക്കുട്ടി അമ്മ, കെ.എസ്. സുനിൽകുമാർ, ടി.പി. രാമകൃഷ്ണൻ, എ.സി.മൊയ്തീൻ, കടകംപള്ളി സുരേന്ദ്രൻ, നിയമസഭയിലെ കക്ഷിനേതാക്കളായ ഒ. രാജഗോപാൽ, കോവൂർ കുഞ്ഞുമോൻ, എൻ. വിജയൻപിള്ള, മേയർ വി.കെ. പ്രശാന്ത്, പ്ലാനിംഗ് ബോർഡ്

*നവകേരള മിഷന്റെ സംസ്ഥാനതല ഉദ്ഘാടനവും സെമിനാറും ഗവർണർ ജസ്റ്റിസ് (റിട്ട.) പി. സദാശിവം ഉദ്ഘാടനം ചെയ്യുന്നു*



# തുടക്കം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം

കുട്ടികളുടെ കഴിവുകളെ
അടിസ്ഥാനമാക്കി പഠനരീതി
ഉടച്ചുവാർക്കുന്ന സമഗ്ര വിദ്യാഭ്യാസ
നവീകരണ പദ്ധതി

വൈസ് ചെയർമാൻ ഡോ. വി.കെ. രാമചന്ദ്രൻ, ഹരിതകേരളം മിഷൻ വൈസ് ചെയർപേഴ്സൺ ഡോ. ടി.എൻ. സീമ തുടങ്ങിയവർ സംബന്ധിച്ചു. ഉദ്ഘാടനചടങ്ങിനുശേഷം ഹരിതകേരളം മിഷൻ, ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ മിഷൻ, ആർദ്രം മിഷൻ, സമഗ്ര വിദ്യാഭ്യാസ നവീകരണ മിഷൻ എന്നീ വിഷയങ്ങളിലൂന്നി തദ്ദേശസ്ഥാപന മേധാവികൾക്കായി സെമിനാർ സംഘടിപ്പിച്ചു. പ്രതിനിധികളുടെ സംശയങ്ങൾക്ക് മറുപടി ലഭിക്കാനുള്ള അവസരവും ഒരുക്കിയിരുന്നു.



# നവകേരള മിഷൻ മറ്റ് സംസ്ഥാനങ്ങൾക്ക് വികസന മാതൃക

## -ഗവർണർ

നവകേരളമിഷൻ വികസനകാര്യത്തിൽ മറ്റു സംസ്ഥാനങ്ങൾക്ക് മാതൃകയാണെന്ന് ഗവർണർ പി. സദാശിവം അഭിപ്രായപ്പെട്ടു. നവകേരളമിഷന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ആരോഗ്യ സംരക്ഷണ, വിദ്യാഭ്യാസ, ഭവനനിർമ്മാണ പദ്ധതികളുടെ നേട്ടങ്ങൾ വികസനകാര്യത്തിൽ കേരളത്തിന് ഏറെ അംഗീകാരങ്ങൾ നൽകിയിട്ടുണ്ട്. ദേശീയതലത്തിൽതന്നെ ഇത്തരം കേരളമോഡലുകൾ വികസനമാതൃകകളാണ്. വജ്രജൂബിലി ആഘോഷിക്കുന്ന സന്ദർഭത്തിൽ പുതിയ കേരളം സൃഷ്ടിക്കാൻ വികസനകാര്യങ്ങളിൽ പരമാവധി മേഖലകളിൽ നാഴികക്കല്ലുകൾ സൃഷ്ടിക്കാനാകണം. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിയാലേ വികസനപ്രവർത്തനങ്ങൾ ഉദ്ദേശിച്ച ഫലം ലഭിക്കൂ. വികേന്ദ്രീകൃത ഭരണത്തിൽ ഫലപ്രദമായ ഇടപെടൽ നടത്താനായ കേരളത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ഇക്കാര്യം ഉറപ്പാക്കാനാവും. നവകേരള മിഷനുകൾ ഈ ലക്ഷ്യത്തിലേക്കുള്ള പുതുചുവടുവെയ്പ്പാണ്.

ഹരിതകേരളം പദ്ധതി കൃഷി വ്യാപകമാക്കാനുള്ള മികച്ച ശ്രമമാണ്. രാജ്ഭവനിൽ ഇത്തരത്തിൽ കൃഷിമന്ത്രിയുടെയും ആരോഗ്യമന്ത്രിയുടെയും സഹകരണത്തോടെ പച്ചക്കറിയും ഔഷധച്ചെടികളുടെയും കൃഷി ആരംഭിച്ചിട്ടുണ്ട്. അവിടെ ലഭിക്കുന്ന വിളകൾ ജീവനക്കാർക്കിടയിൽ വിതരണം ചെയ്യുന്നുമുണ്ട്. ഇത്തരത്തിൽ ലഭ്യമായ സ്ഥലങ്ങളിൽ കഴിയുന്ന രീതിയിൽ കൃഷി വ്യാപകമാക്കാൻ ശ്രമിക്കണം. കർഷകർക്ക് കൃഷി ലാഭകരമാകുന്ന അവസ്ഥയുണ്ടാകണം. കാർഷികോത്പ്പന്നങ്ങൾക്ക് കൃത്യമായ വിപണനസൗകര്യവും സംഭരണസൗകര്യവും കൂടിയുണ്ടായാലേ ഇത് സാധ്യമാകൂ. മാലിന്യസംസ്കരണപ്രശ്നപരിഹാരവും നവകേരളമിഷന്റെ ഭാഗമായി ശ്രദ്ധയൂന്നുന്നതിൽ സന്തോഷമുണ്ട്. ശുചിത്വ മിഷന്റെ പ്രവർത്തനം ഇക്കാര്യത്തിൽ മാതൃകാപരമാണ്. രാജ്ഭവനിലും ശുചിത്വമിഷൻ മാതൃക പിൻപറ്റി പ്ലാസ്റ്റിക്, പേപ്പർ കപ്പുകളുടെയും കുപ്പികളുടെയും ഉപയോഗം അവസാനിപ്പിച്ച് സ്റ്റീൽ ഗ്ലാസുകൾ വ്യാപകമാക്കിയിട്ടുണ്ട്. ലൈഫ് ഭവനനിർമ്മാണ പദ്ധതി പണ്ട് 1972ൽ കേരളം തന്നെ സൃഷ്ടിച്ച ലക്ഷം വീട് നിർമ്മാണ പദ്ധതിയുടെ ചരിത്രം തിരുത്തിയെഴുതാൻ സഹായിക്കുന്നതാണ്. സർക്കാർ ആശുപത്രികളിലെ കാര്യക്ഷമതയിൽ വിശ്വാസം കുറയുന്നതാണ് പണമില്ലെങ്കിലും സ്വകാര്യ ആശുപത്രികളെ ആശ്രയിക്കാൻ ജനങ്ങളെ പ്രേരിപ്പിക്കുന്നത്. ആശുപത്രികളിലെ തിരക്കും പ്രശ്നമാണ്. ആർദ്രം ഹെൽത്ത് മിഷൻ ഗുണപരമായ ആരോഗ്യസേവനങ്ങളും മരുന്നുകളുടെ ലഭ്യതയും ഉറപ്പാക്കാനും ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കാനും സഹായിക്കും. ഇതുവഴി ജനവിശ്വാസം വീണ്ടെടുക്കാം. പരമാവധി സർക്കാർ ആശുപത്രികളിലാണ് താൻ ചികിത്സ തേടാറുള്ളതെന്നും മികച്ച ഡോക്ടർമാരുടെ സേവനം അവിടെയാണ് ലഭ്യമാകുന്നതെന്നും അദ്ദേഹം പറഞ്ഞു. വിദ്യാഭ്യാസമേഖലയിലെ അടിസ്ഥാനസൗകര്യവികസനത്തിൽ നാഴികക്കല്ലാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം. പ്രാഥമിക വിദ്യാഭ്യാസ മേഖല നവീകരിക്കാനും ശക്തിപ്പെടുത്താനും പദ്ധതി സഹായിക്കുമെന്നും ഗവർണർ കൂട്ടിച്ചേർത്തു.

*(PNS)*



**പിണറായി വിജയൻ**
മുഖ്യമന്ത്രി

# മാറ്റം

# നവകേരളം സൃഷ്ടി

കേരളം അറുപതിന്റെ നിറവിലാണ്. നല്ലത് ഉൾക്കൊള്ളാനും തെറ്റുകൾ തിരുത്താനും മാറ്റങ്ങൾക്കനുസൃതമായി പുതിയ പാതകൾ സൃഷ്ടിക്കാനും നമ്മെ പ്രാപ്തരാക്കുന്ന പാഠപുസ്തകങ്ങളാണ് കഴിഞ്ഞുപോയ ഘട്ടങ്ങൾ. വികസന പ്രവർത്തനങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നിട്ടും നമ്മുടെ നാട്ടിൽ ഭൂരഹിതരും ഭവനരഹിതരുമായ ലക്ഷങ്ങൾ, അടച്ചുപൂട്ടൽ ഭീഷണി നേരിടുന്ന പൊതുവിദ്യാലയങ്ങൾ, കുതിച്ചുയരുന്ന ചികിത്സാച്ചെലവുകൾ, തരിശാകുന്ന കൃഷിയിടങ്ങൾ, വിഷലിപ്തമായ പച്ചക്കറികൾ, കുമിഞ്ഞുകൂടുന്ന മാലിന്യം, വറ്റിവരളുന്ന ജലസ്രോതസ്സുകൾ എന്നിവയും നാം ചുറ്റും കാണുന്നുണ്ട്. നമ്മൾ ഇതുവരെ അവലംബിച്ചുപോന്ന ചട്ടപ്പടിരീതികൾ പലതും ഫലം കണ്ടില്ല എന്ന് തുറന്ന് സമ്മതിക്കേണ്ട സമയമാണിത്. അടിയന്തിരമായി മാറി ചിന്തിക്കണം, മാറ്റം സൃഷ്ടിക്കണം. മാറ്റത്തിന് നാന്ദി കുറിക്കുവാൻ നൂതനമായ ആശയവും നടപ്പാക്കൽ രീതിയും അവലംബിക്കണം. ഇതിനായി നാല് പുതിയ പദ്ധതികൾ മിഷൻ രൂപത്തിൽ നടപ്പാക്കുകയാണ് സർക്കാർ നവകേരള മിഷൻ എന്ന പേരിൽ. പൊതുജനപങ്കാളിത്തത്തോടും കൂട്ടുത്തരവാദിത്വത്തോടും നടപ്പാക്കുന്ന പദ്ധതികളാണ് ഇതിലുള്ളത്.

> ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് മിഷനുകളെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ചുകൊണ്ടാണ് നവകേരളമിഷന് രൂപം നൽകിയിരിക്കുന്നത്. നവകേരളം കെട്ടിപ്പടുക്കുവാൻ അശ്രാന്തമായ പ്രവൃത്തിയും നിതാന്തജാഗ്രതയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവും. ഈ ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ നിങ്ങൾ ഓരോരുത്തരുടെയും പങ്കാളിത്തവും കൂട്ടായ പ്രവർത്തനങ്ങളും ആവശ്യമാണ്.

ചില്ലറ ധനസഹായം നൽകിയതുകൊണ്ടോ വീട് നൽകിയതുകൊണ്ടോ ഭൂരഹിതരും ഭവനരഹിതരുമായവരുടെ ജീവിതത്തിൽ ക്രിയാത്മകമായ ഒരു മാറ്റവും ഉണ്ടാവില്ലെന്ന തിരിച്ചറിവാ

# സൃഷ്ടിക്കണം
# ക്കാൻ നാല് വികസന മിഷനുകൾ

ണ് പാഠം ഒന്ന്. ഈ ബോധത്തിൽ നിന്നാണ് ലൈഫ് എന്ന മിഷന് രൂപം നൽകുന്നത്. സുരക്ഷിത പാർപ്പിടത്തോടൊപ്പം ജീവനോപാധിമാർഗ്ഗങ്ങളും സാമൂഹിക സുരക്ഷയും അടിസ്ഥാനസേവനങ്ങളും ഒന്നിപ്പിക്കുന്ന സമഗ്രമായ പദ്ധതിയാണ് ലൈഫ്.

കേരളം ഇന്ന് രൂക്ഷമായ വരൾച്ച നേരിടുകയാണ്. കുളം മുതൽ പുഴവരെയുള്ള നമ്മുടെ ജലസ്രോതസ്സുകളെ പുനരുജ്ജീവിപ്പിക്കുകയും സംരക്ഷിക്കുകയും വഴി മാത്രമേ ഇതിന് പരിഹാരം ഉണ്ടാക്കാനാകൂ. മാലിന്യങ്ങൾ നമ്മുടെ വീട്ടുവളപ്പിൽ തന്നെ തരം തിരിക്കണം. ജൈവമാലിന്യങ്ങളെ വളമാക്കി മാറ്റിയാൽ നമുക്ക് പറമ്പുകളിൽ, മട്ടുപ്പാവുകളിൽ ഒക്കെ തന്നെ ജൈവപച്ചക്കറികൾ ഉത്പാദിപ്പിക്കാം. അജൈവമാലിന്യങ്ങളെ വീടുകളിൽ നിന്ന് ശേഖരിച്ച് പുനരുപയോഗിക്കുകയോ പുനരാവർത്തിയിലൂടെ ഉപയോഗിക്കുകയോ സംസ്കരിക്കുകയോ ചെയ്യാം. ഇതെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് ഹരിതകേരളം മിഷൻ.

സർക്കാർ ആശുപത്രികൾ ജനസൗഹൃദമാക്കുകയാണ് ആർദ്രം പദ്ധതി. Care with Dignity അഥവാ അന്തസ്സോടുകൂടിയുള്ള പരിചരണ ലഭ്യതയാണ് ലക്ഷ്യം. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കുക, റഫറൽ സംവിധാനം ശക്തിപ്പെടുത്തുക, വെർച്വൽ ക്യൂ സംവിധാനത്തിലൂടെ തിരക്ക് ഒഴിവാക്കുക, വൈഫൈ സംവിധാനം ഉൾപ്പെടെയുള്ള കാത്തിരിപ്പ് മുറികൾ സജ്ജമാക്കുക, ആധുനികമായ പരിശോധനാ സംവിധാനങ്ങൾ ഉറപ്പാക്കുക, രോഗികളുടെ ആരോഗ്യ റിക്കാർഡുകൾ ഡിജിറ്റലൈസ് ചെയ്യുക തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ഇവിടെ ലക്ഷ്യം വയ്ക്കുന്നു.

മുപ്പത്താറ് ലക്ഷത്തോളം വരുന്ന നമ്മുടെ കുട്ടികളുടെ സമഗ്രമായ വിദ്യാഭ്യാസ പുരോഗതിയാണ് മറ്റൊരു ലക്ഷ്യം. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം. പൊതുവിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക, വിവരസാങ്കേതിക വിദ്യ പരമാവധി ഉപയോഗപ്പെടുത്തുക, എല്ലാത്തിനുമുപരി കുട്ടികളുടെ സമഗ്രമായ വികസനത്തിന് ഉതകുന്ന പഠനലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പഠനനവീകരണ മാർഗ്ഗങ്ങൾ അവലംബിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. വർഷ പരീക്ഷയിൽ കിട്ടുന്ന മാർക്കുകൾ മാത്രം മികവിന്റെ അളവുകോലുകളാക്കുന്നത് മാറണം. സംവേദനക്ഷമത, ആത്മവിശ്വാസം, ഇടപെടാനുള്ള കഴിവുകൾ, അടിയന്തിരസാഹചര്യം നേരിടാനുള്ള മനസാന്നിദ്ധ്യം നിയമസാക്ഷരത, പ്രകൃതിബോധം, ലിംഗാവബോധം തുടങ്ങി പ്രായോഗികവും മൂല്യാധിഷ്ഠിതവുമായ പഠനലക്ഷ്യങ്ങൾ കുട്ടികൾ സ്വായത്തമാക്കണം. ഇതിലൂടെ മൂല്യബോധമുള്ള കാര്യശേഷിയുള്ള ഒരു പുതിയ തലമുറയെ നമുക്ക് വാർത്തെടുക്കാൻ സാധിക്കും.

ലൈഫ്, ആർദ്രം, ഹരിതകേരളം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ നാല് മിഷനുകളെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ചുകൊണ്ടാണ് നവകേരളമിഷന് രൂപം നൽകിയിരിക്കുന്നത്. നവകേരളം കെട്ടിപ്പടുക്കുവാൻ അശ്രാന്തമായ പ്രവൃത്തിയും നിതാന്തജാഗ്രതയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവും. ഈ ശ്രമങ്ങൾ ഫലപ്രാപ്തിയിലെത്തിക്കാൻ നിങ്ങൾ ഓരോരുത്തരുടെയും പങ്കാളിത്തവും കൂട്ടായ പ്രവർത്തനങ്ങളും ആവശ്യമാണ്.



**ഡോ. കെ.ടി. ജലീൽ**
തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

ലൈഫ്

ഉയർന്ന ജീവിത സൗകര്യവും
ജീവനോപാധിയും ഉറപ്പാക്കുന്ന
സമ്പൂർണ്ണ പാർപ്പിട പദ്ധതി

# എല്ലാവർക്കും പാർപ്പിടം-
## സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി (ലൈഫ്)

> വരുന്ന അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുവാനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

ആഹാരം, വസ്ത്രം എന്നിവ കഴിഞ്ഞാൽ മനുഷ്യന് ഏറ്റവും അനിവാര്യമായ അടിസ്ഥാന ഘടകമാണ് പാർപ്പിടം. സമൂഹത്തിലെ ഏറ്റവും ദരിദ്രരായ വിഭാഗത്തിൽപ്പെട്ടവർ നേരിടുന്ന വലിയ ബുദ്ധിമുട്ടുകളിലൊന്ന് സുരക്ഷിതമായ പാർപ്പിടത്തിന്റെ അഭാവമാണ് . പെരുമ്പാവൂരിൽ ജിഷ എന്ന പെൺകുട്ടിക്കുണ്ടായ ദാരുണമായ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ കേരളമൊന്നാകെ ഈ വിഷയം വൈകാരികമായി ചർച്ച ചെയ്തിട്ടുള്ളതുമാണല്ലോ. ഈ സാഹചര്യത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും പാർപ്പിടം എന്ന ലക്ഷ്യം പ്രാവർത്തികമാക്കുന്നതിനായി സമ്പൂർണ പാർപ്പിട സുരക്ഷാപദ്ധതി എന്ന ജനകീയ പദ്ധതിക്ക് ഇടതുപക്ഷ ജനാധിപത്യമുന്നണി രൂപം നൽകിയിരിക്കുകയാണ്.

വരുന്ന അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവഹിക്കുവാനും സാമൂഹിക പ്രക്രിയകളിൽ മാന്യമായി ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ഈ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

2016 ലെ ആസൂത്രണ ബോർഡിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 432 ലക്ഷം കുടുംബങ്ങൾ ഭവനരഹിതരാണ്. ഇതിൽ 1.58 ലക്ഷം കുടുംബങ്ങൾ ഭൂമിയില്ലാത്ത ഭവനരഹിതരാണ്.ആകെ ഭവനരഹിതരിൽ

10.4% (44000) പേർ ഭവനനിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തവരാണ്.

പദ്ധതിയുടെ ഗുണഭോക്താക്കൾ താഴെപ്പറയുന്ന വിഭാഗങ്ങളിൽ നിന്നുള്ളവർ ആയിരിക്കുന്നതാണ്.

1. ഭൂമിയുള്ള ഭവനരഹിതർ
2. ഭവനനിർമ്മാണം പൂർത്തിയാക്കാത്തവർ
3. പുറമ്പോക്കിലോ തീരദേശ മേഖലയിലോ തോട്ടം മേഖലയിലോ താൽക്കാലിക ഭവനമുള്ളവർ
4. ഭൂമിയില്ലാത്ത ഭവനരഹിതർ

(1) (2) വിഭാഗങ്ങളിൽപ്പെട്ടവർക്ക് ഭവനനിർമ്മാണത്തിന് ധനസഹായത്തിനും (3), (4) വിഭാഗത്തിൽപ്പെട്ടവർക്ക് കെട്ടിട സമുച്ചയവും സമഗ്ര ഉപജീവന സുരക്ഷയും നൽകിയാണ് പദ്ധതി ലക്ഷ്യത്തിലെത്തിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്.

## പദ്ധതിയുടെ സവിശേഷത

ഭവനം മനുഷ്യന്റെ അടിസ്ഥാനപരമായ ഒരു അവകാശമായി സർക്കാർ കരുതുന്നു. സമ്പൂർണ പാർപ്പിട സുരക്ഷാ പദ്ധതി, നാളിതുവരെയുള്ള ഭവനപദ്ധതികളിൽ നിന്നും സമീപനത്തിലും നിർവ്വഹണത്തിലും വ്യത്യസ്തമായിരിക്കുന്നതാണ്. പദ്ധതിയുടെ പ്രധാന സവിശേഷതകൾ ചുവടെ ചേർക്കുന്നു.

- സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവർക്കും വിധവകൾക്കും അഗതികൾ ഉൾപ്പെടെയുള്ളവർക്കും ഈ പദ്ധതിയിൽ മുൻഗണന നൽകുന്നതാണ്.
- സ്വന്തമായി വീടും സ്ഥലവുമില്ലാത്തവർക്ക് സ്ഥലം ലഭ്യമാക്കി ഓരോ പ്രദേശങ്ങൾക്കനുയോജ്യമായ ഫ്ളാറ്റ് സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതാണ്.
- പട്ടികവർഗ്ഗ മേഖലകളിൽ അട്ടപ്പാടി മോഡലിൽ വിശ്വാസ്യതയുള്ള ഏജൻസികൾ മുഖാന്തിരം ഗുണഭോക്തൃ പങ്കാളിത്തത്തോടെ ഭവനനിർമ്മാണം നടത്തുന്നതാണ്.
- ഭൂരഹിത ഭവന രഹിത മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന, യൂണിറ്റ് കോസ്റ്റ് 10 ലക്ഷം രൂപയിൽ കവിയാതെ, സ്ഥലം ലഭ്യമാക്കി വീട് നിർമ്മിച്ച് നൽകുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിരിക്കുന്ന പദ്ധതി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതാണ്.
- വിവിധ വകുപ്പുകളിലായി ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വ്യത്യസ്ത ഭവന പദ്ധതികൾ സംയോജിപ്പിച്ച് സമ്പൂർണ പാർപ്പിട സുരക്ഷ പദ്ധതിയിൽ ഏകോപിപ്പിക്കുന്നതാണ്.
- കേന്ദ്ര സർക്കാർ, സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ എന്നിവകളിലൂടെ ഭവനപദ്ധതികൾക്കായി മാറ്റിവച്ചിട്ടുള്ള പണം ലൈഫ് പ്രോജക്റ്റിന്റെ നടത്തിപ്പിലേക്ക് പൂർത്തിയാക്കിയ പണികളുടെ സാക്ഷ്യപ്പെടുത്തലിലൂടെ വിതരണം ചെയ്യുന്നതിന് മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നതാണ്.
- കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളെയും പോളിടെക്നിക്കുകളെയും സമ്പൂർണ പാർപ്പിട പദ്ധതിയിൽ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി നിയമിക്കുന്നതും, ഇവയുടെ ഏകോപനത്തിന് നേതൃത്വം നൽകുന്നതിനായി എൻ. ഐ.ടി. കോഴിക്കോടിനെയും സി.ഇ.റ്റി തിരുവനന്തപുരത്തിനേയും മുഖ്യ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളായി നിയമിക്കുന്നതുമാണ്.
- പണി പൂർത്തിയാക്കാതെ കിടക്കുന്ന ഭവനങ്ങളുടെ സാങ്കേതിക ഓഡിറ്റ് നടത്തുന്നതിനും അവയുടെ പൂർത്തീകരണത്തിനാവശ്യമായ തുകയെത്രയെന്ന് നിർണയിക്കുന്നതിനും ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും Third party Technical Agency കളെ എംപാനൽ ചെയ്യുന്നതും, നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതുമാണ്.
- പണി പൂർത്തിയാകാതെ നിലവിൽ ഭവന നിർമാണ സഹായം ലഭിച്ചിട്ടുള്ളവർക്ക് അർഹമായ സാമ്പത്തിക സഹായം നൽകി പാർപ്പിടങ്ങൾ പൂർത്തീകരിക്കുന്നതിന് പദ്ധതിയുടെ ആദ്യഘട്ടത്തിൽ തന്നെ മുൻഗണന നൽകുന്നതാണ്.
- പൂർത്തിയാക്കാത്ത പാർപ്പിടങ്ങൾ ഉള്ളവർ അതാത് തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളിൽ തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യുന്നതിനും, ഇതുവരെ ലഭിച്ച സഹായങ്ങളുടെയും അവയുടെ വിനിയോഗത്തിന്റെയും വിവരങ്ങളും ഭവനം പൂർത്തീകരിക്കുന്നതിന് ആവശ്യമായ ന്യായമായ തുകയുടെ വിവരങ്ങൾ ശേഖരിക്കുന്നതും ഇങ്ങനെ വിവരം ലഭിക്കുമ്പോൾ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളെ ഉപയോഗിച്ച് വിവരങ്ങളുടെ യാഥാർത്ഥ്യം പരിശോധിക്കുന്നതുമാണ്.
- മേൽപ്രകാരം ഭവനങ്ങളുടെ പണി പൂർത്തിയാക്കുന്നതിന് ഗുണഭോക്താവിനെ തന്നെ ഏർപ്പെടുത്തുകയോ എംപാനൽ ചെയ്തിട്ടുള്ള നിർമ്മാണ ഏജൻസിയെ ചുമതലപ്പെടുത്താവുന്നതോ ആണ്.
- ഒറ്റയ്ക്കൊറ്റയ്ക്കുള്ള ഭവനങ്ങൾ നൽകുന്നതിന് നിലവിലുള്ള അപേക്ഷകളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും അതോടൊപ്പം പുതിയ അപേക്ഷ ക്ഷണിക്കുന്നതുമാണ്.
- കേന്ദ്ര നഗരഭവന മിഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭവനങ്ങളുടെ വലിപ്പം 600 സ്ക്വയർ ഫീറ്റ് എന്നു നിജപ്പെടുത്തുന്നതാണ്.
- തദ്ദേശ സ്വയംഭരണ തല മിഷനുകൾക്ക് ഭവനങ്ങൾ സ്പോൺസർ ചെയ്യുന്നതിന് വ്യക്തികളെയും സ്ഥാപനങ്ങളെയും കണ്ടുപിടിക്കാവുന്നതാണ്.

> 13-ാം പദ്ധതിയുടെ നിർവഹണം ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടം എന്ന നിലയിൽ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്വാഭാവികമായും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിനിയോഗം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നവകേരളമിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് കൂടുതൽ ഫലപ്രദവും ജനോപകാരപ്രദവുമായി നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

ശേഷം 26-ാം പേജിൽ

# ആധുനിക വികസിത കേരളമാണ് ലക്ഷ്യം



**വി.കെ രാമചന്ദ്രൻ**
സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ

> ശാസ്ത്രസാങ്കേതിക വിദ്യയുടെ വളർച്ചയിൽ ഊന്നി ഉൽപ്പാദനത്തിന്റെ പുതിയ മേഖലകളിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സമ്മുടെ തൊഴിൽശക്തിയായി മാറുന്ന യുവതീയുവാക്കൾക്ക് നൽകാനാവണം.
> ഈ മിഷനുകൾക്ക് ആ ലക്ഷ്യങ്ങൾ നിറവേറ്റാനാകുമെന്നാണ് സംസ്ഥാന ആസൂത്രണ ബോർഡ് വിശ്വസിക്കുന്നത്. അതിനു വേണ്ടിയുള്ള എല്ലാ സഹായ സഹകരണങ്ങളും ബോർഡ് നൽകും.

വികസന മിഷനുകളുടെ ഉത്ഘാടനം നടക്കുന്ന ചരിത്ര മുഹൂർത്തത്തിൽ പങ്കെടുക്കാനായത് എനിക്കു ലഭിച്ച സൗഭാഗ്യമായി കരുതുന്നു. വരും വർഷങ്ങളിൽ കേരളത്തിന്റെ മുഖച്ഛായ തന്നെ മാറ്റി മറിക്കാൻ കരുത്തുള്ളവയാണ് ഈ മിഷനുകൾ.

1957 ലെ ഇ.എം.എസ്സിന്റെ നേതൃത്വത്തിലുള്ള ഒന്നാം മന്ത്രിസഭയുടെ കാലം മുതൽ, സംസ്ഥാനത്ത് വളർച്ചയും തുല്യനീതിയും നേടുന്നതിനായി പൊതു നിക്ഷേപത്തിൽ നാം ശ്രദ്ധ ചെലുത്തിയിരുന്നു. അതിനെ തുടർന്ന് നമ്മൾ നടത്തിയ പൊതുനിക്ഷേപം കേരളത്തിന്റെ  വിദ്യാഭ്യാസ – ആരോഗ്യ മേഖലകളെ ലോകം മുഴുവൻ പ്രശസ്തമാക്കി.

കേരള സംസ്ഥാന രൂപീകരണത്തിന്റെ അറുപത് വർഷങ്ങൾക്ക് ശേഷം, അതിന്റെ വജ്രജൂബിലി വർഷത്തിൽ, മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇപ്പോഴത്തെ സർക്കാർ മേൽപ്പറഞ്ഞ ശ്രമത്തിന്റെ പുതിയ ഘട്ടം ആരംഭിച്ചു കഴിഞ്ഞു.

സ്ക്കൂൾ പ്രവേശനത്തിലും, കുട്ടികളെ കൊഴിഞ്ഞുപോകാതെ നിലനിർത്തുന്നതിലും കേരളം ഇന്ത്യയിൽ  തന്നെ മുന്നിലാണ്. എല്ലാ കുട്ടികൾക്കും അവർ ജനിച്ച സാമൂഹികമോ, സാമ്പത്തികമോ ആയ പശ്ചാത്തലം പരിഗണിക്കാതെ ഉന്നത നിലവാരമുള്ള സ്ക്കൂൾ വിദ്യാഭ്യാസത്തിന് അവസരം ഉറപ്പ് വരുത്തുകയെന്നതാണ് നമ്മുടെ അന്തിമ ലക്ഷ്യം.

നമ്മുടെ വിദ്യാഭ്യാസ മന്ത്രി പല തവണ ഊന്നൽ കൊടുത്ത പുതിയ വിദ്യാഭ്യാസ മിഷൻ കേരളസമൂഹത്തിലെ എല്ലാ വിഭാഗത്തിലും പെടുന്ന കുട്ടികൾക്കും സ്ക്കൂളുകളിൽ മെച്ചപ്പെട്ട സൗകര്യങ്ങളും വിദ്യാഭ്യാസവും കൊടുക്കുന്നതിനാണ് ലക്ഷ്യം വയ്ക്കുന്നത്.

കേരള സമൂഹത്തിലെ പാവപ്പെട്ടവർ മുതൽ ചികിത്സ ഏറ്റവും ആവശ്യമായവർക്കുവരെ ആരോഗ്യസംരക്ഷണവുമായി ബന്ധപ്പെട്ട ലഭ്യത മെച്ചപ്പെടുത്തുകയും ചെലവ് വഹിക്കാൻ കഴിയുന്നതാക്കുകയുമാണ് നമ്മൾ ആരോഗ്യ രംഗത്ത് ലക്ഷ്യമിടുന്നത്. സർക്കാർ ആരോഗ്യ സംരക്ഷണ



സംവിധാനങ്ങളെ , ജനങ്ങൾ സംസ്ഥാനത്തിലെ ജന സൗഹൃദ ആരോഗ്യ സംവിധാനത്തെ അഭിമുഖീകരിക്കുകയാണെന്നുള്ള ആത്മ വിശ്വാസത്തോടെയാകണം ഉറ്റുനോക്കേണ്ടത്. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുതിയ പ്രാഥമിക ആരോഗ്യ സംരക്ഷണ സമീപനം പൊതുജനാരോഗ്യ പ്രശ്നങ്ങളെയും പകർച്ചവ്യാധികളല്ലാത്ത മറ്റ് രോഗങ്ങളെ കൈകാര്യം ചെയ്യുന്നതിനുമാണ് ലക്ഷ്യമിടുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ഒരു ഇലക്ട്രോണിക് ആരോഗ്യ രജിസ്റ്ററിന് രൂപം കൊടുക്കുന്നതിനു വേണ്ടി നടത്തുന്ന ശ്രമങ്ങളിൽ എന്റെ താത്പര്യവും പ്രകടമാക്കട്ടെ.

അന്താരാഷ്ട്ര ലേബർ ഓഫീസിന്റെ 1961 ലെ തൊഴിലാളികളുടെ പാർപ്പിടവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങളിൽ (Workers Housing Recommendations) ഇന്ത്യ ആദ്യം തന്നെ ഒപ്പിട്ടിരുന്നു. അന്നു മുതൽ ഐക്യരാഷ്ട്രസഭയുടെയും ലോകാരോഗ്യ സംഘടന, മനുഷ്യ അധിവാസ പരിപാടി (United Nations Human Settlements Programme), മനുഷ്യാവകാശ കമ്മീഷൻ, അന്താരാഷ്ട്ര തൊഴിൽ സംഘടന (ILO) എന്നിങ്ങനെ ഏജൻസികളുടെയും, അടിസ്ഥാന മനുഷ്യാവകാശമെന്ന നിലയിലും, ആവശ്യമായ പാർപ്പിട സൗകര്യങ്ങൾക്ക് വേണ്ടിയുള്ള പ്രഖ്യാപനങ്ങളെ ഇന്ത്യ എക്കാലവും പിന്തുണച്ചിരുന്നു. ഈ വാഗ്ദാനങ്ങളുണ്ടെങ്കിലും ഗ്രാമീണ ഇന്ത്യയിലെ മൊത്തം പാർപ്പിടങ്ങളുടെ കുറവിന്റെ കണക്കുമാത്രം കാണിക്കുന്നത് ഏകദേശം 14 കോടി വീടുകളുടേതാണ്.

ഇന്ത്യയിൽ, പക്കാ ഭവനങ്ങളുടെ കാര്യത്തിൽ വിശേഷിച്ചും , കേരളം വലിയ പുരോഗതി കൈവരിച്ചിട്ടുണ്ട്. കേരളത്തെ തുറസ്സായ സ്ഥലത്ത് വിസർജ്ജനമുക്ത സംസ്ഥാനമായി മുഖ്യമന്ത്രി അടുത്തകാലത്ത് പ്രഖ്യാപിച്ചിരുന്നു. ഭവന രഹിതർക്കും , പൊട്ടിപൊളിഞ്ഞവയിൽ താമസിക്കുന്നവർക്കും താങ്ങാവുന്ന ആധുനിക ഭവനങ്ങൾ നൽകുന്നതിലേക്കുള്ള സർക്കാരിന്റെ പ്രതിബദ്ധത പുതിയ ഭവന നിർമ്മാണ മിഷൻ പ്രഖ്യാപിക്കുന്നു. കേരളത്തിൽ നമുക്ക് ആഡംബര വീടുകൾക്ക് വേണ്ടത്ര സ്ഥലമില്ല. ഭവനനിർമ്മാണത്തിനുള്ള സ്ഥലലഭ്യത കേരളത്തിൽ കുറവാണെന്ന് മാത്രമല്ല, ഭാവിയിൽ അത് വേർതിരിക്കപ്പെടേണ്ടതുമാണ്. അടിസ്ഥാന സൗകര്യങ്ങളായ വൈദ്യുതി, വെള്ളം, ആരോഗ്യം, എന്നിവ ഉൾപ്പെടുന്ന ഭവന സമുച്ചയങ്ങളിലേക്ക് മാറുകയെന്ന നയത്തിൽ ശ്രദ്ധപതിപ്പിക്കേണ്ടതാണ്.

എന്റെ അഭിപ്രായത്തിൽ , ഹരിത കേരളം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പദ്ധതിയാണ്. ഒന്നാമതായി അത് ഖരമാലിന്യ നിർമ്മാർജ്ജനവും ജല സ്രോതസ്സുകളുടെ സംരക്ഷണ പ്രവർത്തനങ്ങളും ലക്ഷ്യമിടുന്നു. ഇത് ശാസ്ത്രീയവും സാങ്കേതികമികവുമുള്ള അടിസ്ഥാന സൗകര്യമൊരുക്കേണ്ടുന്ന ഒരു മേഖലയേയും അതോടൊപ്പം കുട്ടികളെയും മറ്റും മാലിന്യ നിർമ്മാർജ്ജനത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന്റെ മറ്റൊരു മേഖലയും കൂട്ടിയിണക്കേണ്ടുന്ന ഒരു പ്രശ്നമാണ്. മാലിന്യ രഹിത കേരളം ഹരിതകേരളത്തിലൂടെ ലക്ഷ്യമിടാനാവണം.

സസ്യസമ്പത്തിന്റെയും വൈവിധ്യത്തിന്റെയും കാര്യത്തിൽ കേരളം ലോകത്തിലെ തന്നെ പ്രാധാന്യമേറിയ പ്രദേശമാണ്. കാർഷികമേഖലയുടെ സന്തുലിത വളർച്ചയുടെയും പരിസ്ഥിതി സംരക്ഷണത്തിന്റെയും ആവശ്യകതയെ സംബന്ധിച്ച് കൃഷിമന്ത്രിയും സർക്കാരും ഊന്നിപറഞ്ഞിരുന്നു. കേരളം വ്യത്യസ്ത കാർഷികോത്പന്നങ്ങൾക്ക് ഉതകുന്ന സൂക്ഷ്മ പരിസ്ഥിതി ഉൾക്കൊള്ളുന്ന പ്രദേശമാണ്. കേരളത്തിന്റെ ജൈവവൈവിധ്യത്തെ ജനങ്ങളുടെ വരുമാനമാക്കി മാറ്റാനുള്ള യത്നമാണ് നമ്മളേറ്റെടുക്കേണ്ടത്.

മതനിരപേക്ഷ, ജനാധിപത്യ, ആധുനിക ഇന്ത്യയിൽ വിശ്വസിക്കുന്ന കണ്ണുകളെല്ലാം ഇന്ന് കേരളത്തിലേക്കാണ് ഉറ്റുനോക്കുന്നത്.

ആധുനിക വികസിത കേരളമാണ് നമ്മുടെ ലക്ഷ്യം. ശാസ്ത്രസാങ്കേതിക വിദ്യയുടെ വളർച്ചയിൽ ഊന്നി ഉൽപ്പാദനത്തിന്റെ പുതിയ മേഖലകളിൽ മെച്ചപ്പെട്ട തൊഴിലവസരങ്ങൾ സമ്മുടെ തൊഴിൽശക്തിയായി മാറുന്ന യുവതീയുവാക്കൾക്ക് നൽകാനാവണം. ഈ മിഷനുകൾക്ക് ആ ലക്ഷ്യങ്ങൾ നിറവേറ്റാനാകുമെന്നാണ് സംസ്ഥാന ആസൂത്രണ ബോർഡ് വിശ്വസിക്കുന്നത്. അതിനു വേണ്ടിയുള്ള എല്ലാ സഹായ സഹകരണങ്ങളും ബോർഡ് നൽകും.

*(നവകേരളമിഷൻ സംസ്ഥാനതല ഉദ്ഘാടന - പ്ലീനറി സെഷനിൽ ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ വി.കെ രാമചന്ദ്രൻ നടത്തിയ പ്രസംഗത്തിൽ നിന്ന്)*



# കേരളം ശുചിത്വത്തിന്റെ സംസ്ഥാനത്തെ വെളിയിട വിമുക്ത(ഒഡിഎഫ്) സംസ്ഥാ

ശൗചാലയ ലഭ്യതയിൽ കേരളം ദേശീയ ശരാശരിയെ അപേക്ഷിച്ച് മുന്നിലായിരുന്നു. എങ്കിലും ഈ ആധുനിക കാലഘട്ടത്തിലും ശൗചാലയ സൗകര്യങ്ങളില്ലാത്ത വീടുകൾ സംസ്ഥാനത്തിൽ ഉണ്ട് എന്ന ന്യൂനത പരിഹരിക്കാൻ തീവ്രമായ ശ്രമമാണ് സർക്കാർ നടത്തിയത്.ശൗചാലയ സൗകര്യം ഉറപ്പാക്കുക വഴി തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനം പൂർണ്ണമായി ഒഴിവാക്കാൻ കഴിയും എന്നതാണ്. ഓപ്പൺ ഡിഫിക്കേഷൻ ഫ്രീ എന്ന പേരിലുള്ള ഈ മുന്നേറ്റത്തിന്റെ പ്രത്യേകത.

രാജ്യത്തിന് ആകെ മാതൃകയായി കേരളത്തിന്റെ 60-ാം പിറന്നാളിൽ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടന്ന ചടങ്ങിൽ കേരളത്തെ ജനസാന്ദ്രതയേറിയ ആദ്യത്തെ വെളിയിട വിസർജനവിമുക്ത സംസ്ഥാനമായി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചു. ചുരുങ്ങിയ കാലയളവിൽ സർക്കാരിന്റെ ഇച്ഛാശക്തിയോടും അടുക്കും ചിട്ടയുമുള്ള പ്രവർത്തനത്തിലൂടെയുമാണ് സംസ്ഥാനം ഈ നേട്ടം കൈവരിച്ചത്.

കേരളത്തെ മാലിന്യമുക്തമാക്കുന്നതിന്റെ ആദ്യപടിയാണ് ഇപ്പോഴത്തെ പ്രഖ്യാപനമെന്ന് ചടങ്ങിൽ സംസാരിക്കവേ മുഖ്യമന്ത്രി പറഞ്ഞു. രാഷ്ട്രീയമില്ലാതെ ഏകമനസ്സോടെയാണ് കേരളം മുന്നോട്ട് പോയത് . രണ്ടാം ഘട്ടമായി എല്ലാ നദികളും കായലുകളും ശുദ്ധമാകണം. ഒപ്പം പെയ്യുന്ന മഴവെള്ളമെല്ലാം സംഭരിക്കാനാവണം അതിന് വലിയ ജന പങ്കാളിത്തം വേണം. ആരോഗ്യരക്ഷയുടെ കാര്യത്തിൽ ഉൾപ്പെടെ മറ്റു സംസ്ഥാനങ്ങൾ പിന്നിൽ നിൽക്കുന്ന പലതിലും കേരളം മുന്നിലാണ്. പ്രധാനമന്ത്രി തന്നെ സംസ്ഥാനത്തിന്റെ നേട്ടം പരാമർശിച്ചു. എല്ലാവരും ആത്മാർത്ഥ



*കേരളത്തെ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്ന ചടങ്ങിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവ്വഹിക്കുന്നു*

# നിറവിലേക്ക് വിസർജ്ജന നമായി പ്രഖ്യാപിച്ചു


മായി പ്രവർത്തിച്ചതിന്റെ ഫലമാണ് ഇപ്പോൾ കൈവരിച്ച നേട്ടമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടത്തോടെ താമസിക്കുന്ന സ്ഥലങ്ങളിൽ അവർക്ക് ആവശ്യമായ സൗകര്യങ്ങളില്ലെന്നതാണ് വസ്തുത. ലക്ഷകണക്കിന് വരുന്ന അവർ വെളിമ്പ്രദേശങ്ങൾ ഉപയോഗിക്കുമ്പോൾ നമ്മുടെ അവകാശവാദങ്ങൾക്ക് അർത്ഥമില്ലാതെയാവും. ഇതര സംസ്ഥാന തൊഴിലാളികൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കിയാലും ഇക്കാര്യത്തിൽ സംസ്ഥാനത്തിന് പൂർണ്ണത അവകാശപ്പെടണമെങ്കിൽ കേരളത്തിലോടുന്ന ട്രെയിനുകളും വെളിയിട വിസർജ്ജന മുക്തമാവണമെന്നും ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

നിശബ്ദമായ ഒരു വിപ്ലവമാണ് സംസ്ഥാനത്ത് നടന്നതെന്ന് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീൽ പറഞ്ഞു. 1,74,720 ശുചിമുറികളാണ് പൂർത്തീകരിച്ചത്. കൂട്ടായ പ്രവർത്തനത്തിന്റെ വിജയകരമായ പരിസമാപ്തിയാണിതെന്ന് മന്ത്രി പറഞ്ഞു.

ശൗചാലയ ലഭ്യതയിൽ കേരളം ദേശീയ ശരാശരിയെ അപേക്ഷിച്ച് മുന്നിലായിരുന്നു. എങ്കിലും ഈ ആധുനിക കാലഘട്ടത്തിലും ശൗചാലയ സൗകര്യങ്ങളില്ലാത്ത വീടുകൾ സംസ്ഥാനത്തിൽ ഉണ്ട് എന്ന ന്യൂനത പരിഹരിക്കാൻ തീവ്രമായ ശ്രമമാണ് സർക്കാർ നടത്തിയത്.ശൗചാലയ സൗകര്യം ഉറപ്പാക്കുക വഴി തുറസ്സായ സ്ഥലങ്ങളിലെ മലവിസർജ്ജനം പൂർണ്ണമായി ഒഴിവാക്കാൻ കഴിയും എന്നതാണ്. ഓപ്പൺ ഡിഫിക്കേഷൻ ഫ്രീ എന്ന പേരിലുള്ള ഈ മുന്നേറ്റത്തിന്റെ പ്രത്യേകത. സംസ്ഥാന സർക്കാർ അധികാരമേറ്റ ഉടൻ തന്നെ ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. 1,74,720കക്കൂസുകൾ പെട്ടെന്ന് നിർമ്മിക്കുക എന്നത് തികച്ചും വെല്ലുവിളിയായിരുന്നു. സർക്കാർ പ്രത്യേക താൽപര്യം എടുത്ത പദ്ധതി ഇച്ഛാശക്തിയോടുള്ള പ്രവർത്തനങ്ങളും കൂടികലർന്നപ്പോൾ ലക്ഷ്യം കൈവരിക്കാൻ പ്രയാസമുണ്ടായില്ലയെന്നും മന്ത്രി പറഞ്ഞു.

പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല മുഖ്യ പ്രഭാഷണം നടത്തി. മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ,മാത്യു ടി.തോമസ്,രാമചന്ദ്രൻ കടന്നപ്പള്ളി,എ.കെ. ശശീന്ദ്രൻ,കടകംപള്ളിസുരേന്ദ്രൻ,സി.രവീന്ദ്രനാഥ്,ടി.പി.രാമകൃഷ്ണൻ,




*കേരളത്തെ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ അദ്ധ്യക്ഷപ്രസംഗം നടത്തുന്നു*

കെ.കെ.ശൈലജടീച്ചർ,വി.എസ്.സൂനിൽകുമാർ,പി.തിലോത്തമൻ, മേയർ.വി.കെപ്രശാന്ത്, ശശിതരൂർ.എം.പി, എംഎൽഎമാരായ പി.കെ.കുഞ്ഞാലിക്കുട്ടി ,വിഎസ്.ശിവകുമാർ, ഒ.രാജഗോപാൽ, കേന്ദ്രകുടിവെള്ള ശുചിത്വ വകുപ്പ് സെക്രട്ടറി പരമേശ്വരൻ അയ്യർ,ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.കെ മധു, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് അഡ്വ.തുളസി പദ്മനാഭൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു. ചീഫ് സെക്രട്ടറി എസ്.എം.വിജയാനന്ദ് ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന ശുചിത്വ മിഷൻ എക്സിക്യുട്ടീവ് ഡയറക്ടർ ഡോ.കെ വാസുകി റിപ്പോർട്ട് അവതരിപ്പിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറി ഡോ.വികെ ബേബി സ്വാഗതവും ശുചിത്വ മിഷൻ ഡയറക്ടർ (ഓപ്പറേഷൻസ്)സി.വി. ജോഷി നന്ദിയും പ്രകാശിപ്പിച്ചു.

ശുചിമുറി നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം നടത്തിയവർക്കുള്ള അംഗീകാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു. ശുചിമുറി നിർമ്മാണം സമ്പൂർണ്ണമാക്കി ഒ.ഡി.ഫ് പ്രഖ്യാപനം നിർവഹിച്ച് യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ തൃശ്ശൂർ, കണ്ണൂർ ,കോഴിക്കോട് ജില്ലകൾക്കുള്ള അവാർഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർ ഏറ്റുവാങ്ങി.

ബ്ലോക്ക് പഞ്ചായത്തുകൾക്കുള്ള അവാർഡിന് കണ്ണൂർ ജില്ലയിലെ പാനൂർ,തലശ്ശേരി,കൂത്തുപറമ്പ്,എടക്കാട് ബ്ലോക്ക് പഞ്ചായത്തുകളും പഞ്ചായത്തുകൾക്കുള്ള അവാർഡുകൾ ആലപ്പുഴ ജില്ലയിലെ മുഹമ്മ,കണ്ണൂർ ജില്ലയിലെ മങ്ങാട്ടിടം എറണാകുളം ജില്ലയിലെ തിരുമാറാടി എന്നിവയും ഏറ്റുവാങ്ങി. മികച്ച പ്രവർത്തനം കാഴ്ച്ച വെച്ച ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കുള്ള അവാർഡ് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി വി.ആർ. രാജീവനും വി.ഇ.ഒ യ്ക്കുള്ള പുരസ്ക്കാരം കെ.പ്രശാന്തനും സമ്മാനിച്ചു. ഒഡിഎഫ് പ്രഖ്യാപനം നടത്തിയ മറ്റ് പതിനൊന്ന് ജില്ലകൾക്കുള്ള പുരസ്കാരങ്ങളും ചടങ്ങിൽ വിതരണം ചെയ്തു.പദ്ധതിയുമായി സഹകരിച്ച വിവിധ സന്നദ്ധ സംഘടനകൾക്കും ചടങ്ങിൽ പുരസ്കാരങ്ങൾ വിതരണം ചെയ്തു.

*(പഞ്ചായത്ത് ന്യൂസ് സർവീസ്)*




*കേരളത്തെ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ പുരസ്കാരങ്ങൾ സമ്മാനിക്കുന്നു*

# കേരളം ചരിത്ര നേട്ടത്തിലേക്ക്

## സംസ്ഥാനം ഇനി ഒ. ഡി. എഫ് സമ്പൂർണ്ണതയിലേക്ക്

**രശ്മി കർത്ത**




വികസനത്തിന്റെ പാത ലക്ഷ്യമിട്ട് കേരളം നവംബർ ഒന്നിന് ഒ.ഡി.എഫ് പ്രഖ്യാപിച്ചതോടെ ഇന്ത്യയിലെ ജനസാന്ദ്രതയേറിയ ആദ്യത്തെ വെളിയിട വിസർജ്ജന വിമുക്ത (ഒ.ഡി.എഫ്) സംസ്ഥാനം എന്ന പദവി കേരളത്തിനു സ്വന്തമായി. പതിനായിരത്തോളം പേർ സാക്ഷ്യം വഹിച്ച പ്രൗഢഗംഭീരമായ ചടങ്ങിൽമുഖ്യമന്ത്രി പിണറായി വിജയൻ ഔദ്യോഗികമായി ഒ.ഡി.എഫ് പ്രഖ്യാപിച്ചു .

കേന്ദ്രസർക്കാരിന്റെ പദ്ധതിയെ മൂന്നുമാസം കൊണ്ടാണ് സമയബന്ധിതമായി പൂർത്തീകരിക്കാൻ സംസ്ഥാന സർക്കാരിന് സാധിച്ചത്. 941 ഗ്രാമ പഞ്ചായത്തുകളിലായി 1,74,720 ശുചിമുറികളാണ് ജനകീയ പങ്കാളിത്വത്തോടുകൂടി പൂർത്തീകരിച്ചത്. ശുചിത്വമിഷനോടൊപ്പം ഗ്രാമ പഞ്ചായത്തുകളുടെയും ഉദ്യോഗസ്ഥരുടെയും സന്നദ്ധ സംഘടനകളുടെയും കൂട്ടായ പരിശ്രമവും ഈ പദ്ധതിയെ പൂർണ്ണവിജയത്തിലെത്തിക്കാൻ സഹായിച്ചു. ഒന്നേമുക്കാൽ ലക്ഷം കുടുംബങ്ങളിൽ നിന്നുമായി ഏകദേശം 8 ലക്ഷത്തോളം ജനങ്ങൾക്കാണ് ഇതുവഴി പ്രയോജനം ലഭിച്ചത്.

സ്വച്ച് ഭാരത് മിഷൻവിഹിതമായി 12000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമായി 3400 രൂപയുമാണ് ഒരോ ഗുണഭോക്താവിനും നൽകിയത്. ഇതിനു പുറമെ ശുചിമുറി നിർമ്മാണത്തിനായി ബുദ്ധിമുട്ടുള്ള മലയോര, തീരദേശ-വെള്ളക്കെട്ട് മേഖലകളിലുള്ള ഓരോ ഗുണഭോക്താക്കൾക്കും

**പൊതുജന പങ്കാളിത്തതോടുകൂടി ഒറ്റക്കെട്ടായി ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കേരളത്തിന് കഴിഞ്ഞത് രാജ്യത്തിന് തന്നെ മാതൃകയായി.**



*കേരളം വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ കേരള നിയമസഭ പ്രതിപക്ഷനേതാവ് രമേശ് ചെന്നിത്തല മുഖ്യപ്രഭാഷണം നടത്തുന്നു*

സർക്കാർ അധിക ധനസഹായമായി 10000രൂപ മുതൽ 60,000രൂപവരെ നൽകി.

പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് തടസ്സമായി നിന്നിരുന്ന ഘടകങ്ങളിൽ പ്രധാനമായിരുന്നത് ഗുണഭോക്താക്കൾക്ക് ലഭ്യമായിരുന്ന ഫണ്ടിന്റെ അപര്യാപ്തതയായിരുന്നു. ഈ പ്രശ്നം പരിഹരിക്കാൻ സംസ്ഥാന സർക്കാർ പ്രത്യേക താത്പര്യം എടുക്കുകയും തദ്ദേശസ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ട് തത്കാലത്തേക്ക് ഈ അവസരത്തിലേക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവിറക്കുകയും ചെയ്തിരുന്നു.

കേന്ദ്ര സർക്കാർ വിഹിതമായി 98,00,00,000 രൂപ പദ്ധതിക്കായി കേരളത്തിന് അനുവദിച്ചിരുന്നു. ഇതിനു പുറമെ സംസ്ഥാനത്തിന്റെ പ്രത്യേക താല്പര്യ പ്രകാരം ഉത്തരവു ഇറക്കുകയും അത്പ്രകാരം തദ്ദേശസ്ഥാപനങ്ങൾ അവരുടെ പദ്ധതിയിൽ നിന്നും സ്വയം തുക സംഭരിച്ചും, സിയാൽ, കൊച്ചിൻ ഷിപ്പ്യാർഡ്, അദാനി പോർട്ട് തുടങ്ങിയ സ്ഥാപനങ്ങളുടെ സി.എസ്.ആർ നിക്ഷേപങ്ങളിൽ നിന്നുള്ള സംഭാവനയും പണി പൂർത്തീകരിക്കാൻ സഹായിച്ചു.

വിവിധ സന്നദ്ധ സംഘടനകൾ, തദ്ദേശ സ്വയം ഭരണവകുപ്പ്, കേരള സോഷ്യൽ സർവീസ്ഫോറം, എൻ.സി.സി, എൻ.എസ്.എസ്,എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥികൾ, അസോസിയേഷൻ ഓഫ് സ്കൂൾസ് ഓഫ് സോഷ്യൽ വർക്ക് ഇൻ കേരള, റിസോർസ് പേർസൺസ്, വില്ലേജ് ഓഫിസർമാർ, ശുചിത്വമിഷൻ ഉദ്യോഗസ്ഥർ മുതലായവരുടെ മേൽനോട്ടവും, പ്രവർത്തനവും ഒരോജില്ലകളിലെ ഒ.ഡി.എഫ് പ്രവർത്തനങ്ങൾക്കു മുതൽക്കൂട്ടായി.

ഒരോ ജില്ലയുടെയും ചുമതല വഹിച്ചിരുന്ന മന്ത്രിമാർ പദ്ധതിയുടെ നേതൃത്വം ഏറ്റെടുത്ത് കൃത്യമായ അവലോകനം നടത്തി അതത് ജില്ലകളെ സമ്പൂർണ്ണതയിലെത്തിച്ചു. ഇതിനു പുറമെ, പ്രത്യേക ആസൂത്രണത്തിനായി കൂടുതൽ പങ്കാളികളെ കണ്ടെത്തി പ്രതിസന്ധികളെ തരണം ചെയ്ത് പണി പൂർത്തീകരിക്കുന്നതിന് സഹായിച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീലിന്റെയും സമയാസമങ്ങളിലുള്ള കൃത്യ





മായ ഇടപെടലുകൾ പദ്ധതിയുടെ വേഗത കൂട്ടുന്നതിനും സാങ്കേതികമായ തടസ്സങ്ങളെയും സാമ്പത്തിക പ്രതിസന്ധിയെയും തരണം ചെയ്യുന്നതിന് ശുചിത്വ മിഷനെയും തദ്ദേശ സ്ഥാപനങ്ങളെയും സഹായിച്ചു.

തിരുവനന്തപുരം ജില്ലയിൽ 73 ഗ്രാമപഞ്ചായത്തുകളിലായി 14211 ശുചിമുറികൾ, കൊല്ലം ജില്ലയിൽ 68 ഗ്രാമപഞ്ചായത്തുകളിലായി 12777 ശുചിമുറികൾ, പത്തനംതിട്ട ജില്ലയിൽ 53 ഗ്രാമപഞ്ചായത്തുകളിലായി 10182 ശുചിമുറികൾ, ആലപ്പുഴ ജില്ലയിൽ 72 ഗ്രാമപഞ്ചായത്തുകളിലായി 14985 ശുചിമുറികൾ, കോട്ടയം ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകളിലായി 9141 ശുചിമുറികൾ, ഇടുക്കി ജില്ലയിൽ 52 ഗ്രാമപഞ്ചായത്തുകളിലായി 21081 ശുചിമുറികൾ, എറണാകുളം ജില്ലയിൽ 82 ഗ്രാമപഞ്ചായത്തുകളിലായി 7808 ശുചിമുറികൾ, തൃശൂർ ജില്ലയിൽ 86 ഗ്രാമപഞ്ചായത്തുകളിലായി 3002 ശുചിമുറികൾ, പാലക്കാട് ജില്ലയിൽ 88 ഗ്രാമപഞ്ചായത്തുകളിലായി 23075 ശുചിമുറികൾ, വയനാട് ജില്ലയിൽ 23 ഗ്രാമപഞ്ചായത്തുകളിലായി 13777 ശുചിമുറികൾ, കോഴിക്കോട് ജില്ലയിൽ 70 ഗ്രാമപഞ്ചായത്തുകളിലായി 12799 ശുചിമുറികൾ, മലപ്പുറം ജില്ലയിൽ 94 ഗ്രാമപഞ്ചായത്തുകളിലായി 12011 ശുചിമുറികൾ, കണ്ണൂർ ജില്ലയിൽ 71 ഗ്രാമപഞ്ചായത്തുകളിലായി 7182 ശുചിമുറികൾ, കാസർകോട് ജില്ലയിൽ 38 ഗ്രാമപഞ്ചായത്തുകളിലായി 12689 ശുചിമുറികൾ തുടങ്ങിയവയാണ് ജില്ലാതല റിപ്പോർട്ട്.

ഇതിനെല്ലാമുപരിയായി മുഖ്യമന്ത്രി പിണറായി വിജയൻ പ്രധാനമന്ത്രി നരേന്ദ്രമോഡിക്കു നൽകിയ വാഗ്ദാനം പാലിക്കപ്പെടുകയാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീൽ, ചീഫ് സെക്രട്ടറി എസ്.എം വിജയാനന്ദ്, തുടങ്ങിയവരുടെ നിർദ്ദേശപ്രകാരം പദ്ധതികൾ സമയബന്ധിതമായി ക്രമീകരിച്ചു കൃത്യമായി ആസൂത്രണം ചെയ്തതും ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. വാസുകിയുടെ നേതൃത്വവും പദ്ധതി വൻ വിജയമാക്കാൻ സഹായകമായി.

പൊതുജന പങ്കാളിത്തതോടുകൂടി ഒറ്റക്കെട്ടായി ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകാൻ കേരളത്തിന് കഴിഞ്ഞത് രാജ്യത്തിന് തന്നെ മാതൃകയായി.

ഒരോ ജില്ലയുടെയും ചുമതല വഹിച്ചിരുന്ന മന്ത്രിമാർ പദ്ധതിയുടെ നേതൃത്വം എറെറടുത്ത് കൃത്യമായ അവലോകനം നടത്തി അതത് ജില്ലകളെ സമ്പൂർണ്ണതയിലെത്തിച്ചു. ഇതിനു പുറമെ, പ്രത്യേക ആസൂത്രണത്തിനായി കൂടുതൽ പങ്കാളികളെ കണ്ടെത്തി പ്രതിസന്ധികളെ തരണം ചെയ്ത് പണി പൂർത്തീകരിക്കുന്നതിന് സഹായിച്ചു. മുഖ്യമന്ത്രി പിണറായി വിജയന്റെയും തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി.ജലീലിന്റെയും സമയാസമങ്ങളിലുള്ള കൃത്യമായ ഇടപെടലുകൾ പദ്ധതിയുടെ വേഗത കൂട്ടുന്നതിനും സാങ്കേതികമായ തടസ്സങ്ങളെയും സാമ്പത്തിക പ്രതിസന്ധിയെയും തരണം ചെയ്യുന്നതിന് ശുചിത്വ മിഷനെയും തദ്ദേശ സ്ഥാപനങ്ങളെയും സഹായിച്ചു.








*പ്രാദേശിക പങ്കാളിത്ത ബജറ്റിംഗ് എന്ന വിഷയത്തെ ആസ്പദമാക്കി ബ്രിക്സ് പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം കേന്ദ്ര ഗ്രാമവികസന വകുപ്പ് മന്ത്രി നരേന്ദ്രസിംഗ് തോമർ ഉദ്ഘാടനം ചെയ്യുന്നു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ സമീപം*

# പങ്കാളിത്ത പ്രാദേശിക ബജറ്റിംഗ് ബ്രിക്സ് കോൺഫറൻസ്

ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന, സൗത്ത് ആഫ്രിക്ക എന്നീ അഞ്ച് രാജ്യങ്ങൾ കൂടിച്ചേർന്നുണ്ടായ സ്വതന്ത്ര–അന്തർദേശീയസംയുക്തസംഘടനയാണ് ബ്രിക്സ്. രാജ്യത്തിന്റെ വാണിജ്യ–നയതന്ത്ര–സാംസ്കാരികപരമായ വിഷയങ്ങളുടെ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടാണ് ഈ സംഘടന രൂപം കൊണ്ടത്. 2009 ൽ തുടക്കംകുറിച്ച ഈ സംഘടനയിൽ മുൻകാല പ്രാതിനിധ്യം വഹിച്ച രാജ്യങ്ങൾ ബ്രസീൽ, റഷ്യ, ഇന്ത്യ, ചൈന എന്നിവയായിരുന്നു. തുടർന്ന് 2011 ൽ സൗത്ത് ആഫ്രിക്ക കൂടി 'ബ്രിക്' നോട് കൂടിച്ചേരുകയും 'ബ്രിക്സ്' ആയിമാറ്റുകയും ചെയ്തു. 2009 ജൂൺ 16 ന് റഷ്യയിൽ വെച്ച് അന്നത്തെ റഷ്യൻ പ്രസിഡന്റ് ഡിമെട്രിമെഡ്വേഡഡേവിന്റെ നേതൃത്വത്തിൽ ആദ്യ ബ്രിക് ഉച്ചകോടി നടന്നു.

ഇന്ത്യ ആതിഥേയത്വംവഹിച്ച എട്ടാമത് ബ്രിക്സ് ഉച്ചകോടി2016ഒക്ടോബർ 15, 16തീയതികളിലായി ഗോവയിൽ വെച്ച് നടന്നു.ഇതിനോടനുബന്ധിച്ച് നവംബർ 3, 4, 5തീയതികളിലായി പ്രാദേശിക പങ്കാളിത്ത ബജറ്റിംഗ് എന്ന വിഷയത്തെ ആസ്പദമാക്കി ബ്രിക്സ് പ്രതിനിധികൾ പങ്കെടുത്ത സമ്മേളനം കേന്ദ്ര പഞ്ചായത്തീരാജ് മന്ത്രാലയത്തിന്റെയും 'കില'യുടെയും ആഭിമുഖ്യത്തിൽ കൊച്ചിയിൽ സംഘടിപ്പിച്ചു.

കേന്ദ്ര ഗ്രാമീണവികസന മന്ത്രി നരേന്ദ്രസിംഗ് തോമർ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. കേന്ദ്ര പഞ്ചായത്തീരാജ് സഹമന്ത്രി പാർസോട്ടാമ്പി റുപാലാ അദ്ധ്യക്ഷസ്ഥാനം അലങ്കരിച്ചു. തുടർന്ന്മഹാരാഷ്ട്ര രാജ്യസഭ അംഗം വിനയ് സഹശ്രബുദ്ധ കേന്ദ്ര ആശയം അവതരിപ്പിച്ചു. കേരള തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി കെ.ടി. ജലീൽ, രാജസ്ഥാൻ പഞ്ചായത്തീരാജ് മന്ത്രി സുരേന്ദ്ര ഗോയൽ, മഹാരാഷ്ട്ര പഞ്ചായത്തീരാജ് മന്ത്രി ഗോപാൻ ബർനാവതുടങ്ങിയവർ ഉദ്ഘാടന ചടങ്ങിൽ സംസാരിച്ചു. കേന്ദ്ര പഞ്ചായത്തീരാജ് സെക്രട്ടറി

ജെ.എസ്. മാഥൂർ, ഐ.എ.എസ്., കേരളത്തിലെ ചീഫ് സെക്രട്ടറി എസ്.എം. വിജയാനന്ദ്, ഐ.എ.എ സ്. എന്നിവരുംസംസാരിച്ചു.

ലോകമെമ്പാടുമുള്ള ദേശീ യസർക്കാരുകളുടേയും വൻകിട സ്ഥാപനങ്ങളുടേയും വികസന അജണ്ടയിൽ ഭരണകർത്തൃത്വവും വികേന്ദ്രീകരണവും ഏറെ പ്രാധാ ന്യം നേടിക്കഴിഞ്ഞു. ഭരണനിർ വ്വഹണത്തെ മെച്ചപ്പെടുത്താനും അതുവഴി അഴിമതി തുടച്ചുനീക്കാനു മുള്ള എളുപ്പവഴിയായി വികേന്ദ്രീക രണം മാറിക്കഴിഞ്ഞിരിക്കുകയാണ്. കേരളത്തിൽ നടപ്പിലാക്കപ്പെട്ട ജന കീയ ആസൂത്രണവും ബ്രസീലിലെ പോട്ടോ അലേഗ്യയിലെ പ്രാദേശിക പങ്കാളിത്ത ബജറ്റിംഗും ജനങ്ങളു ടെ പൊതുതാല്പര്യങ്ങളെ സംര ക്ഷിക്കുന്ന ആസൂത്രണ-ബജറ്റിംഗ് ഉപാധികളായി പരക്കെ അംഗീകരി ക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ ബ്രിക്സ്കോൺഫറൻസിന്റെ മുഖ്യ ഊന്നലും ഇവയായിരുന്നു.

കേരളത്തിൽ നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകരണത്തിന്റെ ഗുണമേന്മ കൾ പഠിക്കുന്നതിനായി തിരഞ്ഞെടു ക്കപ്പെട്ട മാരാരിക്കുളം-തെക്ക് (ആല പ്പുഴജില്ല), കുമരകം (കോട്ടയംജില്ല), നെടുമ്പാശ്ശേരി (എറണാകുളംജില്ല), തളിക്കുളം(തൃശൂർജില്ല) ഗ്രാമപഞ്ചാ യത്തുകളും ആലപ്പുഴമുനിസിപ്പാ ലിറ്റിയും ബ്രിക്സ്സമ്മേളന പ്രതി നിധികൾ സന്ദർശിക്കുകയുണ്ടായി. 'കില'ആണ്ഫീൽഡ് പ്രവർത്തന ങ്ങൾക്ക് നേതൃത്വം നൽകിയത്.ദേ ശീയ-അന്തർദേശീയ പ്രതിനിധികള ടക്കം 107 പ്രതിനിധികളാണ് വിവിധ പഞ്ചായത്തുകളിലേക്ക്സന്ദർശനം നടത്തിയത്.

സമാപന ചടങ്ങിൽസംസ്ഥാന ധനമന്ത്രി ഡോ. തോമസ്ഐസക് മുഖ്യ പ്രഭാഷണം നടത്തി.കേന്ദ്ര പഞ്ചായത്തീരാജ് ജോയിന്റ് സെക്ര ട്ടറി സഞ്ജീവ് പട്ജോഷിറിപ്പോർട്ട് അവതരിപ്പിച്ചു. പഞ്ചായത്തീരാജ് സെക്രട്ടറി ജെ.എസ്. മാഥൂർ, റഷ്യൻ ഫെഡറേഷൻ ബഷ്കോർട്ടോസ്റ്റാൻ പ്രവിശ്യ പ്രധാനമന്ത്രി റുസ്തം മർ ഡേഞ്ച്, ബ്രസീൽ എംബസി പ്രതി നിധി ഫാബയാനോ, ചൈനീസ്എം ബസി ഫസ്റ്റ് ഓഫീസർ കാമോഫൈ ജൂൽതുടങ്ങിയവർ പങ്കെടുത്തു.

*(പഞ്ചായത്ത് ന്യൂസ് സർവീസ്)*








വിനു എ.

# ജലദൗർലഭ്യം; മാറ്റം അനിവാര്യം

**ജലം പ്രകൃതിയുടെ വരദാനമാണ്. അതിന്റെ ലഭ്യത എല്ലാവർക്കുമായി വിഭജിക്കപ്പെടണം. അതവരുടെ അവകാശമാണ്**

ജീവന്റെ ഉറവിടം ജലമാണ്. ജീവന്റെ നിലനിൽപ്പിന് ആധാരം തന്നെ ജലമാണ്. കുടിക്കാനും ഗാർഹിക ആവശ്യങ്ങൾക്കും മാത്രമല്ല, കാർഷികരംഗത്തിനും വ്യാവസായികരംഗത്തിനും വൈദ്യുതി തുടങ്ങിയവക്കും ജലം ആവശ്യമാണ്. ജലം മണ്ണിൽ ശേഖരിക്കപ്പെടുന്നു എന്നതിനാൽ തന്നെ ജലത്തിന്റെ സംരക്ഷണം വിവിധ ഘടകങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഭൂമിയുടെ ഉപരിതലത്തിന്റെ 71 ശതമാനത്തോളം ജലമാണെന്നാണ് കണക്ക്. എന്നാൽ ലഭ്യമാകുന്ന ജലത്തിന്റെ 97 ശതമാനവും ഉപ്പുവെള്ളമാണ്. അവശേഷിക്കുന്ന മൂന്ന് ശതമാനത്തോളം ജലത്തിന്റെ ഒരു ഭാഗം മാത്രമേ ജീവജാലങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നുള്ളൂ. ഇത് ഭൂഗർഭജലമായും മഞ്ഞുപാളികളായുമാണ് നിലകൊള്ളുന്നത്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾക്ക് അനുസരിച്ച് ജലത്തിന്റെ വ്യാപ്തി വളരുന്നില്ലായെന്നതാണ് യാഥാർത്ഥ്യം. ലോകത്ത് ഉപയോഗിക്കുന്ന ജലത്തിന്റെ അഞ്ചിൽ ഒരു ഭാഗം നാം കണ്ടെത്തുന്നത് ഭൂഗർഭസ്രോതസുകളിൽ നിന്നാണ്. വായു കഴിഞ്ഞാൽ നമ്മുക്ക് ഏറ്റവും ആവശ്യമായ ഘടകമാണ് ജലം. മാനവരാശിക്ക് മാത്രമല്ല, മറ്റ് ജീവജാലങ്ങളുടെയും അവസ്ഥ ഇതുതന്നെയാണ്. എന്നാൽ ജലത്തിന്റെ ലഭ്യത അതിന്റെ ആവശ്യങ്ങളെ തൃപ്തിപ്പെടുത്തുവാൻ മാത്രം ഉതകുന്നതാണോ?

അല്ലായെന്ന് പറയേണ്ടിവരും. ആഗോളതാപനം ആഗോളതലത്തിൽ ജലത്തിന്റെ ലഭ്യതയെ പ്രശ്നവത്കരിക്കുന്നുണ്ട്. ജലം പ്രകൃതിയുടെ വരദാനമാണ്. അതിന്റെ ലഭ്യത എല്ലാവർക്കുമായി വിഭജിക്കപ്പെടണം. അതവരുടെ അവകാശമാണ്. ഭൂമിയിൽ ജലത്തിന്റെ



ലഭ്യത ഉറപ്പുവരുത്തുന്നത് മഴയാണ്. മഴ തുടർച്ചയാവുന്നത് അതിന്റെ പരിവൃത്തിയിലൂടെയാണ്. പ്രകൃതിവിഭവങ്ങളുടെ കാര്യത്തിൽ വളരെ സമ്പന്നമായ നാടാണ് കേരളം. അതിൽ പ്രധാനം ജലം തന്നെയാണ്. അതേസമയം കേരളത്തിൽ നിലനിൽക്കുന്ന വൈരുദ്ധ്യമാണ് ജലത്തിന്റെ ലഭ്യതയും അതിന്റെ ഉപയോഗം തമ്മിലുള്ളത്. വിദേശരാജ്യങ്ങളിൽ നിന്നും വലിയ തോതിൽ സമ്പത്ത് കേരളത്തിലേക്ക് ഒഴുകിയത് ജീവിതസാഹചര്യങ്ങളിൽ വലിയ മാറ്റമുണ്ടാക്കിയിട്ടുണ്ട്. ജനസാന്ദ്രത കൂടിയ കേരളത്തിൽ ജനങ്ങൾ താമസിക്കാൻ പുതിയ ഇടം കണ്ടെത്തിയപ്പോൾ പ്രകൃതിവിഭവങ്ങളിൽ സന്തുലിതരീതികൾ വഴിമാറ്റപ്പെട്ടു. ഓരോ വർഷം കഴിയുംതോറും കൂടുതൽ ശക്തമായ വരൾച്ച, അതിരൂക്ഷമായ കാലാവസ്ഥാമാറ്റത്തിന്റെ പിടിയിൽ നാട് പകച്ചുനിൽക്കുന്നതാണ് ഇപ്പോഴത്തെ സ്ഥിതി.

മഴയുടെ കുറവാണ് ജലക്ഷാമത്തിന് കാരണമെന്ന പൊതുചിന്തയാണ് ഉയരുന്നത്. എന്നാൽ ജലക്ഷാമത്തിനുപിന്നിലുള്ള കാരണം മഴ കുറയുന്നതാണോ? എന്നാൽ അത് മാത്രമല്ല കാരണമെന്ന് കാണാം. നമ്മുടെ തെറ്റായ ജലവിനിയോഗത്തിന്റെ രീതികളാണ് ഇത്തരമൊരു സാഹചര്യത്തെ കൂടുതൽ ഭീതിദമാക്കുന്നതെന്നാണ് മനസിലാവുന്നത്. കേരളത്തിൽ ശരാശരി ലഭിക്കുന്ന മഴ 3000 മില്ലിമീറ്ററാണ്. പന്ത്രണ്ട് മാസത്തെ കണക്കും അതിന്റെ ആവശ്യകതയും അടിസ്ഥാനമാക്കുകയാണെങ്കിൽ നമ്മുക്ക് ലഭിക്കുന്ന മഴ അധികമാണ്. കേരളത്തിൽ ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും പെയ്യുന്നത് നാലു മാസങ്ങൾക്കുള്ളിലാണ്. അതുകൊണ്ടുതന്നെ മഴക്കാലത്ത് ആവശ്യത്തിലധികം ജലവും വേനൽകാലമാവുമ്പോൾ ആവശ്യത്തിനുള്ള ജലം ലഭിക്കാതെയും വരുന്നു. കാലാവസ്ഥാവ്യതിയാനത്തിന്റെയും ആഗോളതാപനത്തിന്റെയും പ്രഭാവം കൂടി പരിശോധിച്ചാൽ കുടിവെള്ള ക്ഷാമത്താൽ രൂക്ഷമാണ് വേനൽക്കാലമെന്നതാണ് അനുഭവം. ആരോഗ്യപ്രശ്നങ്ങൾ മാത്രമല്ല, മറ്റ് പല അവസ്ഥകളും ഉണ്ടാകുന്നുണ്ട്. ഈ ഒരു ഘട്ടത്തിലാണ് കിണറുകൾ, കുളങ്ങൾ തുടങ്ങിയ ജലവിഭവശേഷിയുടെ കണ്ണികളുടെ പ്രാധാന്യത്തെ കുറിച്ച് ചിന്തയുയരുന്നത്.

ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള തുലാവർഷമഴയിൽ ഇത്തവണ പ്രകടമായ കുറവുണ്ടായിട്ടുണ്ട്. ഈ സ്ഥിതി തുടരുകയാണെങ്കിൽ ജലദൗർലഭ്യം വ്യാപകമാവുമെന്നാണ് കണക്കുകൾ പരിശോധിക്കുമ്പോൾ കാണാനാവുക. ഭൂഗർഭജലവും ഉപരിതല ജലസ്രോതസുകളും വലിയ തോതിൽ കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ കാര്യത്തിൽ നാം കാണിച്ച അലംഭാവം നിറഞ്ഞ തീരുമാനങ്ങൾ തന്നെയാണ് ഈ സ്ഥിതിവിശേഷത്തിലേക്ക് നയിച്ചത്. ജലസമൃദ്ധമായിരുന്ന പല പ്രദേശങ്ങളും കടുത്ത ജലക്ഷാമത്തിന്റെ പിടിയിൽ അകപ്പെടുന്നുവെന്നതാണ് കാണാനാവുക. ഒരു കാലത്ത് ജലത്താൽ സമ്പന്നമായിരുന്ന പ്രദേശങ്ങളിൽ വരൾച്ചയുടെ വിത്തുകൾ എങ്ങനെയാണ് വന്നത്? വരൾച്ചയും ജലദൗർലഭ്യവും കുടിവെള്ള പ്രശ്നത്തെ മാത്രമാണോ അഭിമുഖീകരിക്കുന്നത്. വറ്റിവരളുന്ന നദികളും മറ്റ് ജലസ്രോതസുകളും കേന്ദ്രീകരിച്ചാണ് നമ്മുടെ ജലചിന്തകൾ ഉണരുന്നത്.

കുടിവെള്ളക്ഷാമം നേരിടാൻ വർഷങ്ങളായി നാം ചെയ്തുവരുന്ന കാര്യം ജലസേചനപദ്ധതികളിൽ നിന്നുള്ള വെള്ളം നഗരങ്ങളിലേക്ക് വിതരണത്തിനെത്തിക്കുകയാണ്. ഇതൊരു താൽക്കാലികമായ മാർഗമാണെന്നതാണ് യാഥാർത്ഥ്യം. കേരളത്തിലെ പല നഗരങ്ങളും കുടിക്കുന്നത് ഇത്തരത്തിലുള്ള ജലമാണ്. തിരുവനന്തപുരത്ത് പേപ്പാറയാണ് സഹായത്തിനെത്തുന്നതെങ്കിൽ കണ്ണൂരിൽ പഴശ്ശിയെയാണ് ആശ്രയിക്കുന്നത്. കുടിവെള്ളം കിട്ടാതെ വരുമ്പോൾ തദ്ദേശസ്ഥാപനങ്ങൾക്കും കൂടുതൽ തുക ഈ ഇനത്തിൽ ചിലവഴിക്കേണ്ടിവരുന്നു. അതായത്, കുടിവെള്ളത്തിന്റെ പേരിൽ നമ്മുടെ ബാധ്യത ഏറുകയാണ് ചെയ്യുന്നത്. കുടിവെള്ളത്തിനായി പുഴയുടെ/ജലസേചനസംവിധാനത്തിന്റെ ഏറ്റവും അടിത്തട്ട് വരെ പമ്പുകൾ കടന്നുപോകുന്നു. ഇവിടെ പ്രതിസ്ഥാനത്ത് നിർത്തുന്നത് മഴയുടെ ലഭ്യതകുറവും ജലത്തിന്റെ ഉപഭോഗത്തിലുള്ള കുറവുമാണ്. എന്നാൽ ഇതിനെ ആ രീതിയിൽ മാത്രം കാണാനാവുമോ? കുടിവെള്ളത്തിനായി പരമ്പരാഗതമായ സംവിധാനങ്ങളെ ഏളുപ്പത്തിൽ ആശ്രയിക്കുന്ന രീതി എത്ര കാലം മുന്നോട്ടു കൊണ്ടുപോകാനാവും? ഈ പ്രശ്നങ്ങളെ ഇപ്പോൾ സ്വീകരിക്കുന്ന എളുപ്പമാർഗത്തിലൂടെ എല്ലാ കാലത്തും മറികടക്കാൻ സാധിക്കുമോ?

## അടിസ്ഥാനപ്രശ്നം

മേൽസൂചിപ്പിച്ച പ്രകാരം പ്രതിവർഷം 3000 മില്ലിലിറ്റർ മഴ ലഭിക്കുന്ന കേരളത്തിൽ ഇതിന്റെ ഭാഗങ്ങൾ 44 നദികളി

> പന്ത്രണ്ട് മാസത്തെ കണക്കും അതിന്റെ ആവശ്യകതയും അടിസ്ഥാനമാക്കുകയാണെങ്കിൽ നമുക്ക് ലഭിക്കുന്ന മഴ അധികമാണ്. കേരളത്തിൽ ലഭിക്കുന്ന മഴയുടെ ഭൂരിഭാഗവും പെയ്യുന്നത് നാലു മാസങ്ങൾക്കുള്ളിലാണ്. അതുകൊണ്ടുതന്നെ മഴക്കാലത്ത് ആവശ്യത്തിലധികം ജലവും വേനൽകാലമാവുമ്പോൾ ആവശ്യത്തിനുള്ള ജലം ലഭിക്കാതെയും വരുന്നു.



ജലക്ഷാമത്തിന് പരിഹാരം മഴയോടൊപ്പം ചേരുകയാണ്. മഴയെ കൊയ്യുകയെന്ന വാക്ക് വർഷങ്ങളായി നമ്മുടെ ചർച്ചകളിൽ കടന്നുവന്ന കാര്യമാണ്. മണ്ണിന് കുടിക്കുവാനായി വെള്ളം നൽകുകയെന്നതാണ് ഇതിലെ ഒരു കാര്യം. ഇപ്പോൾ മഴയിലൂടെ എത്തുന്ന വെള്ളത്തെ ഒഴുക്കികളയുകയെന്നതാണ് ചെയ്തുവരുന്നത്. ഇതിനെ മാറ്റി ജലം ഭൂമിയിലേക്ക് നൽകുകയാണെങ്കിൽ വേനലിൽ നമ്മുക്ക് ജലത്തിന്റെ ലഭ്യത കുറയുന്ന ഘട്ടത്തിൽ ജലം കണ്ടെത്താനാവും.

ലും 66 ലക്ഷം കിണറുകളിലും കൂടാതെ കുളങ്ങളിലും ഇതുപോലുള്ള ജലസംഭരണസ്ഥലങ്ങളിലും എത്തപ്പെടുന്നു. ഇവയുടെ സംരക്ഷണത്തെ സഹായിക്കുന്ന വിധത്തിൽ വനങ്ങളും മലകളുടെ കാവലും ഉണ്ട്. ഈ പെയ്യുന്ന മഴ എങ്ങോട്ടാണ് പോകുന്നത്? മഴവെള്ളം സംഭരിച്ചുനിർത്തുകയും ഭൂഗർഭജലസമ്പത്ത് പുനരുൽപ്പാദിപ്പിച്ച് സംരക്ഷിച്ചും നിൽക്കുന്ന പ്രകൃതിദത്തമായ സംവിധാനങ്ങളാണ് പുഴകളും കുളങ്ങളും കിണറുകളുമെല്ലാം. ഇവയുടെ സംരക്ഷണത്തിലെ പിഴവിനെ കുറിച്ചുള്ള പരിശോധന നടത്തുന്നതിൽ നിന്നും ഇനിയും മാറിനിൽക്കാനാവില്ല. പ്രകൃതിദത്തമായ സംവിധാനങ്ങൾ നശിച്ചുകൊണ്ടിരിക്കുന്നുവെന്ന വലിയ പ്രശ്നം മുന്നിൽ ഉയർന്നുനിൽക്കുന്നു.

മഴ പൂർണമായും അവസാനിച്ചിട്ടില്ലാത്ത വേളയിൽ പോലും കേരളത്തിൽ വരൾച്ച അനുഭവപ്പെടുന്നു. ജലസംഭരണത്തിൽ പ്രകൃതിദത്തമായ സൗകര്യങ്ങൾ ഇപ്പോൾ പ്രാവർത്തികമാകുന്നുണ്ടോയെന്ന വലിയ ചോദ്യത്തിന് പ്രസക്തിയേറിവരുന്നു. നദികളിൽ പലതും ലക്ഷ്യം മറന്ന് പാതിയിൽ നിലയ്ക്കുന്നു. ഇതിലൂടെ നദിയിലേക്ക് ജലത്തിന്റെ തിരിച്ചൊഴുക്ക് ഉണ്ടാകുന്നു. ഇതിലൂടെ ജലത്തിന്റെ ഗുണമേന്മ കൂടി നഷ്ടമാകുന്നു. ഉറവിടം മുതൽ അതെത്തിച്ചേരുന്ന ഇടം വരെ കൃത്യമായി ഒഴുകുവാൻ സാധിക്കുമ്പോൾ മാത്രമേ നദിയും അതിനോട് ചേർന്നുള്ള ആവാസവ്യവസ്ഥകളും മെച്ചപ്പെട്ട രീതിയിലാവുകയുള്ളൂ. നദിയും അതിനോട് ചേർന്ന ആവാസവ്യവസ്ഥയും ജലത്തിന്റെ ഒഴുക്കിനെ അടിസ്ഥാനമാക്കിയാണ് വളരുന്നത്. നദികളെ സംബന്ധിച്ചിടത്തോളം നീരൊഴുക്കിനെ തടസപ്പെടുത്തുന്നതിൽ വിവിധ ഘടകങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അതിൽ ജലത്തിന്റെ ലഭ്യത കുറവു മാത്രമല്ല, പരിസ്ഥിതി മാലിന്യങ്ങളുടെ പ്രശ്നങ്ങളും ഉണ്ട്. കേരളത്തിലെ നദികളെല്ലാം തന്നെ ജനവാസകേന്ദ്രങ്ങളിലൂടെ ഒഴുകുന്നത് ഏറെ ദൂരമാണ്. ഈ പ്രദേശങ്ങളിലുള്ളവർ മാലിന്യനിക്ഷേപത്തിനായി നദികളെ ആശ്രയിക്കുന്ന ശീലമുണ്ട്. ഇത് നദിയുടെ സ്വാഭാവികമായ ഒഴുക്കിനെയും ഇതിലൂടെ ജലത്തിന്റെ ഗുണനിലവാരത്തെയും ദോഷകരമായി ബാധിക്കുന്നു.

ജലക്ഷാമത്തിന് പരിഹാരം മഴയോടൊപ്പം ചേരുകയാണ്. മഴയെ കൊയ്യുകയെന്ന വാക്ക് വർഷങ്ങളായി നമ്മുടെ ചർച്ചകളിൽ കടന്നുവന്ന കാര്യമാണ്. മണ്ണിന് കുടിക്കുവാനായി വെള്ളം നൽകുകയെന്നതാണ് ഇതിലെ ഒരു കാര്യം. ഇപ്പോൾ മഴയിലൂടെ എത്തുന്ന വെള്ളത്തെ ഒഴുക്കികളയുകയെന്നതാണ് ചെയ്തുവരുന്നത്. ഇതിനെ മാറ്റി ജലം ഭൂമിയിലേക്ക് നൽകുകയാണെങ്കിൽ വേനലിൽ നമ്മുക്ക് ജലത്തിന്റെ ലഭ്യത കുറയുന്ന ഘട്ടത്തിൽ ജലം കണ്ടെത്താനാവും. കിണറുകളിലെ ഉറവുകൾ വറ്റാതിരിക്കുവാൻ ഇത് സഹായിക്കും. മഴവെള്ളം മണ്ണിലേക്ക് താഴ്ത്താൻ സാധിച്ചാൽ അത് വലിയ മാറ്റം തന്നെയുണ്ടാക്കും. രണ്ടടി താഴ്ചയും ഒരു മീറ്റർ നീളവും വീതിയും ഉള്ള ഒരു മഴക്കുഴിയിൽ ഒരു പ്രാവശ്യം 350 ലിറ്ററോളം വെള്ളം നിറയ്ക്കാനാവും. വെള്ളത്തെ വിവിധ ഇടങ്ങളിൽ നിന്ന് ഇതിലേക്ക് തിരിച്ച് വിട്ടാൽ വർഷത്തിൽ നൂറിലേറെ തവണ ഈ കുഴി നിറയും. ഒരു കുഴിയിൽ നിന്ന് ഒരു വർഷം കുറഞ്ഞത് 35000 ലിറ്റർ മഴവെള്ളം സംഭരിക്കപ്പെടുന്നു. ഇതു പോലുള്ള നൂറ് കുഴികൾ ഉണ്ടാക്കുകയാണെങ്കിൽ അതിലൂടെ 35 ലക്ഷം ലിറ്റർ മഴയെ സംഭരിക്കപ്പെടും. ഇതിലൂടെ മരങ്ങൾക്കും ചെടികൾക്കും ഇത് കൂടുതൽ വളർച്ച ഉണ്ടാക്കും. മണ്ണിന്റെ സവിശേഷമായ ജൈവഘടനയെ മെച്ചപ്പെടുത്തുവാൻ ഇതിലൂടെ സാധിക്കും.

തദ്ദേശസ്ഥാപനങ്ങളുടെ ക്രിയാത്മകമായ ഇടപെടലുകളിലൂടെ ഈ അവസ്ഥയെ മാറ്റിത്തീർക്കുവാൻ സാധിക്കും. ജലസംരക്ഷണവും പരിപാലനവും വ്യാപിപ്പിക്കുകയും അതിന്റെ കൃത്യമായ ഒരുക്കങ്ങൾക്കും പ്രവൃത്തികൾക്കും മുൻഗണന നൽകണം. തദ്ദേശസ്ഥാപനങ്ങൾ തങ്ങളുടെ പദ്ധതികൾ തയ്യാറാക്കുമ്പോൾ നീണ്ട ഭാവിയെ കണ്ടുകൊണ്ടുള്ള ആസൂത്രണങ്ങളാണ് ഉണ്ടാവേണ്ടത്. വീകേന്ദ്രീകൃതരീതിയിൽ പദ്ധതികൾ ആസൂത്രണം ചെയ്യുവാനാവണം. കേന്ദ്രതലത്തിലുള്ള പദ്ധതിയാസൂത്രണങ്ങൾ പലപ്പോഴും തദ്ദേശീയമായ സാധ്യതകളെ വിപുലപ്പെടുത്തുന്നതല്ല. അതുകൊണ്ടുതന്നെ തദ്ദേശീയമായ കൂട്ടായ്മകളിലൂടെ ജലസംരക്ഷണവും അതിന്റെ പാലനവും നടത്തുവാൻ സാധിക്കണം. വാട്ടർ ബജറ്റിംഗിനും ഓഡിറ്റിനും ഊന്നൽ നൽകികൊണ്ട് ജലവിഭവപരിപാലന പദ്ധതി കൂടുതൽ കാര്യക്ഷമമാക്കാനാവും. താഴെ പറയുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിലൂടെ വലിയ മാറ്റമുണ്ടാക്കുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് സാധിക്കും.

- കിണറുകൾ, കുളങ്ങൾ, തടാകങ്ങൾ, തുടങ്ങി മറ്റ് ജലാശയങ്ങളിലേക്കുള്ള ജലത്തിന്റെ ഒഴുക്കിനെ ശക്തിപ്പെടുത്തുകയും അതിലൂടെ റീചാർജിങ്ങിനെ മെച്ചപ്പെടുത്തുക. ഇത്തരം കാര്യങ്ങളിൽ ശാസ്ത്രീയമായ രീതികൾ പരീക്ഷിക്കുവാൻ തയ്യാറാവണം. ഉദാഹരണത്തിന് വാട്ടർഷെഡ് പ്രദേശങ്ങൾ കേന്ദ്രീകരിച്ച് റീചാർജിംഗ് നടത്തുന്നത് പൊതുവെ ചെലവുള്ള കാര്യമല്ല. എന്നാൽ ശരിയായ വിധത്തിൽ അത് ചെയ്യുവാൻ സാധിക്കുന്നില്ലെങ്കിൽ പ്രയോജനം ഉണ്ടാവാതെ വരും. മണ്ണിനെ കുറിച്ചും അതിന്റെ സ്വഭാവത്തെ കുറിച്ചും പ്രാദേശികമായ അറിവുകൾ ശേഖരിച്ചുകൊണ്ടു വേണം ഇത്തരം പ്രവർത്തനങ്ങൾ നടത്തുവാൻ. അതിനായി പ്രദേശത്തെ മുതിർന്നവരുടെയും കൃഷിയുമായി ബന്ധപ്പെട്ട് ജീവിക്കുന്നവരുടെയും കൂട്ടായ്മകൾ ഉണ്ടാക്കി അവരുടെ അറിവുകളെ കൂടി ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കണം.
- ജലം സംരക്ഷിക്കുന്നതിൽ പലരും വിമുഖത കാണിക്കുന്നതാണ് പ്രശ്നങ്ങളുടെ അടിസ്ഥാനമായ കാര്യം.

തങ്ങളുടെ പറമ്പിലെത്തുന്ന ജലത്തെ അടുത്ത പറമ്പിലേക്ക് ഒഴുക്കിവിടാനാണ് എല്ലാവരും പരിശ്രമിക്കുന്നത്. ഇതു മാറ്റുന്നതിനും ജലം സംരക്ഷിക്കുന്നതിനുള്ള നടപടികൾ എല്ലാവരെയും കൊണ്ട് എടുപ്പിക്കുന്നതിനുമുള്ള ശ്രമം ഉണ്ടാവണം. ജനങ്ങളെ ഇത്തരത്തിൽ ബോധവത്കരിക്കുന്നതാണ് ഈ കാര്യത്തിൽ ചെയ്യാവുന്ന ഏറ്റവും വലിയ മാർഗം. വീടുകളിലും വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലും വീഴുന്ന മഴയെ ഒന്നുകിൽ ഭൂമിക്കടിയിലേക്ക് വിടുന്നതിനുള്ള സംവിധാനമുണ്ടാക്കുകയോ അല്ലെങ്കിൽ വേനൽകാലത്തിനായി അത് ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയോ ചെയ്യുന്നതിന് നിർബന്ധിക്കുക.

- പുഴവെള്ളത്തിന്റെയും കുഴൽ കിണർ വെള്ളത്തിന്റെയും ഉപയോഗം കുറക്കുന്നതിന് ഉതകുന്ന വിധത്തിൽ ജലപരിപാലന, വിനിയോഗ പദ്ധതികൾ തയ്യാറാക്കുവാൻ തദ്ദേശസ്ഥാപനങ്ങൾ മുൻകൈയെടുക്കണം. പുഴവെള്ളത്തെ തടയണകൾ കെട്ടി ഉപയോഗിക്കുന്ന രീതി പലയിടത്തും കാണാം. ഇത് താൽകാലികമായ ഒരു സൗകര്യം എന്ന നിലയിൽ മാത്രമേ കാണാനാവൂ. ഭാവിയിലേക്കുള്ള ഒരു നിക്ഷേപപദ്ധതിയായി ഇതിനെ കാണാനാവില്ല. മാത്രമല്ല, ജലത്തിന്റെ സ്വഭാവികമായ ഒഴുക്ക് നഷ്ടപ്പെടുമ്പോൾ ജലത്തിന്റെ ഗുണനിലവാരം കുറയുന്നു. ഇതുമായി ബന്ധപ്പെട്ട ജൈവവൈവിധ്യങ്ങളുടെ നാശത്തിലേക്ക് ഇത് വഴിവെക്കുകയും ചെയ്യുന്നു.
- നദികളിലേക്ക് തുറക്കുന്ന മലിനജലത്തിന്റെയും മാലിന്യത്തിന്റെയും വഴികൾ അടക്കുന്നതിന് അത്തരത്തിലുള്ളവ എവിടെയും ജലത്തിൽ കലരുന്നില്ലായെന്നും ഉറപ്പുവരുത്തണം. മാലിന്യങ്ങളെ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും അവയെ വളമാക്കി ഉപയോഗിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും അത് നടപ്പിലാകുന്നുവെന്ന് കർശനമായി ഉറപ്പുവരുത്തുകയും ചെയ്യുക. ജലാശയങ്ങളിലെത്തുന്ന മറ്റൊരു പ്രശ്നമാണ് പ്ലാസ്റ്റിക്. ഉപയോഗത്തിനുശേഷം വലിച്ചെറിയപ്പെടുന്ന പ്ലാസ്റ്റിക് വലിയ പാരിസ്ഥിതികപ്രശ്നങ്ങളാണ് സൃഷ്ടിക്കുന്നത്. പ്ലാസ്റ്റിക്കിന്റെ ഉപയോഗത്തെ നിരുത്സാഹപ്പെടുത്തുകയും ഉപയോഗിക്കുന്നുവെങ്കിൽ അവ ശാസ്ത്രീയമായി തന്നെ പുനർ ഉപയോഗത്തിനായി സംസ്കരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുക.
- കുളങ്ങൾ ചെളിയും അഴുക്കും നിറഞ്ഞ് കിടക്കുന്ന അവസ്ഥയുണ്ട്. ഇവ ചെളിയും അഴുക്കും അടിഞ്ഞ് നശിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിൽ തദ്ദേശസ്ഥാപനങ്ങൾ കൃത്യമായ പദ്ധതികൾ തയ്യാറാക്കുക. പ്രാദേശികമായ കൂട്ടായ്മകൾ ഒരുക്കി ആരാധനാലയങ്ങളോട് ചേർന്ന കുളങ്ങളും ജലാശയങ്ങളും സംരക്ഷിക്കാനാവും. സന്നദ്ധസംഘടനകളുടെ പങ്കാളിത്തവും ഉറപ്പുവരുത്താം.
- ജലത്തിന്റെ വാണിജ്യ ഉപയോഗത്തിൽ കർശനമായ നിയന്ത്രണം കൊണ്ടുവരണം. പുഴകളിൽ നിന്നും കിണറുകളിൽ നിന്നും ഇത്തരത്തിൽ എടുക്കുന്ന ജലത്തെ കുറിച്ചുള്ള കൃത്യമായ ഓഡിറ്റിംഗ് ഉണ്ടാവണം. പൊതുവായ സൗകര്യങ്ങളെ ലാഭേച്ഛയോടെ കൊള്ള ചെയ്യുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ അത്തരത്തിലുള്ള പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്നതിന് പ്രാദേശികമായ കൂട്ടായ്മകൾ ശക്തിപ്പെടുത്തണം. ജലം ഇത്തരത്തിലെടുക്കുന്ന സ്ഥാപനങ്ങളെ റീചാർജിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തി അത്തരം ശ്രമങ്ങൾ അവരെ കൊണ്ട് നടത്തിക്കാനും സാധിക്കണം.

മണ്ണിന്റെ സവിശേഷമായ ജൈവഘടനയെ അറിഞ്ഞുകൊണ്ട് ജലത്തെ സംരക്ഷിക്കുവാൻ നമ്മുക്ക് സാധിക്കാതെ വരികയാണെങ്കിൽ വലിയ പ്രതിസന്ധിയിലേക്കായിരിക്കും നാം പോകുക എന്നതിൽ സംശയമില്ല. മണ്ണിലെ അതിസൂക്ഷ്മങ്ങളായ ജീവാണുക്കൾ മുതൽ പലതിന്റെയും നിലനിൽപും മാറ്റവുമാണ് ഈ പ്രകൃതിയെ നിലനിർത്തുന്നത്. അവ നശിക്കുന്ന സാഹചര്യമുണ്ടായാൽ നമ്മുടെ ജീവിതത്തെ തന്നെയാണ് അത് പ്രതികൂലമായി ബാധിക്കുക.

- പരിസ്ഥിതിക്ക് ആഘാതമുണ്ടാക്കുന്ന വിധത്തിലുള്ള വാട്ടർ ഷെഡ് നിർമാണം നടത്തുന്നതിനു പകരം പരമ്പരാഗതമായതും ചെലവു കുറഞ്ഞതും എന്നാൽ കൂടുതൽ പ്രായോഗികവുമായ ജൈവമാർഗങ്ങൾ സ്വീകരിക്കണം. നദികളുടെയും തോടുകളുടെയും കുളങ്ങളുടെയും തീരം സംരക്ഷിക്കുന്നതിന് നടപടിയുണ്ടാവണം. ജൈവരീതിയിൽ തന്നെ ഇവ സംരക്ഷിക്കുവാൻ സാധിക്കണം.
- പുരയിടത്തിൽ കൃഷി ശക്തിപ്പെടുത്തുന്നതിന് ശ്രദ്ധിക്കണം. ജൈവകൃഷിരീതി കൂടുതൽ പ്രാവർത്തികമാക്കാനും കർഷകന് അതിന്റെ മെച്ചം ലഭിക്കുന്ന വിധത്തിൽ മുന്നോട്ടുകൊണ്ടുപോകുവാനും സാധിക്കണം.
- വ്യവസായത്തിന്റെയും ടൂറിസത്തിന്റെയും പേരിൽ നദികളിലേക്കും ജലാശയങ്ങളിലേക്കും മാലിന്യം തള്ളുന്ന രീതി പലയിടത്തും കണ്ടുവരുന്നുണ്ട്. മാലിന്യത്തിന്റെ ഉറവിടം കണ്ടെത്തുന്നതിനും അതേത് തരമാണെന്നും അതിന്റെ തീവ്രത അനുസരിച്ച് എങ്ങനെ അവ സംസ്കരിക്കാമെന്നും പരിശോധിച്ച് മതിയായ സൗകര്യങ്ങൾ ഉറപ്പുവരുത്തുവാൻ ഇതുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെ ഓർമപ്പെടുത്തുകയും അത് ചെയ്യുന്നുവെന്ന് ഉറപ്പാക്കുകയും ചെയ്യുക. അല്ലാത്തപക്ഷം അവർക്കെതിരായി കർശന നടപടി സ്വീകരിക്കാനും സാധിക്കണം.
- മണ്ണിന്റെ സവിശേഷമായ ജൈവഘടനയെ അറിഞ്ഞുകൊണ്ട് ജലത്തെ സംരക്ഷിക്കുവാൻ നമ്മുക്ക് സാധിക്കാതെ വരികയാണെങ്കിൽ വലിയ പ്രതിസന്ധിയിലേക്കായിരിക്കും നാം പോകുക എന്നതിൽ സംശയമില്ല. മണ്ണിലെ അതിസൂക്ഷ്മങ്ങളായ ജീവാണുക്കൾ മുതൽ പലതിന്റെയും നിലനിൽപും മാറ്റവുമാണ് ഈ പ്രകൃതിയെ നിലനിർത്തുന്നത്. അവ നശിക്കുന്ന സാഹചര്യമുണ്ടായാൽ നമ്മുടെ ജീവിതത്തെ തന്നെയാണ് അത് പ്രതികൂലമായി ബാധിക്കുക. രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗത്തെ പരമാവധി കുറച്ചുകൊണ്ടുള്ള ഒരു കാർഷികസംസ്കാരത്തെയും ജീവിതരീതിയെയും നമ്മുക്ക് കൂട്ടുപിടിക്കാം.

*(ദേശീയ ആരോഗ്യദൗത്യത്തിൽ കമ്മ്യൂണിക്കേഷൻ ആന്റ് ഡോക്യുമെന്റേഷൻ ജൂനിയർ കൺസൾട്ടന്റാണ്.)*

*എല്ലാവർക്കും പാർപ്പിടം*
*11-ാം പേജിൽ നിന്നും തുടർച്ച*

- സംസ്ഥാന തലത്തിലും ജില്ലാതലത്തിലുമുള്ള മിഷനുകൾ, കമ്പനികൾ ഗവൺമെന്റിതര സംഘടനകൾ, സാമൂഹിക സംഘടനകൾ, മത സ്ഥാപനങ്ങൾ എന്നിവകളുമായി ഭവന നിർമ്മാണത്തിന് പങ്കാളിത്തത്തിൽ ഏർപ്പെടാവുന്നതും ഇത്തരം നിർമ്മാണ പ്രവർത്തനങ്ങൾ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളുടെ ഓഡിറ്റിംഗിന് വിധേയമാക്കാവുന്നതുമാണ്.
- മണൽ ഉൾപ്പെടെയുള്ള നിർമ്മാണ സാമഗ്രികളുടെ ലഭ്യത, ഭവനനിർമാണത്തിന് മുൻഗണനനാടിസ്ഥാനത്തിൽ ഉറപ്പ് വരുത്താൻ ജില്ലാ കളക്ടർമാർ നേതൃത്വം നൽകുന്നതാണ്.
- ഭവനനിർമാണത്തിനാവശ്യമായ നിർമാണസാമഗ്രികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ പെടുത്തി നിർമിച്ച് നൽകാവുന്നതാണ്. ഇതിലൂടെ ഏകദേശം 90 ദിവസത്തെ തൊഴിൽ ലഭ്യമാക്കുന്നതിനു പുറമേ ഭവനനിർമാണത്തിന് ആവശ്യമായ അധികവിഭവ സമാഹരണവും സാധ്യമാകുന്നതാണ്.
- ലൈഫ് പ്രോജക്ടിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും സൂക്ഷ്മപരിശോധന നടത്താനും മുൻഗണന നിർണയിക്കാനും ലൈഫ് പദ്ധതി രേഖയിൽ വിവരിക്കുന്ന ശാസ്ത്രീയ മാനദണ്ഡങ്ങളും പ്രക്രിയകളും ഉപയോഗിക്കുന്നതാണ്.
- ലൈഫ് പ്രോജക്ട് നടപ്പാക്കാനായി മിച്ച ഭൂമി, സർക്കാർ ഭൂമി എന്നിവ ഉൾപ്പെടെ അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോടൊപ്പം ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തുന്നതാണ്.
- പദ്ധതി നിർവഹണത്തിൽ ലൈഫ് പ്രോജക്ടിലെ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിന് സാമൂഹിക വിദഗ്ദ്ധരുടെ സഹായത്താൽ ഒരു പങ്കാളിത്ത നടത്തിപ്പ് രീതി അനുവർത്തിക്കുന്നതാണ്.
- കേന്ദ്രസർക്കാർ ഏജൻസിയായ ബിൽഡിംഗ് ടെക്നോളജി പ്രമോഷൻ കൗൺസിൽ കണ്ടെത്തിയിട്ടുള്ള പ്രീ എഞ്ചിനീയറിംഗ്, പ്രീ ഫാബ് സാങ്കേതിക വിദ്യകൾ പദ്ധതി നിർവഹണത്തിൽ ഉപയോഗിക്കുന്നതും ഇതിനായി ആവശ്യമുള്ള പരിശോധനകൾ നടത്തുന്നതിനും അനുയോജ്യത ഉറപ്പുവരുത്തുന്നതിനും ആവശ്യമായ ശുപാർശകൾ നൽകുന്നതിന് മുഖ്യ തേർഡ് പാർട്ടി ടെക്നിക്കൽ ഏജൻസികളെ ചുമതലപ്പെടുത്തുന്നതുമാണ്.
- ന്യൂനപക്ഷ വിഭാഗത്തിലെ സ്വന്തമായി വീടില്ലാത്ത എന്നാൽ രണ്ടു സെന്റ് ഭൂമിയുള്ള വിധവകൾക്കും, ഭർത്താവ് ഉപേക്ഷിച്ചവരുമായ സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന നിർമാണ പദ്ധതിയും ഈ പദ്ധയിൻ കീഴിൽ ഉൾപ്പെടുത്തും.
- പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ മുഖേന നടപ്പിലാക്കുന്ന ഭവനനിർമാണ പദ്ധതികളും ഈ പദ്ധതിയുമായി സംയോജിപ്പിക്കുന്നതാണ്.

കേവലമായ ഭവനനിർമാണം എന്നതിലുപരി ഗുണഭോക്തൃ കുടംബങ്ങളുടെ സർവതോന്മുഖമായ വികസനം ഉറപ്പു വരുത്തുന്ന ഒരു പദ്ധതിയായിട്ടാണ് ലൈഫ് പ്രോജക്ടിനെ സംസ്ഥാന സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്. ഭവനരഹിതർക്കായി പാർപ്പിടസമുച്ചയങ്ങൾ നിർമ്മിക്കുമ്പോൾ അതിന് അനുബന്ധമായി ആരോഗ്യ വിദ്യാഭ്യാസ, ശുചിത്വസൗകര്യങ്ങളും ഉപജീവനസാധ്യതകളും ഉറപ്പുവരുത്താനും സർക്കാർ ലക്ഷ്യമിടുന്നു. തൊഴിൽ രഹിതരായ കുടുംബങ്ങൾക്ക് ഗ്രാമപ്രദേശങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ പെടുത്തിയും നഗരപ്രദേശങ്ങളിൽ അയ്യങ്കാളി നഗരതൊഴിലുറപ്പു പദ്ധതിയിൽ പെടുത്തിയും കുറഞ്ഞത് നൂറു ദിവസത്തെ അവിദഗ്ദ്ധ തൊഴിൽ ഉറപ്പു വരുത്താൻ നമുക്ക് സാധിക്കണം. ഇതിലൂടെ ഈ കുടുംബങ്ങൾക്ക് മിനിമം വരുമാനവും സാമ്പത്തിക സ്വാശ്രയത്വവും ലഭ്യമാക്കാൻ കഴിയും. കൂടാതെ ഇത്തരം കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ അംഗങ്ങൾക്ക് ദേശീയ ഉപജീവനമിഷൻ, ദീനദയാൽ ഗ്രാമീണ കൗശല്യയോജന തുടങ്ങിയ പദ്ധതികളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി വൈദഗ്ദ്ധ്യ വികസന പരിശീലനവും സ്ഥിരമായ തൊഴിലും ഉറപ്പുവരുത്താൻ സാധിക്കുന്നതാണ്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കാൻ താല്പര്യമുള്ളവർക്കായി വിവിധ കേന്ദ്ര സംസ്ഥാന പദ്ധതികളിൽപ്പെടുത്തി ബാങ്ക് വായ്പയും സബ്സിഡിയും പരിശീലനവും ലഭ്യമാക്കുവാൻ സാധിക്കുന്നതാണ്. കൂടാതെ ഇത്തരം പാർപ്പിട സമുച്ചയങ്ങളോടനുബന്ധിച്ച് കളിസ്ഥലം, ക്രഷ്, അംഗൻവാടി, കുടിവെള്ളം, ശുചിമുറികൾ, മാലിന്യസംസ്ക്കരണ ഉപാധികൾ, പ്രാഥമിക ആരോഗ്യസംവിധാനങ്ങൾ എന്നിവയും ഉറപ്പുവരുത്തുന്നതാണ്. പരിശീലനം നല്കുന്നതിന് സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പ്രവർത്തനസജ്ജമാകുന്ന RSEITകളെ പ്രയോജനപ്പെടുത്തേണ്ടതാണ്.

## സംഘടനാ സംവിധാനം

മുഖ്യമന്ത്രി അദ്ധ്യക്ഷനായും തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി സഹ അദ്ധ്യക്ഷനായും സംസ്ഥാന തല പാർപ്പിട മിഷൻ രൂപീകരിക്കുന്നതാണ്. മിഷനെ സഹായിക്കുന്നതിന് കർമസേനയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഉണ്ടായിരിക്കുന്നതാണ്.

പദ്ധതി പൂർണതയിൽ എത്തിക്കുന്നതിനാവശ്യമായ നയപരമായ തീരുമാനങ്ങ ളെടുക്കുക. ഭൂമിലഭ്യത ഉറപ്പാക്കുക, മേൽനോട്ട സംവിധാനങ്ങളുടെ പ്രവർത്തനം ഉറപ്പാക്കുക എന്നിവയാണ് സംസ്ഥാന മിഷന്റെ പ്രധാന ദൗത്യങ്ങൾ.

ജില്ലാതലത്തിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള ജില്ലാതല മിഷൻ ഉണ്ടായിരിക്കുന്നതാണ്. ഭൂമിലഭ്യത ഉറപ്പാക്കുകയാണ് ജില്ലാതല മിഷന്റെ പ്രാഥമിക ചുമതല.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പൂർണ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഗുണഭോക്താവിനെ കണ്ടെത്തുക, പദ്ധതിയുടെ ഭാഗമായി നിർമിക്കുന്ന കെട്ടിട സമുച്ചയത്തിനാവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക, സാമൂഹ്യസുരക്ഷയും ജീവനോപാധിയും ഉറപ്പാക്കുക എന്നിവയാണ് തദ്ദേശ സ്ഥാപന ങ്ങളുടെ പ്രധാന ചുമതലകൾ.

13-ാം പദ്ധതിയുടെ നിർവഹണം ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ടം എന്ന നിലയിൽ വർദ്ധിച്ച ജനപങ്കാളിത്തത്തോടെ നടപ്പിൽ വരുത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സ്വാഭാവികമായും ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിനിയോഗം സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള നവകേരളമിഷൻ പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് കൂടുതൽ ഫലപ്രദവും ജനോപകാരപ്രദവുമായി നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

# ജൈവ വൈവിധ്യം: അറിയേണ്ടതും ഓർക്കേണ്ടതും

**അജിത്ത് വെണ്ണിയൂർ** | **ഭാഗം 2**

മനുഷ്യൻ ആരോഗ്യവാനായിരിക്കണമെങ്കിൽ ജൈവവൈവിദ്ധ്യത്തെ ആശ്രയിക്കണം. പോഷകാഹാരം, ശുദ്ധജലം എന്നിവ ലഭ്യമാക്കിയും മാലിന്യങ്ങൾ സംസ്കരിച്ചും ആരോഗ്യകരമായ ആവാസ വ്യവസ്ഥ മനുഷ്യനെ രോഗങ്ങളിൽ നിന്ന് സംരക്ഷിക്കുന്നു. ഇതിനുപുറമേ ഒട്ടേറെ സസ്യങ്ങളും ജീവജാലങ്ങളും ഔഷധ ഗവേഷണത്തിനും ഔഷധങ്ങൾക്കും ആവശ്യമാണ്.

ഉദാഹരണത്തിന് ഒരിനം ഒച്ചിൽ നിന്നെടുക്കുന്ന വിഷത്തിൽ നിന്നുണ്ടാക്കുന്ന പുതിയ വേദന സംഹാരി മോർഫിനേക്കാൾ ശക്തമാണ്. എന്നാൽ അത് തുടർച്ചയായി ഉപയോഗിക്കുന്നതുമൂലം വലിയ ദോഷങ്ങൾ ഉണ്ടാക്കുന്നുമില്ല. പസിഫിക് യൂ മരത്തിൽ നിന്നെടുക്കുന്ന പാക്ടിടാക്സൽ (Pactitaxel) എന്ന ഔഷധം സൂന, ഗർഭാശയ അർബുദത്തിന് ഫലപ്രദമാണ്. പ്രമേഹം, കിഡ്നി സ്തംഭനം തുടങ്ങിയ രോഗങ്ങൾ ഭേദമാക്കാൻ പോളാർ കരടികൾക്ക് കഴിയും. ഇവ വിസ്മൃതിയിലാണ്ടാൽ ഈ രഹസ്യങ്ങളും നമുക്ക് നഷ്ടപ്പെടും.

**ജൈവ ഔഷധ ഗവേഷണത്തിൽ സൂക്ഷ്മാണു ജീവികളുടെ ഉപയോഗം മനുഷ്യക്ഷേമം ഉയർത്താൻ പര്യാപ്തമാണ്. ഗവേഷണ മൃഗങ്ങളെ മനുഷ്യത്വപരമായും ബഹുമാനത്തോടെയും പരിചരിക്കണമെന്നാണ് ചൊല്ല്.**

കാർഷികാവശ്യങ്ങൾക്കോ പാർപ്പിടത്തിനോ ആയി വനഭൂമി പ്രത്യേകിച്ചും ഉഷ്ണമേഖല പ്രദേശങ്ങളിൽ വെട്ടിത്തെളിക്കുന്നത് മനുഷ്യന്റെ ആരോഗ്യത്തിന് ഏറെ ഹാനികരമാണ്. ഇതുമൂലം മനുഷ്യന് വന്യജീവികളുമായുള്ള സാമീപ്യം കൂടുകയും അവയിൽ നിന്നുള്ള രോഗങ്ങൾ മനുഷ്യരിലേക്ക് വ്യാപിക്കാൻ ഇടയാക്കുകയും ചെയ്യും. എച്ച്.ഐ.വി.വാഹകരായ അപരിഷ്കൃത മനുഷ്യരെ ഈ രോഗം സംബന്ധിച്ച പഠനത്തിന് ആവശ്യമാണ്. ആവാസസംവിധാനത്തിലേയും മറ്റും മാറ്റങ്ങൾ കാട്ടുജാതികളുടെ



നിലനില്പിന് ഭീഷണിയാണ്. എയ്ഡ്സിന് ഫലപ്രദമായ ഔഷധം കണ്ടെത്തുന്നതിനുള്ള സാദ്ധ്യതക്ക് ഇത് മങ്ങലേൽപിക്കും. പന്നികൾ, പക്ഷികൾ, മനുഷ്യർ എന്നിവരിൽ നിന്നുള്ള ഇൻഫ്ളുവൻസാ വൈറസ് സ്ഥിരമായ ജനിതകമാറ്റത്തിന് കാരണമാകുന്നുണ്ട്. എച്ച്1 എൻ1 പോലെയുള്ള മാരകമായ പകർച്ചവ്യാധികൾ പൊട്ടിപുറപ്പെടുന്നതിന് കാരണം ഈ ജനിതകമാറ്റമാണ്. വന്യജീവികളുടെ വാസസ്ഥലം ചുരുങ്ങുന്നതുമൂലം അവയും വളർത്തുമൃഗങ്ങളും മനുഷ്യരും എല്ലാമായിട്ടുള്ള സാമീപ്യവും സംസർഗ്ഗവും വർദ്ധിക്കുകയും ഇത് പരസ്പരമുള്ള രോഗബാധയ്ക്ക് കാരണമാവുകയും ചെയ്യും.

ജൈവ ഔഷധ ഗവേഷണത്തിൽ സൂക്ഷ്മാണു ജീവികളുടെ ഉപയോഗം മനുഷ്യക്ഷേമം ഉയർത്താൻ പര്യാപ്തമാണ്. ഗവേഷണ മൃഗങ്ങളെ മനുഷ്യത്വപരമായും ബഹുമാനത്തോടെയും പരിചരിക്കണമെന്നാണ് ചൊല്ല്.

## മനുഷ്യന്റെ ആരോഗ്യവും ജൈവ വൈവിദ്ധ്യവും

### ഓർമ്മിക്കാൻ

- ബി.സി. 2600 മുതൽ ഔഷധമായി ഉപയോഗിച്ചുവരുന്ന ദേവതാരു, സൈപ്രസ്, Licorice, Myrrh, പോപ്പി എന്നിവയുടെ എണ്ണ ഇന്നും ഔഷധമായി ഉപയോഗിച്ചുവരുന്നു.
- ആന്റിബയോട്ടിക്കുകൾ സൂക്ഷ്മജീവികളിൽ നിന്നാണ് നിർമ്മിക്കുന്നത്. ഈ ഗണത്തിലെ ആദ്യ ഇനമായ പെൻസിലിൻ നിർമ്മിക്കുന്നത് പെൻസിലിയം പൂപ്പലിൽ നിന്നാണ്.
- സൂക്ഷ്മജീവികളിലെ ഔഷധ സാദ്ധ്യതകൾ നാം അറിഞ്ഞതിനേക്കാൾ ഇനി അറിയാനുള്ളവയാണ് ഏറെ. ഒരു മില്ലിലിറ്റർ കടൽ വെള്ളത്തിൽ ഒരു ദശലക്ഷം ബാക്ടീരിയ ഉള്ളതായാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. ഒരു ഗ്രാം മണ്ണിൽ ഇത് 100 ദശലക്ഷം വരും.
- ഇന്ന് മലമ്പനി ചികിത്സക്ക് ഉപയോഗിക്കുന്ന ഫലപ്രദമായ ഔഷധം സസ്യങ്ങളിൽ നിന്നാണ് എടുക്കുന്നത്.
- പടിഞ്ഞാറൻ രാജ്യങ്ങളിൽ വ്യാപകമായി കാണുന്ന അന്ധതക്കുള്ള ഔഷധം സ്രാവ് മത്സ്യത്തിൽ നിന്നാണുണ്ടാകുന്നത്. മനുഷ്യന്റെ കിഡ്നിയുടെയും രോഗപ്രതിരോധ ശേഷിയുടെയും പ്രവർത്തനം മനസിലാക്കാൻ നമ്മെ സഹായിക്കുന്നതും സ്രാവുകളാണ്.
- ആന്റിബയോട്ടിക്കുകളുടെ പ്രതിരോധശക്തി വർദ്ധിപ്പിക്കാതെ തന്നെ അവ ഫലപ്രദമായി ഉപയോഗിക്കാൻ ഉഭയജീവികൾ ഉല്പാദിപ്പിക്കുന്ന ചില സൂക്ഷ്മകൂട്ടുകൾകൊണ്ട് സാധിക്കും.
- പൊണ്ണത്തടിയുമായി ബന്ധപ്പെട്ട പ്രമേഹം ലോകത്ത് ഏകദേശം 150 ദശലക്ഷം പേർക്കുണ്ട്. ഇവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഒരു പ്രത്യേകതരം കരടിയിൽ നടത്തിവരുന്ന പരീക്ഷണം ഈ രോഗത്തിന് ഏറെ ഫലപ്രദമായ ഔഷധം കണ്ടെത്തുമെന്നാണ് പ്രതീക്ഷ.
- Schistosomiasis എന്ന മാനസിക രോഗം ഓരോ വർഷവും 200 ദശലക്ഷം ആളുകളെ ബാധിക്കുന്നു. ശുദ്ധജല ഒച്ചുകളാണ് ഇത് പരത്തുന്നത്. ജലാശയങ്ങളിലെ ക്രമാതീതമായ മത്സ്യബന്ധനം ഇവയ്ക്ക് ഭീഷണിയാണ്.
- ഉഷ്ണമേഖല പ്രദേശങ്ങളിലെ വനനശീകരണം ഒച്ചുകളും മലമ്പനി പരത്തുന്ന കൊതുകുകളും പെരുകാൻ ഇടയാകുന്നു.

*(അവലംബം: കൺവെൻഷൻ ഓൺ ബയോളജിക്കൽ ഡൈവേഴ്സിറ്റി)*



# രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിൻ
## സംസ്ഥാനതല ശില്പശാല, ഐ.എം.ജി., തിരുവനന്തപുരം 26.08.2016
# ഗ്രൂപ്പുകളുടെ റിപ്പോർട്ട്

*(അവസാന ഭാഗം)*

### IV. പാർശ്വവൽകൃത സമൂഹങ്ങളുടെ ക്ഷേമം, വികസനം, സംരക്ഷണം, ശാക്തീകരണം

കുട്ടികൾ, സ്ത്രീകൾ, വയോജനങ്ങൾ, മാത്സ്യതൊഴിലാളികൾ, അഗതികൾ, ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർ എന്നീ പാർശ്വവത്കൃത സമൂഹത്തിന്റെ ക്ഷേമം, വികസനം, സംരക്ഷണം, ശാക്തീകരണം തുടങ്ങിയവയാണ് ചർച്ച ചെയ്തത്.

കരട് നിർദ്ദേശങ്ങളിൽ പറഞ്ഞിരുന്ന, പ്രശ്നാപഗ്രഥന സമീപനം, ആവശ്യാധിഷ്ഠിത സമീപനം, ദരിദ്രപക്ഷ സമീപനം, സുസ്ഥായിയായ ശാക്തീകരണ സമീപനം, രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പങ്കാളികൾ ആക്കുന്നതിന് പ്രാപ്തരാക്കുന്ന സമീപനം എന്നിവയിലൂന്നിയാണ് ചർച്ച തുടങ്ങിയത്. ഇന്റഗ്രേഷൻ സാദ്ധ്യതകൾ എല്ലാ മേഖലയിലും (ഫണ്ട്, സേവനം) ഉറപ്പാക്കണം.

### പട്ടികവർഗ്ഗ വികസനം/പട്ടികജാതി വികസനം

നിലവിലുള്ള എസ്.സി, എസ്.ടി സർവ്വെ ഡാറ്റാ പുതുക്കുകയും ന്യൂനതകൾ പരിഹരിക്കുകയും വേണം. ഗുണഭോക്തൃ ലിസ്റ്റ് ഗ്രാമസഭാ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം. ആശാ വർക്കർ, അങ്കണവാടി വർക്കർ, കുടുംബശ്രി പ്രവർത്തകർ, പ്രൊമോട്ടർമാർ തുടങ്ങിയവരടങ്ങിയ ശൃംഖല സംവിധാനം ഉണ്ടാക്കണം. ഊരുകൂട്ടം ശക്തിപ്പെടുത്തുന്നതിനായി, ഐ.ഇ.സി സംവിധാനം, കോർഡിനേറ്റർമാർ, കമ്മ്യൂണിക്കേഷൻ ഓഫീസർ എന്നിവരുടെ സേവനങ്ങൾ പരസ്പര ബന്ധിതമായി ഏകോപിപ്പിക്കണം. നിലവിലുള്ള പ്രൊമോട്ടർമാരുടെ തിരഞ്ഞെടുപ്പും അവരുടെ പ്രവർത്തനവും ഫലപ്രദമാക്കണം. മാധ്യമങ്ങളുടെ പിന്തുണ വികസനപ്രവർത്തനങ്ങളിൽ പ്രയോജനപ്പെടുത്തണം. ഭവന നിർമ്മാണം പോലുള്ള ആസ്തി നിർമ്മാണം ആവാസവ്യവസ്ഥക്കനുയോജ്യമായതും പരിസ്ഥിതി സൗഹൃദപരവുമായ രീതിയിലായിരിക്കണം. പ്രത്യേക കുടുംബശ്രീ സംവിധാനങ്ങൾ രൂപീകരിച്ച് സ്കിൽ ഡവലപ്മെന്റ് , അവയർനെസ് ക്ലാസുകൾ തുടങ്ങിയവ നൽകണം. ഊരുകളിലെ വിദ്യാസമ്പന്നരായ യുവജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കണം. ജി.ഐ.എസ് സംവിധാനം, ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്, സോഷ്യൽ മാപ്പ് ഇവ തയ്യാറാക്കുന്നതിന് പ്രയോജനപ്പെടുത്തണം. മതവിവേചനം, ഒറ്റപ്പെടുത്തലുകൾ പോലുള്ള പ്രശ്നങ്ങൾ, കാമ്പയിൻ പരിപാടികളിലൂടെ പരിഹരിക്കണം.

വികസന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒന്നുപോലെ അക്കൗണ്ടബിൾ ആയിരിക്കണം. എസ്.സി/എസ്.ടി ഫണ്ട് വിനിയോഗത്തിൽ പരിഹാര വകയിരുത്തൽ പുന:സ്ഥാപിക്കേണ്ടതാണ്. ശരിയായ വിലയിരുത്തലിനുശേഷം എസ്.സി, എസ്.ടി സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുവാൻ നടപടിവേണം. മലപ്പുറത്തെ മാഞ്ചിരി കോളനിയിലെ മലമുത്തന്മാർ പോലെയുള്ള ആദിവാസി സമൂഹങ്ങളെ എസ്.ടി വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണം.

വ്യക്തിഗതമായ ആനുകൂല്യങ്ങൾ നൽകുന്നതിന് ഊരുകൂട്ട തീരുമാനം ആവശ്യമാണ്. അതിലേക്ക് വരുമാന പരിധി നിജപ്പെടുത്തുകയും വേണം. ശാക്തീകരിക്കപ്പെട്ടുവന്ന എസ്.സി, എസ്.ടി വിഭാഗങ്ങളെ സ്ഥായിയായി നിലനിർത്തി കൊണ്ട് സുസ്ഥിര വികസനത്തിന്റെ ഭാഗമാക്കണം. അതിന് പഞ്ചായത്ത് ശ്രദ്ധിക്കണം.

### വനിതകൾ

ലഭ്യമായ പൊതുഇടങ്ങളിലേക്ക് സ്ത്രീ സാന്നിദ്ധ്യം ഉണ്ടാകുവാനുള്ള ബോധപൂർവ്വമായ ഇടപെടലുകൾ പഞ്ചായത്തിന്റെ പദ്ധതിയിലുണ്ടാവണം.

യുവതലമുറയുടെ ഊർജ്ജത്തെ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്ന രീതിയിൽ ക്ലബ്ബുകൾ, ഹെൽത്ത് ക്ലബ്ബുകൾ തുടങ്ങിയവ ഉണ്ടാകണം. കൂടാതെ യുവതലമുറയിൽ സാംസ്ക്കാരികവും നേതൃത്വപരവുമായ ചിന്തകൾ വളർത്തിയെടുക്കുന്നതിനുള്ള ഇടപെടലുകൾ ഉണ്ടാവണം.

പദവി പഠനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നവിശകലനം നടത്തികൊണ്ടുവേണം പദ്ധതികൾ രൂപീകരിക്കാൻ. പഞ്ചായത്തുകളെ പ്രാപ്തരാക്കുകയും നടപ്പിലാക്കുകയും ചെയ്യുക.

### മൂന്നാംലിംഗത്തിൽപ്പെട്ടവർ

- പുറം സംസ്ഥാനങ്ങളിലേക്ക് പോയവർക്ക് പുനരധിവാസം ഉൾപ്പെടെയുള്ള പദ്ധതികൾ തയ്യാറാക്കണം.

### മുതിർന്ന പൗരന്മാർ

- ദേശീയ സംസ്ഥാന നയങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും വയോജനനയം ഉണ്ടാക്കണം.
- വൃദ്ധസദനങ്ങളുടെ എണ്ണം കുറക്കുകയും പകൽവീട് ശക്തമാക്കുകയും വേണം.
- വികസന റിപ്പോർട്ട് തയ്യാറാക്കുമ്പോൾ ഇവരുടെ അറിവ് ഈ കൂട്ടായ്മകളിൽ നിന്നും ശേഖരിക്കാവുന്നതാണ്. വൃദ്ധരെ ആദരിക്കൽ, പാരമ്പര്യവൈദ്യം, മുത്തശ്ശി കഥകൾ എന്നിവയ്ക്ക് ഇടങ്ങൾ ഉണ്ടാകണം.

**ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ**

- സ്പെഷൽ ആശ്രയ പാക്കേജ് വരണം
- Attacking disability model
- Skill training നൽകണം.
- Buds Rehabilitation centreകൾ ഭിന്നശേഷിക്കാരുടെ എണ്ണത്തിന് അനുപാതമായി ഉണ്ടാവണം..

**ആശ്രയ**

വിശദമായ പഠനങ്ങളുടെ അടിസ്ഥാനത്തിൽ വേണം 'ആശ്രയ' തെരഞ്ഞെടുപ്പു വേണ്ടത്. നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടപ്പാക്കാവുന്നതാണ്. പുതിയ ആശ്രയ വിഭാഗക്കാർ ഉണ്ടാകാത്ത സാഹചര്യം സൃഷ്ടിക്കുക ആയിരിക്കണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യം.

**കുട്ടികൾ**

- രണ്ടാം തലമുറ പ്രശ്നങ്ങൾ, സംരക്ഷണ പ്രശ്നങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടണം.
- PTA ശാക്തീകരണം,മാതാപിതാക്കളുടെ ബോധവൽക്കരണം ഇവ ഉൾപ്പെടണം
- കൗമാരപ്രായക്കാരുടെ ക്ലബ്ബുകൾ, നേതൃത്വ വികസന പരിപാടികൾ എന്നിവ ഉണ്ടാകണം. യുവജനങ്ങൾക്ക് പഞ്ചായത്ത് വർക്കിംഗ് ഗ്രൂപ്പുകളിൽ പങ്കാളിത്തം വേണം. കുട്ടികളുമായി വർക്കിംഗ് ഗ്രൂപ്പ് അവരുടെ പ്രശ്നങ്ങളെ ക്കുറിച്ച് ചർച്ച നടത്തണം. പ്രൊട്ടക്ഷനുവേണ്ടി അവകാശാധിഷ്ഠിത സമീപനം വേണം.
- Student Police Cadet സംവിധാനം എല്ലാ ഹയർ സെക്കണ്ടറി സ്കൂളുകളിലും രൂപീകരിക്കണം.
- പാഠ്യപദ്ധതിയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന കരിക്കുലം ആവശ്യമാണ്.

**മത്സ്യമേഖല**

- വകുപ്പിന്റെ പരിപാടികൾ തദ്ദേശഭരണ സ്ഥാപനത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കണം.
- തൊഴിൽ പരിശീലനം, പഠനാന്തരീക്ഷം ഇവക്ക് സേവാകേന്ദ്രങ്ങളും നിലവിലുള്ള സ്ഥാപനങ്ങളും ഉപയോഗപ്പെടുത്തണം. ഈ വിഭാഗത്തിന്റെ കുടുംബശ്രീ സംവിധാനം ശക്തിപ്പെടുത്തുന്നതിന് നടപടി വേണം.
- Start up സംവിധാനം ഈ മേഖലയിൽ കൊണ്ടു വരണം.
- മത്സ്യ സ്റ്റാളുകൾ തുടങ്ങുന്നതിന് സഹകരണ ബാങ്കുകളുടെ വായ്പ സംവിധാനം ലഭ്യമാക്കണം.
- മത്സ്യമേഖലയെ പ്രാദേശിക സാമ്പത്തിക വികസനത്തിന്റെ പ്രധാന കണ്ണിയാക്കണം. പരിസ്ഥിതി സംരക്ഷണം, മത്സ്യമേഖലക്ക് നിർണ്ണായകമാണ്. പരിസ്ഥിതി സൗഹൃദ ആസ്തികൾ (വീട്, കക്കൂസ്) അനിവാര്യം.

## V. തദ്ദേശഭരണ നവീകരണം

1. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സ്വതന്ത്രമാക്കണം.
2. ഗ്രാമസഭ തുടർച്ചയായി രണ്ടുതവണ കൂടിയില്ലെങ്കിൽ പഞ്ചായത്ത് അംഗത്തെ അയോഗ്യനാക്കുന്ന വ്യവസ്ഥ പുനസ്ഥാപിക്കുക.
3. മണിശങ്കർ അയ്യർ റിപ്പോർട്ട്, ഉമ്മൻ കമ്മീഷൻ റിപ്പോർട്ട്, വിവിധ ഫിനാൻസ് കമ്മീഷൻ റിപ്പോർട്ടുകളിലെ പ്രസക്തമായ നിർദ്ദേശങ്ങൾ നടപ്പിലാക്കുക.
4. വിവിധ സ്ഥാപനങ്ങളിലെ നിർവ്വഹണ ഉദ്യോഗസ്ഥരെ എക്സ്-ഒഫീഷ്യോ സെക്രട്ടറിയാക്കുക.
5. ശാസ്ത്രീയമായ പഠനം നടത്തി, ജോലിഭാരം കണക്കിലെടുത്ത് തസ്തിക സൃഷ്ടിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തമാക്കുക.
6. സബ്സിഡി, ഗുണഭോക്താവിനെ തിരഞ്ഞെടുക്കാനുള്ള യോഗ്യത എന്നിവ ഏകീകരിക്കുക.
7. 29 വിഷയങ്ങളെക്കുറിച്ചുള്ള അധികാര ഘടനയെ സംബന്ധിച്ച് ഓപ്പറേഷനൽ മാന്വൽ തയ്യാറാക്കുക.
8. പഞ്ചായത്തീരാജ് നിയമത്തിലെ 253-ാം വകുപ്പ് പുനസ്ഥാപിക്കുക.
9. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയുടെ പുറത്തുള്ള കാരണത്താൽ പദ്ധതി തയ്യാറാക്കുന്നതിന് താമസം വന്നാൽ മാത്രം ഫണ്ട് നഷ്ടപ്പെടുന്ന അവസ്ഥ പരിഗണിക്കാവുന്നതാണ്.
10. ഒരു ലക്ഷത്തിൽ കൂടുതൽ ജനസംഖ്യയുള്ള നഗരസഭകളിൽ വാർഡ് കമ്മിറ്റി സംവിധാനം ഒഴിവാക്കുക. നഗരങ്ങളിൽ അയൽസഭ സംവിധാന ഒഴിവാക്കുക.
11. വികസന ഫണ്ട് മേഖല വിഭജന നിബന്ധനകളിലെ അവ്യക്തത ഒഴിവാക്കണം.
12. മാർച്ച് 31-ന് മുമ്പ് പദ്ധതികൾ തയ്യാറാക്കാൻ കഴിഞ്ഞാൽ മാത്രം സെപ്തംബർ 30 വരെ (അടുത്ത സാമ്പത്തിക വർഷം) സ്പിൽ ഓവർ അനുവദിക്കുക. മാർച്ച് 31-ന് ശേഷമാണ് പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നത് എങ്കിൽ സെപ്തംബർ 30-ന് ശേഷവും പദ്ധതി വിനിയോഗത്തിന് അവസരം നൽകുക.
13. സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ട്മെന്റിന്റെ ഓഡിറ്റ് ഫണ്ട് വിനിയോഗത്തിന്റെ ഫലപ്രാപ്തികൂടി അടിസ്ഥാനപ്പെടുത്തിയാക്കുക.
14. ഗുണഭോക്തൃ പട്ടിക 5 വർഷമാക്കുക. മതിയായ കാരണമുണ്ടെങ്കിൽ ആവശ്യമായ പരിഷ്ക്കാരം നടത്തുക. എല്ലാ തരം നവ മാധ്യമങ്ങളിലും പ്രസിദ്ധീകരിക്കുക.
15. വിദ്യാഭ്യാസ സഥാപനങ്ങളിൽ സാമൂഹിക ഉത്തരവാദിത്തം കൊണ്ടുവരിക. ബിരുദം/ ബിരുദാനന്തര ബിരുദം/ തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവർക്ക് ഏറ്റവും കുറഞ്ഞത് 10 ദിവസത്തെയെങ്കിലും അപ്രന്റീസ്ഷിപ്പ്/ ഇന്റേണഷിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നൽകുക. യുവ പ്രൊഫഷണലുകളുടെ സേവനം വിനിയോഗിക്കുക.
16. പൗരാവകാശരേഖ കാലികമാക്കി ജനങ്ങളിൽ എത്തിക്കുക.
17. സേവനാവകാശ നിയമം ഫലപ്രദമായി നടപ്പാക്കുക.
18. ഗുണഭോക്താക്കളുടെ വിവരങ്ങൾ (കുറഞ്ഞത് 10 വർഷം) പൊതുജനങ്ങൾക്ക് ലഭിക്കാവുന്ന തരത്തിൽ വെബ്സൈറ്റിൽ ഉൾപ്പെടെ പ്രസിദ്ധീകരിക്കുക.
19. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മാതൃകയിൽ തദ്ദേശഭരണ സ്ഥാപനതലത്തിലും ബാങ്കേഴ്സ് കമ്മിറ്റി രൂപീകരിക്കുക.

20. Service Audit കൊണ്ടു വരിക.
21. പ്രാദേശികമായ കലാ/കായിക/സാംസ്ക്കാരിക/സ്വാതന്ത്യദിന പരിപാടികൾ സംഘടിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യം നൽകുക.

## VI. വിഭവ സമാഹരണം

തനത് ഫണ്ട്, പ്ലാൻ ഫണ്ട്, സംസ്ഥാന ആവിഷ്കൃത, കേന്ദ്രാവിഷ്കൃത ഫണ്ട്, കേന്ദ്ര ധനകാര്യ കമ്മീഷനിൽ നിന്നുള്ള ഫണ്ട്, മറ്റു പ്രാദേശിക വിഭവങ്ങളിൽ നിന്നുള്ള വരുമാനം, അധിക വരുമാനം എന്നിവയെ കുറിച്ചുള്ള ചർച്ചയാണ് നടന്നത്. താഴെ പറയുന്ന പ്രധാന നിർദ്ദേശങ്ങളാണ് ചർച്ചയിലൂടെ ഉരുത്തിരിഞ്ഞു വന്നത്. ഇവയെ ആസൂത്രണ മാർഗ്ഗരേഖയിൽ വരേണ്ടതും, സർക്കാരിന്റെ നയമായി വരേണ്ടവയുമായ നിർദ്ദേശങ്ങളുമായി തരംതിരിക്കാവുന്നതാണ്.

## തനതു വരുമാനം

1. തനതു വരുമാനത്തിനായി (വിഭവ സമാഹരണത്തിനായി) സ്ഥിരമായി ഒരു തനതുവരുമാന പ്രവർത്തന കമ്മിറ്റി എല്ലാ പഞ്ചായത്ത്-നഗരസഭകളിലും രൂപീകരിക്കേണ്ടതാണ്. പ്രസ്തുത കമ്മിറ്റി നിലവിലുള്ള വരുമാന സ്രോതസ്സുകളെ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും, പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പഞ്ചായത്തുകളെ സഹായിക്കേണ്ടതാണ്.
2. പഞ്ചവത്സര പദ്ധതികൾക്കു മുന്നോടിയായി ടാക്സ് മാപ്പിംഗ് നടത്തേണ്ടതാണ്.
3. (നയപരം)പുതിയ നികുതിയും വിഭവ സ്രോതസ്സുകളും കണ്ടെത്താനുള്ള അവസരം പഞ്ചായത്തുകൾക്കു നൽകുക. ഇതു സംബന്ധിച്ച സർക്കാർ നയം കാലാകാലങ്ങളിൽ സംസ്ഥാന ബജറ്റിൽ പ്രതിപാദിക്കേണ്ടതാണ്. നികുതി സംബന്ധമായി പോളിസി പ്രഖ്യാപിക്കപ്പെട്ടാൽ, അതു നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യം പഞ്ചായത്തിനായിരിക്കണം. പുതിയ നികുതി/വിഭവസ്രോതസ്സ് തദ്ദേശ പദ്ധതിരേഖയുടെ ഭാഗമായി പ്രഖ്യാപിക്കേണ്ടതാണ്.
4. കാലികമായി നികുതി ഓരോ വർഷമോ, രണ്ടുവർഷമോ, രണ്ടുവർഷത്തിലൊരിക്കലോ (2 മുതൽ 5%) വരെ വർദ്ധിപ്പിക്കാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനത്തിനു നൽകേണ്ടതാണ്.
5. പഞ്ചായത്ത് - നഗരസഭയുടെ ലൈസൻസോടുകൂടി, മറ്റു വകുപ്പുകൾ പിരിക്കുന്ന നികുതി/നികുതിയേതര വരുമാനങ്ങളുടെ ഒരു നിർദ്ദിഷ്ട പങ്ക് പഞ്ചായത്തുകൾക്ക് നൽകേണ്ടതാണ്. (മണൽ, പാറ എന്നിവ).
6. പഞ്ചായത്ത്/നഗരസഭ നൽകുന്ന സേവനങ്ങളിൽ നിന്ന് വരുമാനം നികുതി/നികുതിയേതര വരുമാനം സമാഹരിക്കുന്നതിനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതാണ്. ( പാർക്കിംഗ് സ്ഥലം, മാലിന്യം)
7. വിവിധ കേന്ദ്ര സംസ്ഥാന ഏജൻസികൾ നികുതി എക്സംപ്ഷൻ നിർദ്ദേശങ്ങൾ നൽകുമ്പോൾ, വരുന്ന നഷ്ടം പ്രസ്തുത ഏജൻസികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് നികുതി നൽകേണ്ടതാണ്. (ഉദാ. വിമുക്ത ഭടന്മാരുടെ വീടുകൾ)

## അധിക വിഭവ സമാഹരണം

പ്രാദേശിക സാമ്പത്തിക വികസനത്തിനും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും, മറ്റുമായി, ബാങ്കുകൾ, പ്രവാസികൾ തുടങ്ങിയ വരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള Local Investers Meet നടത്തേണ്ടതാണ്.

പഞ്ചായത്തു/നഗരസഭ തലത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പാലിയേറ്റീവ് കെയർ സർവ്വീസ് സൊസൈറ്റി രൂപീകരിച്ച്, കാരുണ്യ പ്രവർത്തനങ്ങൾക്കായി അതത് പഞ്ചായത്തുകളിൽ നിന്ന് ലഭ്യമാക്കാവുന്ന സംഭാവനകൾ, വിഭവങ്ങൾ, മനുഷ്യവിഭവം എന്നിവ ഏകോപിപ്പിക്കുന്നത് ആവശ്യമാണ്. ഇത് സമൂഹത്തിന്റെ മതേതര ജനാധിപത്യ സ്വഭാവം കാത്തുസൂക്ഷിക്കുന്നതിന് ഉപകരിക്കുന്നതാണ്. ഒരു നിർദ്ദിഷ്ട വലിപ്പത്തിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്ന് ബിൽഡിംഗ് ടാക്സിന്റെ 1% സർചാർജ്ജ് ആയി സമാഹരിക്കാവുന്നതാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അക്കൗണ്ടിൽ പലിശയിനത്തിൽ കിടക്കുന്ന തുക വികസന പദ്ധതിയിലേക്ക് ഉപയോഗിക്കേണ്ടതാണ്.

## സഹകരണ മേഖല

സഹകരണ സ്ഥാപനങ്ങളെ ഉല്പാദന മേഖലയുടെ ഉത്തേജനത്തിനായി ഉപയോഗിക്കുന്ന വിധത്തിൽ ആവിഷ്ക്കരിക്കാൻ തദ്ദേശ സ്ഥാപനങ്ങൾക്ക് സാധിക്കണം.

കൃഷി, മൃഗസംരക്ഷണം, മറ്റു അനുബന്ധമേഖലകൾ, ചെറുകിട വ്യവസായം എന്നിവക്കായി പഞ്ചായത്തു നൽകുന്ന സബ്സിഡി, ബാക്ക് എന്റ് സബ്സിഡിയായി സഹകരണ മേഖലക്ക് നൽകുകയും, അതിന്റെ ജാമ്യത്തിൽ 3 മുതൽ 5 ഇരട്ടി വരെ വായ്പ ഗുണഭോക്താവിന് നൽകുകയും ചെയ്യാവുന്നതാണ്. ഇതിലേക്കായി വേണ്ട പരിഷ്കരണം ബൈലോയിൽ വരുത്തേണ്ടതാണ്. ആർബിഐ കാർഷിക വായ്പാ പരിധി കുറയുന്നു എന്ന് ആരോപിക്കുന്നത് ഒരു പരിധി വരെ പരിഹരിക്കാനും ഇതുവഴി സാധിക്കും.

## കേന്ദ്രാവിഷ്കൃത, സംസ്ഥാനാവിഷ്കൃത MLA,MP, ഫണ്ടുകൾ

മേൽ സൂചിപ്പിച്ച വിഭവ സ്രോതസ്സുകളിൽ നിന്ന് ലഭ്യമാകാവുന്ന തുക എത്രയെന്ന് പദ്ധതി രൂപീകരണത്തിനു മുമ്പുതന്നെ പഞ്ചായത്തു തലത്തിൽ യോഗം ചേർന്ന് വ്യക്തമാക്കണം. ഈ സ്രോതസ്സുകളെ കഴിയുന്നത്ര പഞ്ചായത്തിന്റെ പദ്ധതിയുമായി സംയോജിപ്പിക്കുകയും വേണം.

## കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി (CSR)

ജനാധിപത്യ സമ്പ്രദായത്തേയും ജനകീയാസൂത്രണത്തേയും അട്ടിമറിക്കുന്ന വിധത്തിൽ ചില കോർപ്പറേറ്റ് സ്ഥാപനങ്ങൾ സാമൂഹ്യ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്ന രീതിക്ക് എതിരെ ജാഗ്രത പുലർത്തേണ്ടതാണ്.

## മറ്റ് നിർദ്ദേശങ്ങൾ

പ്രാദേശികതലത്തിൽ ലഭ്യമായ വിദഗ്ധന്മാരുടെ സേവനം ആസൂത്രണപ്രക്രിയയിൽ ഉൾചേർക്കുന്നതിന് നയപരമായതീരുമാനം ഉണ്ടാകണം. പ്രാദേശിക പ്രൊഫഷണലുകൾ, വി

ദഗ്ധ തൊഴിലാളികൾ, തിരിച്ചു വന്ന പ്രവാസികൾ എന്നീ വിഭവങ്ങളെ ഭാവനാ പൂർണ്ണമായി പദ്ധതിയിൽ ആസൂത്രണം ചെയ്ത് ഏകോപിപ്പിക്കണം.

അടിസ്ഥാന സൗകര്യ വികസനത്തിനായി വാണിജ്യ ബാങ്കുകളിൽ നിന്ന് കടമെടുത്ത് പ്രവർത്തനം നടത്തുന്നത്, അതിൽ നിന്നു തന്നെ വരുമാനമുണ്ടാക്കാൻ സാധിക്കും വിധമായിരിക്കണം. 'മുദ്ര' ബാങ്കുമായി ബന്ധിപ്പിക്കാവുന്നതാണ്.

## VII. രണ്ടാം ജനകീയാസൂത്രണ ക്യാമ്പയിൻ

### സംസ്ഥാനതലം

- സംസ്ഥാന ഉന്നതതല ഉപദേശക സമിതി, സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ് (State Level High Level Guidance Committee, State Level Resource Group)എന്നിവ വേണം.
- വളണ്ടറി ടെക്നിക്കൽ കോർ ബ്ലോക്ക്-ജില്ല-സംസ്ഥാനതലം വരെ വേണം. വിദഗ്ധരും പ്രൊഫഷണലുകളും ഇതിൽ വേണം.
- സംസ്ഥാന-ജില്ലാതലം വരെ RP വേണം.
- ബ്ലോക്ക്, മുനിസിപ്പൽതലം വരെ കോ-ഓർഡിനേറ്റർ വേണം. ജില്ലാതല കോ-ഓർഡിനേറ്റർ വേണം.
- അദ്ദേഹത്തിന്റെ പ്രധാന ചുമതല ജില്ലാ പ്ലാൻ തയ്യാറാക്കൽ ആകണം.

### 22. ക്യാമ്പയിൻ പേര്

- ജനകീയാസൂത്രണം രണ്ടാംഘട്ടം.
- പതിമൂന്നാം പദ്ധതി ജനകീയ പദ്ധതി എന്നു കൂടെ ചേർക്കാം.
- പ്രഖ്യാപനങ്ങൾ ജനകീയാസൂത്രണം രണ്ടാംഘട്ടം എന്ന നിലയിൽ വന്ന പശ്ചാത്തലത്തിൽ അതിനെ ഒരു രാഷ്ട്രീയ മുദ്രാവാക്യമാക്കി മാറ്റണം.

### 23. ജനപങ്കാളിത്തം

- ക്യാമ്പയിനിൽ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം കൊണ്ടുവരുന്നതിനുള്ള പ്രവർത്തനമുണ്ടാവണം.
- പുതിയ പഞ്ചായത്തിനെ കുറിച്ച് യുവതലമുറയിൽപ്പെട്ടവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ആരായുന്നതിനുള്ള അവസരം Collective dreaming process) ഉണ്ടാക്കണം.
- ആസൂത്രണ പ്രക്രിയയുടെ ഭാഗമായി കർഷകർ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, വിദ്യാലയ സമൂഹം, ആരോഗ്യ പ്രവർത്തകർ, വൃദ്ധർ തുടങ്ങി വിവിധ സ്റ്റേക്ക് ഹോൾഡർമാരുമായുള്ള ചർച്ചകൾ വേണം.
- പഞ്ചായത്തിൽ നിന്ന് പുറത്തുള്ളവർക്ക് അവരുടെ ആശയങ്ങൾ നൽകുന്നതിനുള്ള സൗകര്യം ഒരുക്കണം.
- അയൽസഭകൾ വ്യവസ്ഥാപിതമാക്കണം. വികസന സെമിനാർ വ്യവസ്ഥാപിതമാക്കണം.
- വിവരശേഖരണം, വികസന ആവശ്യങ്ങൾ കണ്ടെത്തൽ എന്നിവ അയൽസഭകൾ വഴി തുടങ്ങണം.
- അയൽസഭകൾ, ഗ്രാമസഭ, വികസന സെമിനാർ എന്നിവ നടത്തി പഞ്ചായത്തിനെ പൊതുവിൽ കണ്ട് തയ്യാറാക്കുന്ന പദ്ധതിരേഖ ഗ്രാമസഭകളിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങണം.
- ഓരോ പ്രദേശത്തും വിവിധ വികസന പ്രവർത്തനങ്ങൾ ചെയ്യുന്നതിൽ പങ്കാളികളാക്കുന്നതിനുള്ള അക്രഡിറ്റഡ് സ്ഥാപനങ്ങളെ കണ്ടെത്തണം.

### 24. വിവരശേഖരണം

- മൂന്ന് തലത്തിൽ വേണം.
- എല്ലാ വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ പഞ്ചായത്ത് തലത്തിൽ ലഭ്യമാക്കണം.
- 2011 സെൻസസ്, എസ്.ഇ.സി. ഡാറ്റ പഞ്ചായത്ത്തലം വരെ എടുക്കുക. വാർഡ്തലത്തിൽ എടുത്ത് geotag ചെയ്യുക.
- അയൽസഭാതല വിവരശേഖരണം ചെറിയ ഫോർമാറ്റ് നൽകി വാർഡ്/പഞ്ചായത്ത്തലത്തിൽ ക്രോഡീകരിക്കുക. ഓരോ അയൽസഭയിലും ഒരു ഐ.ടി. പരിശീലനം ലഭിച്ച ആൾ ഉണ്ടാവുക.
- വികസനരേഖ വിഷ്വൽ സാധ്യതകൾ ഉപയോഗിച്ച് പരമാവധി ആകർഷകമാക്കുക.

### 25. പരിശീലനങ്ങൾ

- ഓരോ വകുപ്പിനേയും അതത് മേഖലയുമായി ബന്ധപ്പെട്ട പരിശീലന മോഡ്യൂൾ ഉണ്ടാക്കൽ, പരിശീലകരെ പരിശീലിപ്പിക്കൽ, പരിശീലനം നൽകൽ എന്നിവയുടെ ചുമതല ഏൽപ്പിക്കണം.
- കില, ഐ.എം.ജി., എസ്.ഐ.ആർ.ഡി., ശുചിത്വ മിഷൻ, കുടുംബശ്രീ, മുതലായ പരിശീലനം നൽകുന്ന എല്ലാ സ്ഥാപനങ്ങളേയും ഒരുമിച്ചിരുത്തി അവരുടെ ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കി പരിശീലന പരിപാടി ഉണ്ടാക്കണം.
- ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, സന്നദ്ധ പ്രവർത്തകർ എന്നിവരെ ടീം ആക്കി പരിശീലനം നൽകണം.
- വ്യത്യസ്തമായ രീതിയിൽ ട്രെയിനിംഗ് മോഡ്യൂൾ ഉണ്ടാക്കാനുള്ള വിദഗ്ധരെ ഉൾക്കൊള്ളിച്ച് Consultative Workshop കൾ നടത്തണം.

### 26. ക്യാമ്പയിൻ ഊന്നൽ

- പ്രാദേശിക സാമ്പത്തിക വ്യവസ്ഥ ശക്തിപ്പെടുത്തൽ, മാലിന്യപരിപാലനം, ശുചിത്വം, പാർശ്വവൽകൃത വിഭാഗങ്ങളുടെ വികസനം എന്നിവയ്ക്കുള്ള ഊന്നൽ വ്യക്തമാക്കണം.
- മീഡിയ ക്യാമ്പയിൻ ശക്തമായി വേണം. ആനിമേഷൻചിത്രങ്ങൾ, ഷോർട്ട് ഫിലിമുകൾ, സ്ക്കൂൾ സ്റ്റിക്കേഴ്സ് ഒക്കെ ആകാം.
- പട്ടികജാതി, പട്ടികവർഗ്ഗം, മത്സ്യത്തൊഴിലാളി മേഖലകളിലെ ആസൂത്രണത്തിന് തൊട്ടടുത്ത ബ്ലോക്കുകളിൽ നിന്നുള്ള പ്രത്യേക റിസോഴ്സ് ഗ്രൂപ്പ് ഉൽപ്പെടെ പ്രത്യേക പരിപാടി വേണം. ആദിവാസി പഞ്ചായത്തുകളിൽ പ്രത്യേക പ്ലാൻ കോർഡിനേറ്റർ വേണം.
- പഞ്ചായത്തുകളുടെ വെബ് സൈറ്റുകളിൽ വിവരങ്ങൾ അപ്പപ്പോൾ അപ്‌ലോഡ് ചെയ്യണം. ഒരു പ്രത്യേക ഐ.ടി. സംഘം പഞ്ചായത്തിൽ വേണം.
- ക്യാമ്പയിന് ആവശ്യമായ വിവരശേഖരണ ഫോമുകൾ, അവയുടെ ക്രോഡീകരണം, റിപ്പോർട്ട് തയ്യാറാക്കാനുള്ള വിവര സാങ്കേതിക പിന്തുണ എന്നിവ ഐ.കെ.എം.

നൽകണം.

- പഞ്ചായത്ത് തല വർക്കിംഗ് ഗ്രൂപ്പിൽ പ്രൊഫഷണൽ ഗ്രൂപ്പും അഡ്വൈസറി ഗ്രൂപ്പും ഉണ്ടാകണം.

## VIII. പദ്ധതി രൂപീകരണ പ്രക്രിയ – നടപടിക്രമങ്ങൾ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 13-ാം പഞ്ചവത്സര പദ്ധതി ബഹുതല ആസൂത്രണമായിരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനത്തെ ഒരു യൂണിറ്റായി പരിഗണിച്ച് വിവിധ വികസന മേഖലകളിലെ പ്രശ്നങ്ങളുടെ സ്വഭാവം കണക്കിലെടുത്ത് മുൻഗണനകൾ നിശ്ചയിച്ചുള്ള സമഗ്ര പരിപാടികളാണ് തയ്യാറാക്കേണ്ടത്. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ, വിവിധ സർക്കാർ വകുപ്പുകൾ, മിഷനുകൾ, ഏജൻസികൾ എന്നിവ ചെയ്യുന്ന പ്രവർത്തനങ്ങളുമായി ഏകോപിപ്പിച്ചും സംയോജിപ്പിച്ചും തദ്ദേശഭരണസ്ഥാപനങ്ങളുടെ ദീർഘകാല വികസന കാഴ്ചപ്പാട് അടിസ്ഥാനമാക്കിയും പദ്ധതി രൂപീകരിക്കണം.

### ജില്ലാ പദ്ധതി

13-ാം പദ്ധതിയിൽ ജില്ലാതല ആസൂത്രണത്തിലും ജില്ലാ പദ്ധതി രൂപീകരണത്തിനും ഉയർന്ന പരിഗണന നൽകുന്നതാണ് ജില്ലാ ആസൂത്രണസമിതി ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും സർക്കാർ വകുപ്പുകളുടേയും ഇതര സംവിധാനങ്ങളുടേയും സഹകരണത്തോടെ തയ്യാരാക്കുന്നതാണ് ജില്ലാ പദ്ധതി. എല്ലാ വികസന മേഖലകളിലും പ്രദേശങ്ങളിലും സാധ്യതകൾക്കനുസൃതമായും സന്തുലിതമായും വികസനത്തിന് ഊന്നൽ നൽകുന്നതാണ്. വിവിധ തട്ടുകളിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സംയോജിതവും ഏകോപിതവുമായ നിലയിൽ വികസനപരിപാടികൾ ഏറ്റെടുക്കുന്നതിന് ജില്ലാ പദ്ധതിയും ബഹുതല ആസൂത്രണവും സഹായകരമാകും.

ജില്ലാ പദ്ധതി രൂപീകരണത്തിന് ചുവടെകൊടുത്ത നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

1. ഡി.പി.സി.യാണ് ജില്ലാപദ്ധതി തയ്യാറാക്കേണ്ടത്. ഡി.പി.സി. സെക്രട്ടറിയേറ്റ് അതിന് പൂർണ്ണമായും സജ്ജമാകണം. എല്ലാ വകുപ്പുകളുടേയും സജീവ പങ്കാളിത്തം ഉണ്ടാകണം. മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടർ ഇക്കാര്യത്തിൽ വ്യക്തിപരമായ മുൻകൈയെടുക്കണം.
2. ഡി.പി.സി. സെക്രട്ടറിയേറ്റിനെ സഹായിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ ടൗൺ പ്ലാനറുടെ ഓഫീസ്, ജില്ലാ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് എന്നീ സംവിധാനങ്ങളുടെ കൂട്ടായ ഇടപെടലും പ്രവർത്തനങ്ങളും ഉറപ്പ് വരുത്തണം,
3. ഡി.പി.സി, യോഗം ചേർന്ന് ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള കർമ്മപദ്ധതി കൃത്യപ്പെടുത്തുകയും ചുമതലകൾ നിർവ്വഹിച്ചു നൽകുകയും വേണം.
4. ഓരോ ഡി.പി.സി. മെമ്പർ ചെയർമാനും, ബന്ധപ്പെട്ട ജില്ലാ ഓഫീസർ കൺവീനറുമായി വിഷയാടിസ്ഥാനത്തിൽ സബ്കമ്മിറ്റികൾ ഡി.പി.സി. രൂപീകരിക്കണം. വിദഗ്ധർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ തുടങ്ങിയവർ ഉൾപ്പെടുന്നതാകണം വിഷയാടിസ്ഥാനത്തിലുള്ള സബ്കമ്മിറ്റികൾ.
5. അതത് വിഷയമേഖലയെ സംബന്ധിച്ചുള്ള വിശദമായ വികസന റിപ്പോർട്ട് ഓരോ സബ്കമ്മിറ്റിയും തയ്യാറാക്കണം. വികസന റിപ്പോർട്ടിൽ ആദ്യഭാഗം അവസ്ഥാവിശകലനമായിരിക്കണം. അതിൽ 1996–2016 കാലത്തെ സ്ഥിതി വിവരകണക്കുകളും മറ്റും പരമാവധി ഉൾപ്പെടുത്തണം. നിലവിൽ ലഭ്യമായ സ്ഥിതിവിവരകണക്കുകളിലെ വിടവുകൾ പരിഹരിക്കുന്നതിന് ജാഗ്രത പുലർത്തണം. രണ്ടാംഭാഗം വികസന നിർദ്ദേശങ്ങളും മൂന്നാം ഭാഗം മുൻഗണനാ മേഖലകളുമാകണം.
6. വിവിധ വിഷയ ഉപസമിതികളുടെ റിപ്പോർട്ടുകൾ സംയോജിപ്പിച്ച് ജില്ലാ പദ്ധതിയുടെ പരിപ്രേക്ഷ്യരേഖ തയ്യാറാക്കണം. ജില്ലാതല സാമ്പത്തിക അവലോകന റിപ്പോർട്ടും മാനവ വികസന റിപ്പോർട്ടും ഉൾപ്പെടുന്നതാകണം ജില്ലാപദ്ധതിയുടെ പരിപ്രേക്ഷ്യരേഖ. ഡി.പി.സി. നിയോഗിക്കുന്ന വിദഗ്ധരുടെ സഹായത്തോടെ ഡി.പി.സി. സെക്രട്ടേറിയേറ്റാണ് ഈ ചുമതല നിർവ്വഹിക്കേണ്ടത്.
7. ജില്ലാപദ്ധതി പരിപ്രേക്ഷ്യരേഖ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അവതരിപ്പിച്ച് ചർച്ചക്ക് വിധേയമാക്കണം. അവ കൂടി ഉൾചേർത്താണ് ജില്ലാ പദ്ധതി അന്തിമമാക്കി പ്രസിദ്ധീകരിക്കേണ്ടത്. അന്തിമമാക്കിയ ജില്ലാ പദ്ധതി, ഡി.പി.സി. ചെയർമാന്റെ നേതൃത്വത്തിൽ സമൂഹത്തിന് സമർപ്പിക്കണം.
8. ജില്ലാ പദ്ധതിയെ അടിസ്ഥാനപ്പെടുത്തിയാകണം. ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 13-ാം പഞ്ചവത്സര പദ്ധതിയിലേക്കുള്ള ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയും വികസനപരിപാടിയും വികസനപരിപ്രേക്ഷ്യവും രൂപീകരിക്കേണ്ടത്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന രേഖ

13-ാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിന് മുന്നോടിയായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും വികസനരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കണം. ഭരണസമിതിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടേയും സന്നദ്ധപ്രവർത്തകരുടേയും വിദഗ്ധരുടേയും സഹായത്തോടെയായിരിക്കണം ഇത് തയ്യാറാക്കേണ്ടത്.

തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ ഓരോ വികസന മേഖലയുടേയും അവസ്ഥാ വിശകലനവും വികസന കാഴ്ചപ്പാടും വിശദമാക്കുന്നതാകണം വികസനരേഖ. 20 വർഷത്തെ വികേന്ദ്രീകൃതാസൂത്രണാനുഭവം സമഗ്രമായി വിശകലനം ചെയ്യുന്ന ഭാഗമുണ്ടാകണം. തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രാദേശിക ചരിത്രവും പരമാവധി വിവരങ്ങൾ ഉൾക്കൊള്ളിച്ച് ചേർക്കണം. വികസനരേഖയുടെ കരട് തയ്യാറാക്കി, വിവിധ വിഭാഗങ്ങളുടെ ചർച്ച്ക്ക് വിധേയമാക്കിയ ശേഷമാകണം അന്തിമ വികസനനേഖ പ്രസിദ്ധീകരിക്കേണ്ടത്.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 13-ാം പഞ്ചവത്സര പദ്ധതിരേഖ.

2017-22 പഞ്ചവത്സര പദ്ധതി ക്കാലത്ത് വിവിധ വികസനമേഖലകളിൽ നടപ്പാക്കേണ്ട വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് 13-ാം പഞ്ചവത്സരപദ്ധതിരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കണം.

വികസനരേഖ, ജില്ലാ പദ്ധതി, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ, വിവിധ വിഭാഗം ആളുകളുമായി നടത്തുന്ന കൂടിയാലോചനകളിൽ ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തി വിവിധ വികസന മേഖലകളിൽ നടപ്പാക്കേണ്ടുന്ന വികസന പ്രവർത്തനങ്ങൾ പട്ടികപ്പെടുത്തണം. വികസന കാഴ്ചപ്പാട്, വികസനതന്ത്രം എന്നിവയെ ആധാരമാക്കി മുഴുവൻ വികസന പരിപാടികളും ഓരോ വർഷം തിരിച്ച് മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തണം.

### തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതിരേഖ

വികസനരേഖ, 13-ാം പഞ്ചവത്സര പദ്ധതിരേഖ എന്നിവയെ അടിസ്ഥാനമാക്കി നിർദ്ദിഷ്ട പദ്ധതി കാലയളവിലെ പ്രഥമ വർഷമായ 2017-18 വർഷത്തേക്കുള്ള വാർഷിക പദ്ധതിരേഖ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തയ്യാറാക്കണം. സർക്കാർ നിർദ്ദേശിക്കുന്ന ആസൂത്രണ നടപടിക്ക് വിധേയമായി വാർഷികപദ്ധതി തയ്യാറാക്കണം. തത്‌വർഷം നടപ്പാക്കുന്ന എല്ലാ പ്രവർത്തനങ്ങളുടേയും വിശദമായ പ്രോജക്ടുകൾ അടങ്ങുന്നതാകണം 2017-18 വാർഷിക പദ്ധതിരേഖ.

## പ്രവർത്തന കലണ്ടർ

| ക്രമ നമ്പർ | പ്രവർത്തനം | സമയം | നടപടി |
|---|---|---|---|
| 1. | 13-ാം പദ്ധതി രൂപീകരണത്തെക്കുറിച്ചും ജില്ലാ പദ്ധതിയെക്കുറിച്ചും ഓറിയന്റേഷനുള്ള സർക്കുലർ - എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ വകുപ്പുകൾ/ഏജൻസികൾ, ജില്ലാ ഭരണകൂടം എന്നിവർക്കും | സെപ്തംബർ ആദ്യം 2016 | ചീഫ് സെക്രട്ടറി |
| 2. | വകുപ്പ്തലവന്മാരും ജില്ലാ കലക്ടർമാരും താഴെതലം വരെ നിർദ്ദേശം നൽകൽ | സെപ്തംബർ ആദ്യം 2016 | വകുപ്പ് സെക്രട്ടറിമാർ, ജില്ലാ കലക്ടർമാർ |
| 3. | ഡി.പ.സി. യോഗം - ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനുള്ള കർമ്മപദ്ധതി - സബ്കമ്മിറ്റി രൂപീകരണം | സെപ്തംബർ അവസാനം 2016 | ഡി.പി.സി. ചെയർമാൻ/ മെമ്പർ സെക്രട്ടറി/ ഡി.പി.സി. സെക്രട്ടറിയേറ്റ് |
| 4. | സബ്കമ്മിറ്റികളുടെ ആദ്യയോഗം ചേരൽ - പ്രവർത്തനം ആരംഭിക്കൽ | സെപ്തംബർ അവസാനം 2016 | സബ്കമ്മിറ്റി ചെയർമാൻ/കൺവീനർ |
| 5. | സബ്കമ്മിറ്റികൾ വികസന റിപ്പോർട്ട് തയ്യാറാക്കലും ഡി.പി.സിക്ക് സമർപ്പിക്കലും | ഒക്ടോബർ അവസാനം 2016 | സബ്കമ്മിറ്റി ചെയർമാൻ/കൺവീനർ |
| 6. | സബ്കമ്മിറ്റി റിപ്പോർട്ടുകളുടെ ക്രോഡീകരണം, ജില്ലാ പരിപ്രേക്ഷ്യരേഖ തയ്യാറാക്കൽ | ഒക്ടോബർ അവസാനം 2016 | ഡി.പി.സി. സെക്രട്ടറിയേറ്റ് |
| 7. | ജില്ലാപദ്ധതി പരിപ്രേക്ഷ്യരേഖ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ചർച്ച, നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കൽ | നവംബർആദ്യം 2016 | ഡി.പി.സി. സെക്രട്ടറിയേറ്റ് |
| 8. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനരേഖ തയ്യാറാക്കുന്നതിന് പ്രവർത്തനം നടത്തൽ | ഒക്ടോബർ2016 | അതത് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതി |
| 9. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസനരേഖക്ക് വിവിധതലത്തിൽ ചർച്ച ചെയ്യൽ (ജില്ലാ പദ്ധതി പരിപ്രേക്ഷ്യത്തോടൊപ്പവും ആകാം. | നവംബർആദ്യം 2016 | അതത് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതി |
| 10. | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ 13-ാം പഞ്ചവത്സരപദ്ധതി തയ്യാറാക്കൽ, വർക്കിംഗ് ഗ്രൂപ്പ് രൂപീകരണവും അവയുടെ പ്രവർത്തനങ്ങളും | ഒക്ടോബർ 2016 | അതത് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതി |
| 12. | തദ്ദേശസ്വയംഭരണ സ്ഥാപനതല വികസന സെമിനാറുകൾ/ സ്റ്റേക്ഹോൾ ഡേഴ്സ് ചർച്ചകൾ | ഡിസംബർ ആദ്യ പകുതി 2016 | അതത് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതി |
| 13. | വികസനരേഖയും പഞ്ചവത്സരപദ്ധതിരേഖയും അന്തിമമാക്കൽ/2017-18 വാർഷിക പദ്ധതി തയ്യാറാക്കൽ (കരട്) | ജനുവരി 2017 | അതത് തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതി |
| 14. | പഞ്ചവത്സരപദ്ധതി അംഗീകരിക്കൽ/ ജില്ലാ പദ്ധതി അന്തിമമാക്കൽ | ഫെബ്രുവരി 2017 | ഡി.പി.സി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |
| 15. | 2017-18 വാർഷിക പദ്ധതി അംഗീകരിക്കൽ | മാർച്ച് 2017 | ഡി.പി.സി., തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ |

# വക്കം ഗ്രാമ പഞ്ചായത്തിൽ ഇ–പേയ്മെന്റ് സംവിധാനം

**തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക വെബ്സൈറ്റ് മുഖേന വസ്തു നികുതി ഒടുക്കുവരുത്തുന്നതിനായുള്ള ഇ–പേയ്മെന്റ് സംവിധാനം നടപ്പിലാക്കിയ തിരുവനന്തപുരം ജില്ലയിലെ ആദ്യ പഞ്ചായത്ത് എന്ന ബഹുമതി വക്കം ഗ്രാമ പഞ്ചായത്തിന്**



*വക്കം ഗ്രാമ പഞ്ചായത്തിൽ ഇ–പേയ്മെന്റ് സംവിധാനം വഴി നികുതി അടച്ച നികുതിദായകന് ഫിഷറീസ് വകുപ്പ് മന്ത്രി ജെ.മേഴ്സികുട്ടി അമ്മ രസീതും ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റും നൽകുന്നു.*

സൂചിക സോഫ്റ്റ് വെയർ സംവിധാനം 2014 ൽ നടപ്പിലാക്കുകയും, പഞ്ചായത്ത് സമുച്ചയത്തിലെ ഘടക സ്ഥാപനങ്ങൾ ഉൾപ്പെടെ WiFi സംവിധാനത്തിലൂടെ കാര്യക്ഷമമായി തുടർന്നു വരുന്ന ഗ്രാമ പഞ്ചായത്തിൽ ഇ–പേയ്മെന്റ് സംവിധാനവും, കമ്മറ്റി നടപടി ക്രമങ്ങൾ ഓൺലൈൻ ആയി നടപ്പിലാക്കുന്ന സകർമ്മ, കെട്ടിട നിർമ്മാണ പെർമിറ്റ് എന്നിവയുമായി ബന്ധപ്പെട്ട അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്ന സങ്കേതം എന്നീ സോഫ്റ്റ് വെയറുകളും നടപ്പിലാക്കുന്നതിന്റെ ഉദ്ഘാടനവും, ഒ.ഡി.എഫ്. പഞ്ചായത്തായുള്ള പ്രഖ്യാപനവും, അഡ്വ.ബി. സത്യൻ എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ പഞ്ചായത്ത് അങ്കണത്തിൽ കൂടിയ പൊതു സമ്മേളനത്തിൽ വച്ചു ബഹു.ഫിഷറീസ് വകുപ്പ് മന്ത്രി ജെ.മേഴ്സികുട്ടി അമ്മ നിർവ്വഹിച്ചു.

ഗ്രാമ പഞ്ചായത്തിന്റെ 2016 ലെ പൗരാവകാശ രേഖയുടെ പ്രകാശനം മന്ത്രി ജെ.മേഴ്സികുട്ടി അമ്മ ആദ്യ പ്രതി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എസ്. ഗോപകുമാറിന് നൽകികൊണ്ട് നിർവ്വഹിച്ചു.

*(പഞ്ചായത്ത് ന്യൂസ് സർവീസ്)*



*വക്കം ഗ്രാമ പഞ്ചായത്തിന്റെ 2016 ലെ പൗരാവകാശ രേഖയുടെ പ്രകാശനം മന്ത്രി ജെ.മേഴ്സികുട്ടി അമ്മ തിരുവനന്തപുരം പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ എസ്. ഗോപകുമാറിന് നൽകി നിർവ്വഹിക്കുന്നു.*



# കേരളപ്പിറവിയുടെ
## നവകേരളസൃഷ്ടിക്ക് തുടക്കം





കേരളപിറവിയുടെ അറുപതാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന ആഘോഷ പരിപാടികൾക്ക് തുടക്കമായി. നിയമസഭാങ്കണത്തിൽ പ്രൗഡമായ സദസ്സിനെ സാക്ഷി നിർത്തി മുഖ്യമന്ത്രി പിണറായി വിജയൻ ആഘോഷ പരിപാടികൾ ഉൽഘാടനം ചെയ്തു. നൃത്തവും സംഗീതവും വിരുന്നൊരുക്കിയ വേദിയിൽ കുരുത്തോല സ്തംഭത്തിൽ 60 മൺചിരാതുകൾ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ പി.ശ്രീരാമകൃഷ്ണൻ , പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല തുടങ്ങി സമൂഹത്തിലെ സമസ്ത മേഖലയിൽ നിന്നുള്ള 60 പ്രമുഖർ തെളിച്ചു. രാഷ്ട്രീയ നേതാക്കൾക്കൊപ്പം എഴുത്തുകാരും, സാംസ്കാരിക പ്രവർത്തകരും, ശാസ്ത്രജ്ഞരും കായിക താരങ്ങളും അണിനിരന്നു. വേദി പോലെ സദസ്സും പ്രമുഖരുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായിരുന്നു. പ്രമോദ് പയ്യന്നൂരിന്റെ നേതൃത്വത്തിൽ നടന്ന ദൃശ്യശ്രവ്യ പരിപാടിയായ കേരളീയം ആകർഷകമായിരുന്നു. ദേവരാജൻ മാസ്റ്റർ ഫൗണ്ടേഷന്റെ അറുപ



# വജ്രജൂബിലി ആഘോഷങ്ങൾ

തോളം ഗായകരും ഡോ ഓമനക്കുട്ടിയുടെ സംഗീത ഭാരതി ഗായക സംഘവും സംഗീത വിരുന്നൊരുക്കി.

ആറുപതിറ്റാണ്ടിലെ അനുഭവങ്ങളിൽ നിന്ന് പാഠമുൾകൊള്ളാനും, വികസനത്തിന്റെ പാതയിൽ തടസ്സങ്ങളില്ലാതെ മുന്നേറാനും ഉൽഘാടന ചടങ്ങിൽ മുഖ്യമന്ത്രി ആഹ്വാനം ചെയ്തു. ഇന്ന് നാം കാണുന്ന ഐക്യ കേരളം രൂപപ്പെടുത്തിയതിനു പിന്നിൽ പോരാട്ടങ്ങളുടെയും ത്യാഗങ്ങളുടെയും കഥകളുണ്ട് എന്ന കാര്യം അദ്ദേഹം ഓർമ്മിപ്പിച്ചു. റവന്യൂ മന്ത്രി ഇ. ചന്ദ്രശേഖരൻ, എം.എൽ.എമാരായ പി.കെ കുഞ്ഞാലിക്കുട്ടി, കെ.എം.മാണി, ഒ. രാജഗോപാൽ,ഫിലിപ്പോസ് മാർ ക്രിസോസ്റ്റോം തിരുമേനി, സുഗതകുമാരി, പി.ടി.ഉഷ എന്നിവരും സംസാരിച്ചു. മന്ത്രി കടകംപള്ളി സുരേന്ദ്രൻ സ്വാഗതവും ഡെപ്യൂട്ടി സ്പീക്കർ പി.ശശി നന്ദിയും പറഞ്ഞു. ഉൽഘാടന ചടങ്ങിന് മുൻപ് നിയമസഭ പ്രത്യേക സമ്മേളനം ചേർന്നു. സ്പീക്കർ ശ്രീരാമകൃഷ്ണൻ, മുഖ്യമന്ത്രി പിണറായി വിജയൻ, പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല,മുൻ മുഖ്യമന്ത്രിമാരായ വി.എസ് അച്യുതാനന്ദൻ, ഉമ്മൻ ചാണ്ടി, മന്ത്രിമാരായ ഇ.ചന്ദ്രശേഖരൻ,രാമചന്ദ്രൻ കടന്നപ്പള്ളി,എ.കെ. ശശിന്ദ്രൻ,പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി,സികെ നാണു,അനൂപ് ജേക്കബ്,കെ എം മാണി,കെ.ബി. ഗണേഷ്കുമാർ,ഒരാജഗോപാൽ,എൻ വിജയൻ പിള്ള എന്നിവർ സംസാരിച്ചു.

*(പഞ്ചായത്ത് ന്യൂസ് സർവീസ്)*





മുരളീധരൻ തഴക്കര

# നമുക്ക് ഗ്രാമചന്ത

**ഇടത്തട്ടുകാരനില്ലാതെ, വമ്പൻ പരസ്യങ്ങളില്ലാതെ, കയറ്റുമതിക്കും ഇറക്കുമതിക്കും ചുങ്കം നൽകി നടുവൊടിക്കാതെ വിളയിച്ചെടുക്കുന്നവനും വാങ്ങി ഉപയോഗിക്കുന്നവനും തമ്മിൽ നേർ വ്യാപാരം നടത്തിയിരുന്ന നാട്ടു ചന്തകൾ യഥാർത്ഥത്തിൽ ഗ്രാമീൺ ഓപ്പൺ സൂപ്പർ മാർക്കറ്റുകളായിരുന്നു.**

ഇത് സൂപ്പർമാർക്കറ്റുകളുടേയും അത്യാധുനിക മാളുകളുടേയും കാലമാണ്. ഉൾനാടൻ ഗ്രാമങ്ങളിലെ പലചരക്ക് കടകൾക്കും സ്റ്റേഷനറി കടകൾക്കും പോലും ഇന്നിതാ മിനി സൂപ്പർ മാർക്കറ്റുകളുടെ ധാടിയും മോടിയും കൈ വന്നിരിക്കുന്നു. ഇവിടെയും വിൽക്കുന്നത് ബഹുരാഷ്ട്രകമ്പനികളുടെ ഉൽപ്പന്നങ്ങളാണേറെയും. എന്തിനേറെ നാട്ടിൻപുറത്തെ പച്ചക്കറിക്കടയിലും പഴക്കടയിലും സ്ഥിതി വ്യത്യസ്തമല്ല. നെറ്റിൽ പൊതിഞ്ഞ ആപ്പിളും സ്റ്റിക്കറൊട്ടിച്ച കടുംമഞ്ഞ ഓറഞ്ചും ദുരിയാനും റമ്പൂട്ടാനും മാഗോസ്റ്റിനും പാക്കറ്റിൽ നിറച്ച കുരുവില്ലാത്ത നല്ല തുടുത്ത മുന്തിരങ്ങയും അൽഫേൺസ മാങ്ങയും ഒക്കെ ആകർഷകമായി അടുക്കി വെച്ചിരിക്കുന്ന പഴക്കടയും ഇപ്പോഴിതാ ഒരു ന്യൂ ജനറേഷൻ ഫോമിലാണ്. മലക്കറിക്കടയുടെ കാര്യം ഇതിലും കേമം. ഇവയിൽ ഒന്നു പോലും ഈ പ്രദേശത്തോ സമീപ പ്രദേശങ്ങളിലോ ഉണ്ടായവയല്ല- എല്ലാം വ്യാവസായികോത്പന്നങ്ങൾ പോലെ എവിടെ നിന്നെല്ലാമോ വന്നു ചേർന്നവയാണ്.

ഇതെല്ലാം എവിടെ ആരാണ് ഉൽപാദിപ്പിച്ചത്. എന്തെല്ലാം വളങ്ങളും കീടനാശിനികളും ചേർത്തിട്ടുണ്ട്? സൂക്ഷിപ്പുകാല ദൈർഘ്യം കൂട്ടാൻ എന്തെങ്കിലും രാസപ്രയോഗം നടത്തിയിട്ടുണ്ടോ? ചോദിക്കുന്ന വില നൽകി വാങ്ങി യഥേഷ്ടം ഉപയോഗിക്കുന്ന നാം ഇതൊന്നും അന്വേഷിക്കാറില്ല. അന്വേഷിച്ചിട്ട് ഒട്ടും ഫലവുമില്ല. അന്യനാടുക



# യിലേക്ക് മടങ്ങാം

ളിൽ നിന്നെത്തുന്ന പഴങ്ങളിലെയും പച്ചക്കറികളിലെയും കീടനാശിനികളുടെ ആധിക്യത്തെക്കുറിച്ച് വല്ലാതെ ആശങ്കപ്പെടാം അതിർത്തിയിൽ തടയും, പരിശോധിക്കും തിരിച്ചയക്കും എന്നൊക്കെപ്പറയുകയും ചെയ്യാം- അത്രയേ കഴിയൂ. അതു പോലെ തന്നെ ആഗോളീകരണം നമ്മുടെ ഗേറ്റു കടന്നു വന്ന് അടുക്കളയിലെ ഉറിയും ഉറിയിലുണ്ടായിരുന്ന മൺകലവും പാതാമ്പുറത്ത് വെച്ചിരുന്ന ഉപ്പും ഉപ്പുതവിയും കൊള്ളയടിച്ചു കൊണ്ടു പോയി എന്ന് നാം ഉപന്യസിക്കുകയും പ്രസംഗിക്കുകയും ചെയ്യുന്നു. പക്ഷേ എന്താണിതിനൊരു പരിഹാരം? അതിജീവനമാർഗ്ഗം.

ഇതാ ഇവിടെയാണ് നമ്മുടെ പഴയ ഗ്രാമചന്തകൾ തിരിച്ചു വരേണ്ടതിന്റെ പ്രാധാന്യമേറുന്നത്. ഇടത്തട്ടുകാരനില്ലാതെ, വമ്പൻ പരസ്യങ്ങളില്ലാതെ, കയറ്റുമതിക്കും ഇറക്കുമതിക്കും ചുങ്കം നൽകി നടുവൊടിക്കാതെ വിളയിച്ചെടുക്കുന്നവനും വാങ്ങി ഉപയോഗിക്കുന്നവനും തമ്മിൽ നേർ വ്യാപാരം നടത്തിയിരുന്ന നാട്ടു ചന്തകൾ യഥാർത്ഥത്തിൽ ഗ്രാമീൺ ഓപ്പൺ സൂപ്പർമാർക്കറ്റുകളായിരുന്നു. വലിയ കെട്ടിട സമുച്ചയങ്ങളും ശീതീകരണ സംവിധാനങ്ങളും അടച്ചു പൂട്ടും സെക്യൂരിറ്റിയും ആവശ്യമില്ലാത്ത തുറന്ന വിപണിയിൽ പ്രഭാതചന്തകളും, അന്തിചന്തകളും, മാസചന്തകളുമുണ്ടായിരുന്നു. ഉപ്പുതൊട്ട് കർപ്പൂരം വരെ എന്തും ചന്തയിൽ കിട്ടുമായിരുന്നു. ഇവിടെ കച്ചവടക്കാരനും ഉപഭോക്താവും എന്നതിലുപരി പരസ്പരം അറിയുന്നവരും നാളെയും കാണേണ്ടവരുമാണെന്ന ബോധം ചന്തയിലെ കച്ചവടത്തിന് ഒരു മനുഷ്യമുഖം നൽകുന്നു. ഇനി എപ്പോഴാ കാണുക? എന്ന ചോദ്യത്തിന് വൈകിട്ട് ചന്തയിൽ കാണാം എന്നു പറഞ്ഞാണ് സുഹൃത്തുക്കൾ പിരിയുന്നത്. ചുരുക്കത്തിൽ പരസ്പരം കണ്ടുമുട്ടുന്നതിനും സൗഹൃദം പങ്കിടുന്നതിനുമുള്ള ഒരു ഇടം കൂടിയായിരുന്നു ഗ്രാമചന്തകൾ.

മീനും മുട്ടയും തൈരും കാന്താരിമുളകും ചക്കയും ചക്കക്കുരുവും വിത്തുവകകളും നാളികേരവും വെറ്റയും പാക്കും ചുണ്ണാമ്പും കുട്ടയും വട്ടിയും മുറവും തഴപ്പായും മണ്ണെണ്ണ വിളക്കും ചട്ടിയും കലവും തുടങ്ങി നിത്യജീവിതത്തിന് വേണ്ടതെല്ലാം ലഭിക്കുന്ന നന്മയുടെ വിപണിയായിരുന്നു ഇത്.

ചന്തയുടെ ഏതെങ്കിലും ഒരു കോണിൽ പാട്ടുപുസ്തകങ്ങളുടെ



**ചന്തയുടെ ഏതെങ്കിലും ഒരു കോണിൽ പാട്ടുപുസ്തകങ്ങളുടെ വിൽപനയും നടക്കും. ചപ്ലാക്കട്ടയടിച്ച് പാട്ടു പുസ്തകത്തിലെ പാട്ടിന്റെ വരികൾ ഉച്ചത്തിൽ പാടുന്ന പുസ്തകവിൽപനക്കാരൻ ശബ്ദമുഖരിതമായ ചന്തയുടെ അന്തരീക്ഷത്തെ ഇടയ്ക്കിടെ സംഗീത സാന്ദ്രമാക്കുന്നു**

വിൽപനയും നടക്കും. ചപ്ലാക്കട്ടയടിച്ച് പാട്ടു പുസ്തകത്തിലെ പാട്ടിന്റെ വരികൾ ഉച്ചത്തിൽപാടുന്ന പുസ്തകവിൽപനക്കാരൻ ശബ്ദമുഖരിതമായ ചന്തയുടെ അന്തരീക്ഷത്തെ ഇടയ്ക്കിടെ സംഗീത സാന്ദ്രമാക്കുന്നു. ചന്തയിൽ തന്നെ വ്യത്യസ്തഭാഗങ്ങൾ ഓരോരോ കച്ചവടങ്ങൾക്കായി വിഭജിച്ചും നൽകും. മുകൾവശം ചേർത്തുകെട്ടിയ മൂന്നു കുന്തക്കാലിൽ നടുവിൽ തൂക്കിയിട്ടിരിക്കുന്ന ത്രാസ്സിന്റെ തട്ടിയിൽ കട്ടികൾകൊണ്ട് മുട്ടി ശബ്ദമുണ്ടാക്കുന്ന മരച്ചീനി വിൽക്കുന്നയാളിന് നാട്ടുഭാഷയിൽ 'ചീനിക്കാരൻ മുതലാളി' എന്നാണ് വിളിപ്പേര്. ചന്തയുടെ മറ്റൊരു ഒഴിഞ്ഞ കോണിലാണ് മീൻകച്ചവടത്തിന്റെ ആരവമരങ്ങേറുക. മീനിന്റെ വിശേഷണവിശേഷങ്ങൾ ഉച്ചത്തിൽ പറയുന്നതിനിടയിൽ അന്യോന്യമുള്ള തർക്കവിതർക്കങ്ങളും തെറിവിളികളുമൊക്കെ മേമ്പൊടിയായി കേൾക്കാൻ കഴിയും. 'മീൻചന്തയിലെ ഭാഷ പറയാതെ' എന്നത് മലയാളത്തിലെ ഒരു പ്രയോഗമായി മാറിയതും അതുകൊണ്ട് തന്നെയാകാം.

പഞ്ചായത്തുകളുടെയും മുൻസിപാലിറ്റികളുടെയും ഒരു വരുമാനസ്രോതസ്സു കൂടിയായിരുന്നു ഗ്രാമചന്തകൾ. വർഷാവർഷം 'ചന്തപ്പിരിവിന്' ലേലം ചെയ്യും. ചന്തയിൽ സാധനങ്ങൾ വിൽപനയ്ക്കായി കൊണ്ടു വരുന്നവർ സാധനങ്ങളുടെ അളവനുസരിച്ച് ഒരു നിശ്ചിതതുക ഇരിപ്പുകൂലിയായി നൽകണം. ഇതിന്റെ നിരക്ക് പഞ്ചായത്തു തന്നെയാണ് നിശ്ചയിക്കുന്നത്. കൈയിൽ ഒരു ചെറിയ ഹാൻഡ്ബാഗുമായി 'ചന്ത കൺട്രാക്ടർ' ഓരോരുത്തരുടെയും അടുത്തെത്തി ചന്തപ്പിരിവ് വാങ്ങും ഒന്നും രണ്ടും ചന്തകളുള്ള പഞ്ചായത്തുകൾക്ക് ഇതൊരു പ്രധാന വരുമാനമാർഗ്ഗമായിരുന്നു. വിവിധ വകുപ്പുകളിൽ നിന്നുള്ള പദ്ധതികൾ വഴി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു ഫണ്ട് ലഭ്യമായതോടെ ചന്തലേലവും അതിൽ നിന്നുള്ള വരുമാനവും വേണ്ടത്ര ശ്രദ്ധിക്കാതെയായി. ചന്തകളുടെ പരിപാലനവും പ്രവർത്തനവും മന്ദീഭവിച്ചു.

വൈകുന്നേരങ്ങളിൽ മുപ്പറക്കുട്ടയിൽ നിറയെ ഏതെങ്കിലും കാർഷികോത്പന്നങ്ങളുമായി മാങ്കാംങ്കുഴി ചന്തയിൽ അപ്പൂപ്പനോടൊപ്പം പോയിരുന്ന ബാല്യകാലം മനസ്സിൽ നിന്നു മായാത്ത ഒരു കാർഷികസമൃതിയാണ്. ചന്തയുടെ ഓരം ചേർന്നുള്ള സദാനന്ദന്റെ റോയൽ കോഫി വർക്സിൽ നിന്നുള്ള കാപ്പിപ്പൊടി വറുത്ത് പൊടിക്കുമ്പോഴുള്ള അതീവ ഹൃദ്യമായ ഒരു മണമുണ്ട്– ഏറെ സജീവമായിരുന്ന ആ പഴയ ഗ്രാമചന്തയുടെ ഓർമ്മമണമായി ഇന്നും അത് ബാക്കി നിൽക്കുന്നു.

ഗ്രാമചന്തകളുടെ പ്രൗഢിയും പ്രതാപവും നഷ്ടമായെങ്കിലും നാമമാത്രമായി ഇന്നും പല പ്രദേശങ്ങളിലും അവ നിലനിൽക്കുന്നു എന്നതു തന്നെ അത്ഭുതമാണ്. ചന്തകൾക്കു വേണ്ടത്ര പരിഷ്കാരം പോരാഞ്ഞ് സൂപ്പർമാർക്കറ്റുകളിലേക്ക് പോയവരിൽ പലരും വീണ്ടും ഗ്രാമചന്തയിലേക്ക് മടങ്ങിവരുന്നു എന്നത് ശുഭോദർക്കമാണ് ശനിയാഴ്ചയോ ഞായറാഴ്ചയോ എന്റെ ഗ്രാമത്തിലെ പ്രഭാതചന്തയായ കല്ലുമലയിൽ പോയി മീനും ഉണക്കകപ്പയും നെയ്യ്കുമ്പളങ്ങയും കറികത്തിയും ഒക്കെ വാങ്ങുന്ന ചന്തയുടെ ഗുണഭോക്താവാണ് ഈ കുറിപ്പെഴുതുന്ന ഞാനും . ഇപ്പോൾ ഈ ഗ്രാമചന്തയിൽ വല്ലാത്ത തിരക്കാണ്– പ്രത്യേകിച്ച് അവധി ദിവസങ്ങളിൽ നിന്നു തിരിയാൻ ഇടമില്ല– ഇത് തിരിച്ചറിവിന്റെ സാക്ഷ്യമാണ്.

പ്രിയപ്പെട്ട വായനക്കാരേ, പ്രവർത്തനം നിലനിൽക്കുകയും നിർജ്ജീവമാക്കുകയും ചെയ്ത ഗ്രാമചന്തകളെ പുനരുജ്ജീവിപ്പിക്കുകയും സജീവമാക്കുകയുമാണ് വേണ്ടത്. ആഗോളീകരണത്തിനെതിരെയും ബഹുരാഷ്ട്ര കമ്പനികളുടെ ഉൽപ്പന്നങ്ങൾക്കെതിരെയും സമരവും ചങ്ങലയും തീർക്കുമ്പോൾ ഇങ്ങനെയുള്ള പ്രായോഗിക ബദലുകളെക്കുറച്ചുകൂടി നമുക്ക് ചിന്തിക്കാം. കഠിനാദ്ധ്വാനത്തിലൂടെ കാർഷികോത്പന്നങ്ങൾ വിളയിച്ചെടുത്ത് നമ്മുടെ വിശപ്പാറ്റുന്ന കൃഷിക്കാരൻ വിപണിയിൽ തോൽക്കാതിരിക്കാൻ, ചുറ്റുവട്ടത്തുതന്നെയുണ്ടാക്കുന്ന വിഷം തീണ്ടാത്ത ഉത്പന്നങ്ങൾ വാങ്ങാൻ, പരസ്യങ്ങളുടെ മായിക പ്രഭയിൽ വീണുപോകാതിരിക്കാൻ, ഇടനിലക്കാരന്റെ ചൂഷണം ഒഴിവാക്കാൻ പാരസ്പര്യത്തിന്റേതായ ഈ സൗഹൃദവാണിഭത്തെ–ഗ്രാമചന്തകളെ– നമുക്ക് പ്രോത്സാഹിപ്പിക്കാം. ഓരോ കൃഷിഭവന്റെയും പരിധിയിൽ ഒരു 'ആഴ്ചച്ചന്ത' എന്ന ആശയം യാഥാർത്ഥ്യമാക്കാൻ കഴിയില്ലേ? കഴിഞ്ഞിരുന്നെങ്കിൽ എന്നാശിച്ചു പോകുന്നു.

*ലേഖകൻ തിരുവനന്തപുരം ആകാശവാണിയിൽ പ്രോഗ്രാം എക്സിക്യൂട്ടീവാണ്*

# കിലയ്ക്ക് യൂണിസെഫ് പുരസ്കാരം

ശിശുസൗഹൃദ പ്രാദേശികസർക്കാരുകൾ രൂപപ്പെടുത്തുന്നതിനു ബംഗ്ലാദേശിനു കില നൽകിവരുന്ന സേവനങ്ങൾ പരിഗണിച്ച് ബംഗ്ലാദേശ് സർക്കാരും യൂണിസെഫും ചേർന്ന് ഏർപ്പെടുത്തിയ പുരസ്കാരംകിലഡയറക്ടർ ഡോ.പി.പി.ബാലൻ ബംഗ്ലാദേശ് കാബിനറ്റ് സെക്രട്ടറി മുഹമ്മദ് ഷാഫിയുൾ ആലത്തിൽനിന്ന് ഏറ്റുവാങ്ങി. തലസ്ഥാനമായ ധാക്കയിൽ നടന്ന ചടങ്ങിൽ പ്രാദേശിക-സഹകരണവകുപ്പു സെക്രട്ടറി അബ്ദുൾമാലിക്ക് അദ്ധ്യക്ഷത വഹിച്ചു. യൂണിസെഫ് കൺട്രി ചീഫ് എഡ്വേർഡ്ബേഗനർ, പ്രോജക്ട് ഡയറക്ടർ അൻവർ ഹുസൈൻ, തുടങ്ങിയവർ സംസാരിച്ചു. പ്രാദേശിക സർക്കാരുകളായ യൂണിയൻ പരിഷത്ത്, ഉപജില്ല-ജില്ലാപരിഷത്തകൾ, മുനിസിപ്പൽ സ്ഥാപനങ്ങളായ പൗരസഭകൾ, കോർപ്പറേഷനുകൾ എന്നിവയുടെ തലവന്മാർ സംബന്ധിച്ചു. ഇതുവരെയായി 300 ൽ പരം ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ പരിശീലനം നൽകി.

ബംഗ്ലാദേശിൽ ശിശുസൗഹൃദ പഞ്ചായത്തുകൾ രൂപപ്പെടുത്തുന്നതിനു കില നൽകിവരുന്ന സേവനങ്ങളെ മാനിച്ച് ബംഗ്ലാദേശ് സർക്കാരും അവിടത്തെ യൂണിസെഫ് ഘടകവും സംയുക്തമായി പുരസ്കാരം നൽകിയ കിലയ്ക്കു അനുമോദനം. കിലയിലെ ചൈൽഡ്റിസോഴ്സ്സെന്റർ സംഘടിപ്പിച്ച അനുമോദന യോഗത്തിൽ യൂണിസെഫ് ചെന്നൈ യൂണിറ്റിലെഡോ. ആർ.അഖില അദ്ധ്യക്ഷത വഹിച്ചു. ബാലാവകാശനിയമം നടപ്പാക്കുന്ന കാര്യത്തിൽ കേരളമാണ് മുന്നിൽ നിൽക്കുന്നതെന്ന് യോഗം ഉദ്ഘാടനം ചെയ്ത ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഷീലാവിജയകുമാർ പറഞ്ഞു. തൃശ്ശൂരിനെ ജില്ലാസൗഹൃദ




*ശിശുസൗഹൃദ പ്രാദേശികസർക്കാരുകൾരൂപപ്പെടുത്തുന്നതിനു ബംഗ്ലാദേശിനു കില നൽകിവരുന്ന സേവനങ്ങൾ പരിഗണിച്ച് ബംഗ്ലാദേശ് ഗവർമ്മെണ്ടും യൂണിസെഫുംചേർന്ന് ഏർപ്പെടുത്തിയ പുരസ്കാരംകിലഡയറക്ടർഡോ.പി.പി.ബാലൻ ബംഗ്ലാദേശ്കാബിനറ്റ സെക്രട്ടറി മുഹമ്മദ് ഷാഫിയുൾ ആലത്തിൽ നിന്ന്ഏറ്റുവാങ്ങുന്നു*

പഞ്ചായത്താക്കുന്നതിന്റെ ഭാഗമായുള്ളവിവരശേഖരണം നടന്നുവരികയാണ്. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ ഗുരുതരമാണ്. സർവേ പൂർത്തിയായാൽ മാത്രമേ അതിന്റെ വ്യാപ്തി മനസ്സിലാക്കാൻ കഴിയൂ. 86 ഗ്രാമപഞ്ചായത്തുകളിൽ 60 പഞ്ചായത്തുകൾ സർവേ പൂർത്തിയാക്കി. ശേഷിക്കുന്ന പഞ്ചായത്തുകൾ അടുത്ത മാസംഅതു പൂർത്തിയാക്കും. 74 അങ്കണവാടികളുടെ നിർമ്മാണവും ജില്ലയിൽ ഉടനെ പൂർത്തിയാക്കുമെന്നു ജില്ലാ പ്രസിഡന്റ് പറഞ്ഞു.

ആരോഗ്യസർവകലാശാല വൈസ് ചാൻസലർ ഡോ.എം.കെ.സി.നായർ മുഖ്യാതിഥിയായിരുന്നു. അതിരാവിലെ 5 മണിക്കുട്യൂഷ്യനും തുടർന്ന് ക്ലാസ്സുകളിലേക്കും പോകുന്ന കുട്ടികൾക്കു രാവിലത്തെ പ്രഭാതകർമ്മങ്ങൾ നിർവഹിക്കാൻ എവിടെയാണ് സമയമെന്നു വൈസ് ചാൻസലർ ചോദിച്ചു. കുട്ടികളുടെ കഴിവുകേടെന്തെന്ന് രക്ഷിതാക്കൾ നേരത്തെ മനസ്സിലാക്കാൻ ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു.

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ലൈജുസി, മുളംകുന്നത്തുകാവ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ബിന്ദുബെന്നി, ഉത്തർ പ്രദേശിലെ അഡീഷണൽ പഞ്ചായത്ത് ഡയറക്ടർ രാജേന്ദ്രസിംഗ്, പഞ്ചായത്ത് വകുപ്പിന്റെ കൺസൽട്ടന്റ് സുനിതസിംഗ് എന്നിവർ ആശംസകളർപ്പിച്ചു. ഡോ.പീറ്റർ എം.രാജ്സ്വാഗതവും ഡോ.സണ്ണിജോർജ് നന്ദിയും പറഞ്ഞു. . അനുമോദനങ്ങൾക്കും ആശംസകൾക്കും കില ഡയറക്ടർ ഡോ.പി.പി.ബാലൻ മറുപടി പറഞ്ഞു.

*(പഞ്ചായത്ത് ന്യൂസ് സർവീസ്)*

# വാർത്തകളും വിശേഷങ്ങളും

## സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി (LIFE) നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു

അടുത്ത അഞ്ചു വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭവനരഹിതർക്കും വീട് ലഭ്യമാക്കുന്നതിനും ഭൂരഹിത-ഭവനരഹിതർക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സാമൂഹിക പ്രക്രിയകളിൽ ഭാഗഭാക്കാകാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം കേന്ദ്രീകരിക്കാനും ഉതകുന്ന സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(LIFE) നടപ്പിലാക്കുന്നതിനായി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി. (സ.ഉ.(കൈ)നം.160/16/തസ്വഭവ. തീയതി.08.11.2016)

## മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ജലസുഭിക്ഷ – സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി മാർഗ്ഗരേഖ പുറപ്പെടുവിച്ചു

സംസ്ഥാനത്തെ ജലസ്രോതസ്സുകൾ ജലസമൃദ്ധമാക്കി സംരക്ഷിച്ച് ജല സുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സർക്കാർ ഒരു സമ്പൂർണ്ണ കിണർ റീചാർജ്ജ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നു. സംസ്ഥാനത്തെ കിണറുകൾ കൂടുതൽ ജലസമ്പന്നമാക്കുക.എല്ലാ കിണറുകളും വിവിധ ഘട്ടങ്ങളിലായി സുസ്ഥിര ജലസമൃദ്ധ-ജലശുചിത്വ കിണറുകളാക്കി മാറ്റുക, സംസ്ഥാനത്തെ ഭൂജല സമ്പത്ത് വർദ്ധിപ്പിക്കുക തുടങ്ങിയവയാണ് പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. അതിന്റെ ഭാഗമായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി കിണർ റീചാർജ്ജിങ് നടപ്പിലാക്കുന്നതിനുള്ള പ്രവർത്തന മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു. (സ.ഉ(കൈ)നം.161/16/തസ്വഭവ. തീയതി – 09.11.2016)

## വസ്തുനികുതി കുടിശ്ശിഖ ഒറ്റത്തവണയായി അടക്കുന്നവരുടെ പിഴപലിശ ഒഴിവാക്കി നൽകുന്ന നടപടി 31.12.2016 വരെ ദീർഘിപ്പിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ കാരണങ്ങളാൽ വസ്തു നികുതി കുടിശ്ശിഖ വരുത്തിയവർക്ക് 1994ലെ മുൻസിപ്പൽ ആക്ട് സെക്ഷൻ 538(2), കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 209(ഇ) എന്നിവയിലെ വ്യവസ്ഥകൾ ഇളവ് ചെയ്ത് വസ്തുനികുതി കുടിശ്ശിഖ ഒറ്റത്തവണയായി അടക്കുന്നപക്ഷം പിഴപ്പലിശ ഒഴിവാക്കി നൽകുന്ന നടപടി 31.12.2016 വരെ ദീർഘിപ്പിച്ച് ഉത്തരവായി, (സ.ഉ(സാധാ)നം.3039/2016/ത.സ്വ.ഭ.വ. തീയതി 07.11.2016).

## ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾക്കുള്ള നിർദ്ദേശങ്ങൾ നൽകി.

കേരളത്തിലെ ഭൂരഹിത ഭവനരഹിത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വെ സമയബന്ധിതമായി കുറ്റമറ്റ രീതിയിൽ സംഘടിപ്പിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിച്ചു (സർക്കാർ ഉത്തരവ് (സാധാ)നം 2929/2016 തസ്വഭവ തീയ്യതി 21/10/2016).

## ബിപിഎൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ ചുമതലപ്പെടുത്തി


നിലവിലെ ബിപിഎൽ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത എന്നാൽ ഉൾപ്പെടാൻ അർഹതയുള്ള കുടുംബത്തിലെ അംഗങ്ങൾക്ക് ബിപിഎൽ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ബ്ലോക്ക് സെക്രട്ടറിയോടൊപ്പം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെ കൂടി ചുമതലപ്പെടുത്തി ഉത്തരവായി (സർക്കാർ ഉത്തരവ് (സാധാ)നം 2867/16 തസ്വഭവ തീയ്യതി 13/10/2016).

## അന്താരാഷ്ട്ര വ്യാപാര മേളയിൽ പങ്കെടുക്കുന്നതിന് ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും തുക നൽകുന്നതിന് അനുമതി.

ന്യൂഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര വ്യാപാരമേളയിൽ പഞ്ചായത്ത് വകുപ്പിന് പങ്കെടുക്കാൻ ഗ്രാമപഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും ആയിരം രൂപ പഞ്ചായത്ത് ഡയറക്ടർക്ക് ലഭ്യമാക്കുന്നതിന് അനുമതി നൽകി ഉത്തരവായി. (സർക്കാർ ഉത്തരവ് (സാധാ)2920/16 തസ്വഭവ തീയ്യതി 21/10/2016).

**തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണ രൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.**

Edited and Published by P. Bala Kiran IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Orange Printers Pvt. Ltd., Thiruvananthapuram





# പഞ്ചായത്ത്‌രാജ്

## പരസ്യ നിരക്ക്

| | തുക രൂപയിൽ |
|---|---|
| കവർ (അവസാനപുറം) കളർ | 12000/ |
| കവർ (ഉൾവശം) കളർ | 10000/ |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | 8000/ |
| മറ്റു പേജുകൾ (കളർ) | 8000/ |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | 6000/ |
| അര പേജ് (കളർ) | 5000/ |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | 3000/ |

**PANCHAYATRAJ** (Monthly) **November 2016**
Annual Subscription ₹120/-, Published on 20th **November 2016**
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/**2015-17**
Licensed to Post without Prepayment No. KL/TV(N) WPP-85/**2015-17**




Printed & Published by P. Bala Kiran IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: P. Bala Kiran IAS